32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com


May 03, 2024 | Vol. XXXII No. 18 | Periodicals Postage Paid







ഫൊക്കാന വിമൻസ് ഫോറം സമാഹരിച്ച ചാരിറ്റി ഫണ്ട് കോട്ടയത്ത് പ്രവർത്തിക്കുന്ന ജ്യോതിസ് സ്പെഷ്യൽ സ്കൂളിന്റെ മുൻ പ്രിൻസിപ്പലും ട്രസ്റ്റിബോർഡ് അംഗവുമായ ലൈബി ഡോണി ഫൊക്കാന വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജിൽ നിന്നും സ്വീകരിക്കുന്നു. മറ്റ് ഭാരവാഹികൾ സമീപം. (വാർത്ത 18–ാം പേജിൽ) ഫോട്ടോ: മോനു വർഗീസ്


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


നിങ്ങൾ ഇന്നും പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നുവോ ?
Do you still believe in bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു മറുപടി നൽകുന്ന പുസ്തകം. ഇംഗ്ലീഷ് ആമസോണിൽ ലഭ്യമാണ്. മലയാളം ഞങ്ങളിൽ നിന്നും ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author, conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ബിജെപി ബന്ധം സമ്മതിച്ച് ഇ.പി. ജയരാജൻ

8 വിദ്വേഷ പ്രസംഗത്തിനെതിരെ ലോകമാധ്യമങ്ങൾ

10 പ്രിയങ്കയ്ക്കെതിരെ വരുൺഗാന്ധി മത്സരിക്കില്ല

12 ആശങ്കയുമായി മുന്നണികൾ

19 മയാമി കെ.സി.സി.എൻ.എ കൺവൻഷൻ കിക്കോഫ്

## SIMON KOTTOOR RECOGNIZED BY GOVERNOR KATIE HOBBS FOR HIS EXTENSIVE COMMUNITY SERVICE IN ARIZONA

Arizona: Simon Kottoor (Soman Kottoor) is a smart, successful businessman with many years of community involvement in the main-



Governor Katie Hobbs and Simon Kottoor

stream North American society. Simon has 37 locations of Group homes in Arizona for under privileged children and employs 220 people and takes care of 370 children at any given time. He started Sunshine Residential Homes 30 years ago and is now one of the leading organization of its kind in Arizona. Sunshine is the largest and best provider of child service in the State of Arizona. Simon is the God father and leader in the child welfare system DCS. He is the adviser to Katie Hobbs, the Governor of Arizona. Simon had a long relationship with governor Katie Hobbs for the last 25 years. Ms Hobbs is also a social worker by profession and worked together with Simon. Simon and Elsa, his wife, always knows that God has given them lots of blessings so that they could spread the care and love to the underprivileged children in America. Simon and Sunshine Homes has helped more than 150000 children and helped them to be successful in their own life in the past 30 years. Simon is also a good friends with John Mccaine and past governors Jannet Nepoletono and Jan Brewer. Recently when Vice president Kamala Harris visited AZ, she sends a rare and privileged invitation to Simon to discuss some key issues that are important for the state of Arizona. Simon and (Elsa) Elizabeth are involves in many charity works both here and in India.

## അഞ്ച് ബില്ലുകളിൽ ഗവർണർ ഒപ്പിട്ടു

തിരുവനന്തപുരം: പരിഗണനയിൽ ഉണ്ടായിരുന്ന അഞ്ചു ബില്ലുകളിൽ ഒപ്പിട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഭൂപതിവ് നിയമഭേദഗതി ബിൽ, നെൽവയൽ നീർത്തട നിയമ ഭേദഗതി ബിൽ, ക്ഷീര സഹകരണ ബിൽ, സഹകരണ നിയമഭേദഗതി ബിൽ, അബ്കാരി നിയമ ഭേദഗതി ബിൽ എന്നീ ബില്ലുകളിലാണ് ഗവർണർ ഒപ്പുവെച്ചിരിക്കുന്നത്.

ബില്ലുകൾ പരിഗണിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി ഗവർണർക്കെതിരെ സിപിഎം സംസ്ഥാനത്ത് സമരപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതോടെ ഗവർണറുടെ പരിഗണനയിലുണ്ടായിരുന്ന മുഴുവൻ ബില്ലുകൾക്കും അനുമതിയായിരിക്കുകയാണ്. ഭൂപതിവ് നിയമ ഭേദഗതി ബില്ലിനെതിരെ ഗവർണർക്ക് ലഭിച്ച പരാതികൾ നാല് മാസം മുൻപ് സർക്കാരിലേക്ക് അയച്ചുകൊടുത്തിരുന്നു. (ശേഷം 24-ാം പേജിൽ)

# കേരളത്തിൽ 71.90 ശതമാനം പോളിംഗ്

തിരുവനന്തപുരം: കനത്ത ചൂടിൽ നടന്ന രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിലെ കേരളത്തിന്റെ വിധിയെഴുത്ത് 71.90 ശതമാനത്തിലേക്ക് ചുരുങ്ങി. വോട്ടിങ്ങിലുണ്ടായ താമസത്തെത്തുടർന്ന് പലയിടത്തും മണിക്കൂറുകൾ കാത്തുനിന്നാണ് പലർക്കും വോട്ടു ചെയ്യാനായത്. തെരഞ്ഞെടുപ്പ് നടപടിക്രമം വൈകിയത് ഉദ്യോഗസ്ഥതല അനാസ്ഥയാണെന്നും ഇക്കാര്യത്തിൽ അന്വേഷണം വേണമെന്നുമുള്ള ആവശ്യവുമായി പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തിയതോടെ പുതിയ വിവാദത്തിനും വഴിയൊരുങ്ങി.

സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലായി 71.90 ശതമാനം പേരാണ് വോട്ട് രേഖപ്പെടുത്തിയത്. അന്തിമമായ കണക്ക് പുറത്തുവരുന്നതോടെ ശതമാനത്തിൽ നേരിയ വ്യത്യാസമുണ്ടാകും. അര ലക്ഷത്തിലേറെ സൈനികരുടെ സർവീസ് ബാലറ്റ് തപാൽ മാർഗം സ്വീകരിക്കാൻ വോട്ടെണ്ണൽ ദിനമായ ജൂൺ നാല് രാവിലെ വരെ സമയമുള്ളതിനാൽ പോളിങ് ശതമാനം അൽപം കൂടി ഉയരും. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് പോളിങ് ശതമാനത്തിൽ വലിയ കുറവാണ് ഇത്തവണ രേഖപ്പെടുത്തിയത്. 2019-ൽ 77.67 ശതമാനമായിരുന്നു രേഖപ്പെടുത്തിയത്.

വടകര മണ്ഡലത്തിലാണ് ഉയർന്ന പോളിംഗ്-78.08 ശതമാനം. തൊട്ടുപിന്നാലെ കണ്ണൂർ-76.92 ശതമാനം. കുറവ് പത്തനംതിട്ടയിൽ-63.37. ജൂൺ



നാലിനാണ് വോട്ടെണ്ണൽ. വൈകുന്നേരം ആറു വരെയായിരുന്നു വോട്ടെടുപ്പെങ്കിലും പലയിടത്തും വോട്ടർമാരുടെ നീണ്ടനിര ഉണ്ടായിരുന്നതിനാൽ ടോക്കൺ നല്കി വോട്ട് ചെയ്യാൻ അവസരം നല്കുകയായിരുന്നു. രാത്രി വൈകിയാണ് പലയിടത്തും വോട്ടെടുപ്പ് നടപടികൾ പൂർത്തിയായത്. ഉദ്യോഗസ്ഥതല അനാസ്ഥയ്ക്കൊപ്പം വോട്ടിംഗ് മെഷീന്റെ താമസവും ബീപ് ശബ്ദം കേൾക്കാൻ വൈകിയതും വോട്ടിംഗ് വൈകാൻ ഇടയാക്കി. ക്യൂ മടുത്ത് ചിലയിടങ്ങളിൽ വോട്ടർമാർ വോട്ട് ചെയ്യാതെ മടങ്ങിയതായും ആരോപണമുണ്ട്.

വോട്ടെടുപ്പിൽ കാര്യമായി അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ, ഒറ്റപ്പെട്ട സംഘർഷാവസ്ഥ പലയിടത്തും ഉണ്ടായി. കള്ളവോട്ടും ഇരട്ടവോട്ടും രേഖപ്പെടുത്താൻ ശ്രമിച്ച നിരവധി സംഭവങ്ങളുണ്ടായി.

(ശേഷം 24-ാം പേജിൽ)

## പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗം: വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടാൻ നിർദേശം

തിരുവനന്തപുരം: പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങളിൽ ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. തൃശൂർ, കൊല്ലം ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ഏപ്രിൽ 29 മുതൽ മേയ് മൂന്ന് വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, തൃശൂർ ജില്ലകളിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും ഉയരുമെന്നാണ് മുന്നറിയിപ്പ്. പാലക്കാട് ജില്ലയിലെ സ്കൂളുകൾ അടച്ചിടാൻ കളക്ടർക്ക് കേരള ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകി.

അതിനിടെ, കേരളത്തിലെ അസാധാരണ ചൂടിൽ സൂര്യാഘാത മരണവുമുണ്ടായി. പാലക്കാട്ടും മാഹിയിലും കഴിഞ്ഞ രണ്ടു ദിവസത്തിനിടെ രണ്ടു പേർ മരിച്ചത് സൂര്യാഘാതം മൂലമാണെന്നു പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായി. ഇടുക്കിയിൽ കഴിഞ്ഞ 10-നുണ്ടായ മരണവും സൂര്യാഘാതം മൂലമാണെന്നു കണ്ടെത്തിയിരുന്നു.

ദക്ഷിണേന്ത്യയിൽ അടുത്ത അഞ്ച് ദിവസത്തേക്കു കൂടി ഉഷ്ണതരംഗ സാഹചര്യം തുടരുമെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പു മുന്നറിയിപ്പു നൽകി. പാലക്കാട്, കൊല്ലം, തൃശൂർ ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പുണ്ട്. ഏപ്രിൽ 28-നും കേരളത്തിൽ കൂടുതൽ ചൂടു രേഖപ്പെടുത്തിയതു പാലക്കാട്ടാണ് (41.6 ഡിഗ്രി സെൽഷ്യസ്). ഉയർന്ന ചൂട് ഈ ആഴ്ച കൂടി തുടർന്നേക്കുമെന്നു കാലാവസ്ഥാ വിദഗ്ധർ പറയുന്നു. (ശേഷം 24-ാം പേജിൽ)



# ബിജെപി ബന്ധം സമ്മതിച്ച് ഇ.പി. ജയരാജൻ

കണ്ണൂർ: ബിജെപി ദേശീയ നേതാവ് പ്രകാശ് ജാവഡേക്കറുമായി കൂടിക്കാഴ്ച നടത്തിയെന്നു ലോക്സഭാ തെരഞ്ഞെടുപ്പു ദിവസം തുറന്നുസമ്മതിച്ച സിപിഎം കേന്ദ്ര കമ്മിറ്റി അംഗം ഇ.പി. ജയരാജന്റെ നടപടി രാഷ്ട്രീയ സ്ഫോടനങ്ങൾക്കു തിരിതെളിച്ചു.

എൽഡിഎഫ് കൺവീനർ കൂടിയായ ജയരാജനെ പരസ്യമായി കുറ്റപ്പെടുത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ആളെപ്പറ്റിക്കാൻ ശ്രമിക്കുന്നവരുമായുള്ള കൂട്ടുകെട്ട് ഇ.പി. ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

പ്രതിപക്ഷ നേതാവായിരിക്കെ നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പു ദിവസം രാവിലെ വി.എസ്. അച്യുതാനന്ദൻ കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ ഭാര്യ രമയെ സന്ദർശിച്ചപ്പോഴുണ്ടായതിനു സമാനമായ രാഷ്ട്രീയ ചർച്ചയ്ക്ക് ഇ.പിയുടെ വെളിപ്പെടുത്തൽ കാരണമായി.

പിണറായി പറഞ്ഞത് കൃത്യമായ മുന്നറിയിപ്പാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദവും ശരിവെച്ചതോടെ ഇ.പിയുടെ പോക്കിൽ നേതൃത്വത്തിനുള്ള അതൃപ്തി പരസ്യമായി.

ബിജെപിയിൽ ചേരാൻ നേതാക്കളുമായി ഇ.പി ചർച്ച നടത്തിയെന്ന ആരോപണം സാങ്കേതികമായി പിണറായിയും എം.വി. ഗോവിന്ദനും തള്ളിയെ



ങ്കിലും തെരഞ്ഞെടുപ്പ് സമയത്ത് പോലും ഇ.പി കാണിക്കുന്ന ജാഗ്രതക്കുറവിനെ നേതൃത്വം ഗൗരവത്തിലെടുത്തതിന്റെ തെളിവാണ് പരസ്യപ്രതികരണം.

പാർട്ടിയിൽ തന്നെക്കാൾ ജൂനിയറായ എം.വി. ഗോവിന്ദൻ സിപിഎം സംസ്ഥാന സെക്രട്ടറിയായ ശേഷം ഇ.പി. ജയരാജൻ പലതവണ നേതൃത്വവുമായി പിണങ്ങിയിരുന്നു.

എങ്കിലും നേതാക്കളാരും പരസ്യമായി അഭിപ്രായം പറഞ്ഞിരുന്നില്ല. ഇ.പി വിവിധ ഘട്ടങ്ങളിൽ വിവാദങ്ങളിൽപ്പെട്ടപ്പോഴും പ്രതികരിച്ചിരുന്നില്ല. എന്നാൽ, തെരഞ്ഞെടുപ്പ് ദിവസമാണെന്നതു കണക്കിലെടുക്കാതെയാണ് മുഖ്യമന്ത്രിയും ഗോവിന്ദനും പ്രതികരിച്ചത്.

എല്ലാം ഇപിയുടെ ഭാഗത്തു നിന്നുള്ള വിനയാണെന്ന തരത്തിൽ പിണറായിയും ഗോവിന്ദനും പ്രതികരിച്ചതോടെ എൽഡിഎഫ് കൺവീനറെന്ന നിലയിൽ ജയരാജന് തുടരാനാകുമോയെന്ന ചോദ്യവും ഉയരുന്നു.

# പട്ടയഭൂമി ക്രമപ്പെടുത്താൻ സർക്കാരിന് അധികാരം

രാജകുമാരി: ഭൂപതിവ് നിയമ ഭേദഗതി ബില്ലിൽ ഗവർണർ ഒപ്പിട്ടതോടെ പട്ടയഭൂമി മറ്റ് ആവശ്യങ്ങൾക്കു ക്രമപ്പെടുത്താൻ സർക്കാരിന് അധികാരം ലഭിച്ചു. 1964-ലെ ഭൂപതിവ് നിയമപ്രകാരം കൃഷിക്കും വീട് നിർമാണത്തിനുമായി അനുവദിച്ച ഭൂമിയിൽ മറ്റു നിർമാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകാൻ ഇനിമുതൽ സർക്കാരിനാകും. എന്നാൽ ഏതൊക്കെ നിർമാണ പ്രവർത്തനങ്ങൾക്ക് ഇളവ് ലഭിക്കുമെന്നത് അറിയാൻ ചട്ട രൂപീകരണം വരെ കാത്തിരിക്കണം. 1964-ലെ ഭൂപതിവ് നിയമത്തിന്റെ ഭേദഗതിയിൽ സർക്കാരിനു ലഭിച്ച അധികാരങ്ങൾ ഇവയാണ്.

പട്ടയഭൂമി മറ്റ് ആവശ്യങ്ങൾക്കു വിനിയോഗിച്ചാൽ അവ ക്രമവൽക്കരിക്കാം, ഭൂമി പുതുതായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകാം, ഇതിനുള്ള നടപടിക്രമങ്ങൾ നിർണയിച്ച് ചട്ടങ്ങൾ രൂപീകരിക്കാം. പട്ടയഭൂമിയിൽ കാർഷികേതര നിർമാണങ്ങൾ ശരിവെക്കാനും പുതിയ നിർമാണങ്ങൾക്ക് അനുമതി നൽകാനും ഭേദഗതിയിലൂടെ സർക്കാരിനു കഴിയും. 1500 ചതുരശ്രയടി വരെയുള്ള നിർമാണങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതു ആവശ്യങ്ങൾക്കുള്ള നിർമാണങ്ങൾ ക്രമപ്പെടുത്തുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഉയർന്ന ഫീസ് ഈടാക്കി നിർമാണങ്ങൾ ക്രമവൽക്കരിച്ചു നൽകി അഴിമതിക്കുള്ള നീക്കമാണ് സർക്കാരിന്റേതെന്നാണ് കർഷക സംഘടനകളുടെ ആരോപണം.

# പ്രണയക്കെണിയുടെ പേരിൽ വർഗീയവിഷം ചീറ്റാൻ അനുവദിക്കരുത്: മാർ പാംപ്ലാനി

ചെമ്പേരി: ക്രൈസ്തവ യുവതികളുടെ പേരുപറഞ്ഞ് വർഗീയത പരത്താൻ ആരും ശ്രമിക്കേണ്ടെന്ന് തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി. പ്രണയക്കെണിയുടെ പേരുപറഞ്ഞു വർഗീയവിഷം ചീറ്റാൻ അനുവദിക്കരുതെന്നും ബിഷപ് പറഞ്ഞു. തലശ്ശേരി അതിരൂപത കെസിവൈഎം, എസ്എംവൈഎം നസ്രാണി യുവജനസംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരള സ്റ്റോറി പ്രദർശനവുമായി ബന്ധപ്പെട്ട വിവാദങ്ങളുടെ പശ്ചാത്തലത്തിൽ യുവതികളെ അഭിസംബോധന ചെയ്തായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

'നമ്മുടെ യുവജനങ്ങൾ വിവേകികളും കരുത്തുള്ളവരുമാണ്. അവരുടെ രക്ഷകൻ ക്രിസ്തുവാണ്. പറഞ്ഞുപറഞ്ഞ് നമ്മുടെ പെൺകുട്ടികൾക്ക് സ്വന്തമായി വിവേചനവും വിവേകവും ഇല്ല. കന്നുകാലികൾ ചക്കമടല് കണ്ടാൽ കൂട്ടിൽക്കയറുന്നതുപോലെ പിള്ളേരെല്ലാം പ്രണയക്കുരുക്കിൽ പെട്ടുപോയെന്ന ഭീകരമായ കഥകൾ ആരൊക്കെയോ പറഞ്ഞുണ്ടാക്കുന്നുണ്ട്. അതുകേട്ട്, പെൺകുട്ടികളുടെ അഭിമാനത്തിന് വിലപറയുന്ന സാഹചര്യമാണ് നാട്ടിലുണ്ടാകുന്നത്. അവരെ സംരക്ഷിക്കാൻ സമുദായത്തിന് അറിയാം.

നമ്മുടെ പെൺകുട്ടികളുടെ അഭിമാനത്തിനു വിലപറയാൻ ഇനി ഒരാളെയും അനുവദിക്കില്ല. അതിരൂപതയിൽനിന്ന് ഒരു കുഞ്ഞുപോലും ഇപ്രകാരമുള്ള കെണികളിൽ വീഴാൻ പാടില്ല. ഇപ്രകാരമുള്ള കെണികളുടെ പേരിൽ ഇവിടെ വർഗീയതയുടെ വിഷം ചീറ്റാനും നമ്മുടെ സ്വയം പ്രഖ്യാപിത സംരക്ഷിതരാകാനും ഒരു സംഘടനയെയും അനുവദിക്കുകയുമില്ല' - മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

# തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങി സുനിത കെജ്‌രിവാൾ

ന്യൂഡൽഹി: ജയിലിൽ കിടന്നാലും ഡൽഹിയിലെ ജനങ്ങൾ കെജ്‌രിവാളിനൊപ്പമെന്ന് പറഞ്ഞ് ഭാര്യ സുനിത കെജ്‌രിവാൾ രണ്ടാം ദിനവും പ്രചാരണത്തിൽ സജീവം. വെസ്റ്റ് ഡൽഹിയിലെ ആം ആദ്മി സ്ഥാനാർത്ഥി മഹാബൽ മിശ്രയെ പിന്തുണച്ച് നടന്ന റോഡ് ഷോയിൽ സുനിതയ്ക്കൊപ്പം വൻ ജനക്കൂട്ടം പങ്കെടുത്തു. പൊതുവെ മിതഭാഷിണിയായ സുനിതയ്ക്ക് വൻ ജനപിന്തുണയാണ് ലഭിച്ചത്.



വെസ്റ്റ് ഡൽഹിയിലെ ആം ആദ്മി സ്ഥാനാർത്ഥി മഹാബൽ മിശ്രയുടെ തെരഞ്ഞെടുപ്പു റാലിയിൽ പങ്കെടുക്കുന്ന സുനിത കെജ്‌രിവാൾ

വാഹനത്തിന്റെ സൺ റൂഫിൽ നിന്നുകൊണ്ട് സുനിത കെജ്‌രിവാൾ വെസ്റ്റ് ഡൽഹിയിലെ തിലക് നഗർ ഭാഗത്തുള്ള വോട്ടർമാരെയും പ്രവർത്തകരെയും അഭിവാദ്യം ചെയ്തു. കെജ്‌രിവാളിനെതിരെ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ പ്രതിഷേധം അർഹിക്കുന്നതാണെന്നും അതു വോട്ടിലൂടെ ജനങ്ങൾ സർക്കാരിനെ അറിയിക്കുമെന്നും സുനിത പ്രചാരണത്തിനിടെ പറഞ്ഞു. 22 വർഷമായി കെജ്‌രിവാളിനു പ്രമേഹമുണ്ട്. എന്നാൽ ഇൻസുലിൻ എടുക്കാൻപോലും അധികൃതർ അനുവദിക്കുന്നില്ല. അദ്ദേഹത്തെ ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും സുനിത പറഞ്ഞു. മദ്യനയക്കേസിൽ അറസ്റ്റിലായ കെജ്‌രിവാളിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ഭാര്യ എഎപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകുമെന്ന് പാർട്ടി നേരത്തെ അറിയിച്ചിരുന്നു. രണ്ടാമത്തെ റോഡ് ഷോയാണ് ഏപ്രിൽ 28-ന് നടന്നത്. ഈയിടെ ഈസ്റ്റ് ഡൽഹിയിലെ സ്ഥാനാർത്ഥിക്കുവേണ്ടി നടന്ന പ്രചാരണത്തിലും സുനിതയ്ക്കൊപ്പം വൻ ജനക്കൂട്ടം പങ്കെടുത്തിരുന്നു. സ്വേച്ഛാധിപത്യത്തിനെതിരെ വോട്ട് എന്നഭ്യർഥിച്ചാണ് സുനിത വോട്ടർമാരെ അഭിവാദ്യം ചെയ്തത്.

# ജനങ്ങളോടാണ് സംസാരിക്കുന്നതെന്നു മോദി മറക്കരുത്: പ്രിയങ്ക

ഗാന്ധിനഗർ: ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ജാഗ്രത പാലിക്കണമെന്നു കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി വാധ്ര. ഗുജറാത്തിലെ വൽസാദിലെ ധരംപുർ ഗ്രാമത്തിൽ കോൺഗ്രസ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. 'ഞാൻ നിരവധി പ്രധാനമന്ത്രിമാരെ കണ്ടിട്ടുണ്ട്. എന്റെ കുടുംബത്തിൽ നിന്നു മാത്രമല്ല. ഇന്ദിരാഗാന്ധി രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ചു. രാജീവ് ഗാന്ധിയും പ്രധാനമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ ജീവത്യാഗവും രാജ്യത്തിനു വേണ്ടിയായിരുന്നു. മൻമോഹൻ സിങ് ഈ രാജ്യത്ത് ഒരു വിപ്ലവം കൊണ്ടുവന്നു. അടൽ ബിഹാരി വാജ്പേയി ഉണ്ടായിരുന്നു. അദ്ദേഹം പരിഷ്കൃതനായിരുന്നു. ഇതുപോലെ നുണ പറയുന്ന രാജ്യത്തെ ആദ്യത്തെ പ്രധാനമന്ത്രിയായിരിക്കും നരേന്ദ്ര മോദിയെന്ന് എനിക്ക് ഉറച്ച വിശ്വാസത്തോടെ പറയാൻ കഴിയും. കോൺഗ്രസ് എക്സ്റേ മെഷീനുമായി പ്രവേശിക്കുമെന്നും നിങ്ങളുടെ കൈവശമുള്ളത് കാണുമെന്നും നിങ്ങളുടെ ആഭരണങ്ങളും മംഗല്യസൂത്രങ്ങളും തട്ടിയെടുത്ത് മറ്റാർക്കെങ്കിലും നല്കുമെന്നും അദ്ദേഹം ജനങ്ങൾക്കു മുന്നറിയിപ്പ് നല്കുന്നു. പ്രധാനമന്ത്രിയാണ് ഇതു പറയുന്നത്. ഇതു സത്യമാകാൻ സാധ്യതയുണ്ടോ? നമ്മുടെ ന്യായ് (നീതി) പ്രകടനപത്രികയിൽ അദ്ദേഹത്തിന്റെ പ്രശ്നം എന്താണ്? അദ്ദേഹത്തിന്റെ ആത്മവിശ്വാസം തകർന്നോ? അവർ ആരാഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago
3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917
Volume XXXII
Number 18
May 03, 2024

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Consultant Editor*
Prof. Babu Poozhikunnel
*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.
3425 Cleveland St, Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc.
3425 Cleveland St, Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഏറ്റവും കുറച്ചു സാധനങ്ങൾ കൊണ്ടു തൃപ്തിപ്പെടുന്നവനാണ് ഏറ്റവും വലിയ സമ്പന്നൻ.
**സോക്രട്ടീസ്**

പ്രയത്നിക്കുന്നതായി നടിക്കരുത്. അത് മടിയേക്കാൾ മോശമാണ്.
**വിൻസ്റ്റൺ ചർച്ചിൽ**

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA[SM] America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# INDIA PENTECOSTAL ASSEMBLY

## 544 TIPTON RD IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**





Steve Crifase

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ജനപ്രതിനിധികളുടെ അതിരു മറന്ന പ്രചാരണം

തെരഞ്ഞെടുപ്പിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ രാഷ്ട്രീയ നേതാക്കളുടെ വിനയം കൂടുന്നതും വാക്കുകൾ സൗമ്യമാകുന്നതുമൊക്കെ നാം പതിവായി കണ്ടുപോരുന്നതാണ്. ആത്മാർഥതയോടെയല്ലെങ്കിലും അധികാര ധാർഷ്ട്യത്തിനും സ്വേച്ഛാപരമായ പെരുമാറ്റത്തിനുമൊക്കെ തൽക്കാല അവധികൊടുത്താണു മിക്കവരും പ്രചാരണവേദികളിലെത്തുക. കാരണം, ജനത്തിന്റെ വിധിയെഴുത്ത് അത്രമാത്രം തീർച്ചയും മൂർച്ചയുള്ളതാണെന്നു നമ്മുടെ രാഷ്ട്രീയ കക്ഷികൾക്കെല്ലാം ബോധ്യപ്പെട്ടിരിക്കുന്നു.

അടുത്ത അഞ്ചുവർഷം ഇന്ത്യ ആരു ഭരിക്കണമെന്നു നിശ്ചയിക്കുന്ന തെരഞ്ഞെടുപ്പിൽ കേരള ജനതയുടെ വിധിയെഴുതി കഴിഞ്ഞു. ജനവിധി അനുകൂലമാകുമെന്ന പ്രതീക്ഷ പ്രതികരണങ്ങളിൽ പ്രകടിപ്പിക്കുന്ന മുന്നണികൾക്ക് അങ്കലാപ്പുണ്ടെന്നതാണ് യാഥാർത്ഥ്യം. പ്രചാരണത്തിന്റെ അവസാന ലാപ്പിൽ പ്രകടിപ്പിച്ച വെപ്രാളം ഈയൊരു അങ്കലാപ്പും തെരഞ്ഞെടുപ്പ് ഫലത്തിൽ മുന്നണികൾക്കുള്ള കടുത്ത അനിശ്ചിതത്വവും വെളിപ്പെടുത്തുന്നതായി. എങ്ങനെയും ജയിക്കണമെന്ന വാശിയിൽ മുന്നണി മര്യാദകളും രാഷ്ട്രീയ ധാർമികതയും മറന്നുകൊണ്ടുള്ള പ്രചാരണത്തിനും പ്രവർത്തനത്തിനും കൂടിയാണ് കേരളം സാക്ഷിയായത്.

പല മണ്ഡലങ്ങളിലും പ്രവചനാതീതമായ മത്സരമാണു നടക്കുന്നത്. ജനങ്ങളുടെ ഉയർന്ന പങ്കാളിത്തമാകും ജനാധിപത്യത്തിന്റെ വിജയം നിർണയിക്കുക. പല കാരണങ്ങളാൽ ആളുകൾ വോട്ടിങ്ങിൽനിന്ന് വിട്ടു നിൽക്കുമ്പോൾ പരുക്കേൽക്കുന്നത് നമ്മൾ അഭിമാനത്തോടെ ഉയർത്തിപ്പിടിക്കുന്ന ഈയൊരു ജനാധിപത്യ ഭരണ സംവിധാനത്തിനു തന്നെ. ജനങ്ങൾ തങ്ങളുടെ പ്രതിനിധിയെ നേരിട്ടു തെരഞ്ഞെടുക്കുന്നതിലൂടെ മാത്രം ജനാധിപത്യം സംരക്ഷിക്കപ്പെടുമെന്നും കളങ്കമേൽക്കപ്പെടില്ലെന്നും പറയാനാകില്ല. തെരഞ്ഞെടുപ്പ് പ്രചാരണവും തെരഞ്ഞെടുപ്പ് പ്രക്രിയയും ഒന്നുപോലെ സംശുദ്ധമായും ധാർമിക മൂല്യങ്ങളിൽ വിട്ടുവീഴ്ച ഇല്ലാതെയും മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. ഇതു രണ്ടിലും വലിയ പോരായ്മ ദൃശ്യമായ തെരഞ്ഞെടുപ്പു കാലമാണ് ഇത്തവണത്തേത്.

ജനകീയ വിഷയങ്ങളുടെ പേരിൽ മുന്നണികൾ തർക്കിച്ചും പോരടിച്ചും ജനങ്ങളുടെ വിശ്വാസം നേടേണ്ട രാഷ്ട്രീയക്കളത്തിൽ വിദ്വേഷ, വർഗീയ പരാമർശങ്ങൾ പ്രചാരണത്തിൽ മുൻതൂക്കം നേടുന്നതും കാണാനായി. ലക്ഷക്കണക്കിനു സാധാരണക്കാരെ ബാധിക്കുന്ന പെൻഷൻ കുടിശികയടക്കം സജീവ ചർച്ചാവിഷയമാക്കാൻ കോൺഗ്രസിനുപോലും താൽപര്യം ഉണ്ടായില്ല. കരുവന്നൂരും വന്യമൃഗശല്യവും പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ സിദ്ധാർത്ഥന്റെ മരണവുമെല്ലാം പ്രാദേശികമായിപ്പോലും ചർച്ചയായില്ല.

പ്രധാനമന്ത്രിയുടെ ചില പരാമർശങ്ങൾ ഇന്ത്യയുടെ മതനിരപേക്ഷതയ്ക്കു മുറിവേൽപ്പിച്ചതായി വിമർശനം നിലനിൽക്കുമ്പോഴാണ് കേരളം ഉൾപ്പെടെ ഇന്ത്യയിൽ രണ്ടാം ഘട്ട വോട്ടിങ് നടക്കുന്നത്.

രണ്ട് മുഖ്യമന്ത്രിമാരെ ജയിലിലടച്ച കേന്ദ്രം പിണറായി വിജയനെ എന്തുകൊണ്ട് ജയിലിൽ അടയ്ക്കുന്നില്ലെന്ന രാഹുൽ ഗാന്ധിയുടെ പരാമർശത്തിൽ പിണറായി പ്രകോപിതനായതോടെ പ്രചാരണ രംഗത്ത് ആകെയൊരു മാറ്റമുണ്ടായി.

നമ്മുടെ മുഖ്യമന്ത്രിയിൽനിന്നു ഈയിടെയുണ്ടായ ഒരു പരസ്യപ്രതികരണം ജനാധിപത്യ മൂല്യബോധവും രാഷ്ട്രീയ മാന്യതയും പുലർത്തേണ്ടതല്ലെന്നു മാത്രമല്ല, രാഷ്ട്രീയകേരളത്തോടുള്ള വെല്ലുവിളിതന്നെയായി മാറുകയും ചെയ്തിരിക്കുന്നു.

രാഹുൽ ഗാന്ധിയുടെ ഡിഎൻഎ പരിശോധിക്കണമെന്ന പി.വി. അൻവർ എംഎൽഎയുടെ പരാമർശത്തിനെതിരെ തെരഞ്ഞെടുപ്പു കമ്മീഷനു കോൺഗ്രസ് പരാതി നൽകിയതിന്റെ പശ്ചാത്തലത്തിലായിരുന്നു മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രതികരണം പാലക്കാട് എടത്തുനാട്ടുകരയിൽ നടന്ന ഇടതുമുന്നണി യോഗത്തിൽ, 'നെഹ്റു കുടുംബത്തിൽ ജനിച്ച വ്യക്തിക്ക് ഇങ്ങനെ പറയാനാകുമോ? എന്നൊക്കെ ചോദിച്ചായിരുന്നു അൻവറിന്റെ അധിക്ഷേപം. മുഖ്യമന്ത്രിയുടെ പ്രോത്സാഹനം കേട്ട് പി.വി. അൻവറിനെപ്പോലുള്ളവർ വർധിത ആവേശത്തോടെ കൂടുതൽ മേച്ചിൽപ്പുറങ്ങളിലേക്കിറങ്ങിയാൽ അതിന്റെ നാണക്കേടത്രയും അനുഭവിക്കേണ്ടിവരുന്നതു കേരളമായിരിക്കും. എല്ലാം കണ്ടും കേട്ടും വിലയിരുത്തുകയാണു ജനമെന്നും ജനാധിപത്യത്തിന്റെ ഏറ്റവും മൂർച്ചയേറിയ ആയുധത്തിലേക്കുള്ള ദൂരം മാത്രമാണുള്ളതെന്നുകൂടി ഇതോടൊപ്പം ഓർമിക്കുകയും ചെയ്യാം.

# വിവിപാറ്റ് എണ്ണണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ വിവിപാറ്റ് സ്ലിപ്പുകൾ പൂർണ്ണമായി എണ്ണണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി. ഇവിഎമ്മിനു പകരമായി ബാലറ്റ് പേപ്പറിലേക്കു മടങ്ങണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയും ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുൾപ്പെട്ട ബെഞ്ച് തള്ളി.

ജനാധിപത്യത്തിൽ വിശ്വാസം കാണിക്കണമെന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കി. വിമർശനാത്മകമായ വീക്ഷണം ആവശ്യമാണെങ്കിലും ഒരു സംവിധാനത്തെ അന്ധമായി സംശയിക്കരുത്. വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും സംസ്കാരം ആവശ്യമാണ്. ഇതു ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ ഉപകരിക്കും. ഇവിഎമ്മുകൾ കുറ്റമറ്റതാക്കി മാറ്റണമെന്നും കോടതി തെരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നല്കി.

സ്ഥാനാർത്ഥികളുടെ ചിഹ്നം യന്ത്രത്തിൽ ലോഡ് ചെയ്തു കഴിഞ്ഞാൽ യൂണിറ്റുകൾ സീൽ ചെയ്യണം. എല്ലാ സ്ഥാനാർത്ഥികളെയും യന്ത്രം പരിശോധിക്കാൻ അനുവദിക്കണം. ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ മൈക്രോ കൺട്രോൾ യൂണിറ്റിലെ മെമ്മറി കാർഡ് നശിപ്പിച്ചതായി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി വിധിച്ചു. വിവിപാറ്റ് സ്ലിപ്പുകൾ വോട്ടർ നേരിട്ടു നിക്ഷേപിക്കണമെന്ന ആവശ്യവും കോടതി തള്ളി.

വോട്ടിംഗ് മെഷീനിലെ മൈക്രോ കൺട്രോളർ മെമ്മറി കാർഡ് സ്ഥാനാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിക്കാൻ എൻജിനീയർമാരുടെ സംഘത്തെ നിയോഗിക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചിരുന്നു. തെരഞ്ഞെടുപ്പിന്റെ ഫലംപ്രഖ്യാപിച്ച് ഏഴു ദിവസത്തിനുള്ളിൽ സ്ഥാനാർത്ഥികൾ ഇതു പരിശോധിക്കുന്നതിനുള്ള അപേക്ഷ നല്കണം.

സീരിയൽ നമ്പർ രണ്ട്, മൂന്ന് എന്നിവയിൽ വരുന്ന സ്ഥാനാർത്ഥികൾക്കാണ് വോട്ടിംഗ് യന്ത്രത്തിന്റെ പരിശോധന നടത്താൻ ആവശ്യപ്പെടാൻ അർഹതയുണ്ടാകുക. പരിശോധന നടത്തുന്നതിനുള്ള ചെലവ് സ്ഥാനാർത്ഥികൾ വഹിക്കണം. യന്ത്രത്തിൽ കൃത്രിമം കണ്ടെത്തിയാൽ ഈ തുക തിരികെ നല്കും.

വിവിപാറ്റ് സ്ലിപ്പുകൾ പൂർണ്ണമായി എണ്ണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച മൂന്നു ഹർജികളിലാണ് സുപ്രീംകോടതി വിധി. വിവിപാറ്റ് സ്ലിപ്പുകൾ പരിശോധിക്കാൻ വോട്ടർമാരെ അനുവദിക്കണമെന്ന് കേസിൽ കക്ഷികളായ അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് ഫോറം (എഡിആർ) ആവശ്യപ്പെട്ടു. ഒരു മണ്ഡലത്തിലെ 50 ശതമാനം വിവിപാറ്റ് സ്ലിപ്പുകൾ എണ്ണണമെന്നാവശ്യപ്പെട്ട് 2019 ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് പ്രതിപക്ഷ നേതാക്കൾ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. നിലവിൽ ഒരു മണ്ഡലത്തിലെ അഞ്ച് ബൂത്തിലെ വിവിപാറ്റ് മാത്രമാണ് എണ്ണുന്നത്. എല്ലാ ബൂത്തിലെയും വിവിപാറ്റ് മെഷീൻ എണ്ണണമെന്നായിരുന്നു ഹർജിക്കാരുടെ ആവശ്യം. അഭയ് ബക്ക്ചന്ദ് ചാജഡ്, അരുൺകുമാർ അഗർവാൾ എന്നിവരായിരുന്നു മറ്റു ഹർജിക്കാർ.

# ഇന്ത്യാ മുന്നണി അധികാരത്തിലേറിയാൽ അഞ്ചു വർഷം അഞ്ചു പ്രധാനമന്ത്രിമാർ: മോദി



കോലാപൂർ: കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യ മുന്നണിയെ രൂക്ഷഭാഷയിൽ വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അധികാരത്തിലെത്തിയാൽ അഞ്ചുവർഷംകൊണ്ട് അഞ്ചു പ്രധാനമന്ത്രിമാരെ സൃഷ്ടിക്കാനാണു മുന്നണി തയാറെടുക്കുന്നത്.

പ്രതിപക്ഷ മുന്നണിക്ക് മൂന്നക്കം അംഗബലം ലഭിക്കില്ല. അതുമല്ലെങ്കിൽ സർക്കാർ രൂപീകരണത്തിന്റെ പടിവാതിക്കൽ എത്താൻപോലും കഴിയില്ല - പടിഞ്ഞാറൻ മഹാരാഷ്ട്രയിലെ കോലാപുരിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു.

ദക്ഷിണേന്ത്യയെ വിഭജിച്ച് പ്രത്യേക രാഷ്ട്രം ആവശ്യപ്പെട്ടുകൊണ്ടാണ് ഇന്ത്യ സഖ്യം കർണാടകയിലും തമിഴ്നാട്ടിലും പ്രസംഗിക്കുന്നത്. അവർ ദേശവിരുദ്ധ അജൻഡകളും പ്രീണനവുമാണു പിന്തുണയ്ക്കുന്നത്. എൻഡിഎയുടെ വികസനത്തിന്റെ പട്ടികയോട് എതിർക്കാനാകില്ല എന്നറിഞ്ഞതോടെ കോൺഗ്രസും അവരുടെ സുഹൃത്തുക്കളും തന്ത്രങ്ങൾ മാറ്റുകയാണ്. കോൺഗ്രസിന്റെ അജൻഡ കാശ്മീരിന്റെ പ്രത്യേക പദവി പുനഃസ്ഥാപിക്കും എന്നതാണ്- മോദി കുറ്റപ്പെടുത്തി.

കോൺഗ്രസിന് ഏറെ പ്രിയപ്പെട്ട കക്ഷിയായ ഡിഎംകെ സനാതന ധർമത്തെവരെ അധിക്ഷേപിക്കുന്നു. സനാതനം എന്നാൽ ഡെങ്കിയും മലേറിയയുമാണെന്നാണ് അവർ പറയുന്നത്. ഇവരുടെ തോളോടുതോൾ ചേർന്നാണ് വ്യാജ ശിവസേന നടക്കുന്നത്. എവിടെയിരുന്നാലും ഇതു കാണുന്ന ബാലാസാഹേബ് താക്കറേയുടെ ആത്മാവ് വേദനിക്കുന്നുണ്ടാകും- മോദി പറഞ്ഞു.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടു ഘട്ടങ്ങൾ കഴിഞ്ഞപ്പോൾ എൻഡിഎ സഖ്യം 2-0 എന്ന നിലയിൽ മുന്നിട്ടുനിൽക്കുകയാണ്. മൂന്നാംഘട്ടം ആകുമ്പോഴേക്കും ഇന്ത്യ സഖ്യം അപ്രത്യക്ഷമാകുമെന്നും പ്രധാനമന്ത്രി അവകാശപ്പെട്ടു.

# മേയറും കെഎസ്ആർടിസി ഡ്രൈവറും തമ്മിലുള്ള വാക്പോര്; ഉടൻ നടപടിയില്ല: മന്ത്രി

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനും കെഎസ്ആർടിസി ഡ്രൈവറും തമ്മിൽ നടുറോഡിൽ വെച്ചുണ്ടായ വാക്കുതർക്കത്തിൽ ഡ്രൈവർക്കെതിരെ നടപടി. ഡ്രൈവർ യദുവിനെ ജോലിയിൽനിന്ന് മാറ്റി നിർത്തി. ഡിടിഒയ്ക്ക് മുന്നിൽ ഹാജരായി വിശദീകരണം നൽകാനും നിർദേശിച്ചിട്ടുണ്ട്.

പോലീസ് റിപ്പോർട്ടും കെഎസ്ആർടിസി വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ടും ലഭിക്കുന്നതു വരെ ഡ്രൈവർക്കെതിരെ നടപടിയെടുക്കില്ലെന്ന് ഗതാഗത മന്ത്രി ഗണേഷ്കുമാർ അറിയിച്ചിരുന്നു.

മേയർ സഞ്ചരിച്ചിരുന്ന സ്വകാര്യ വാഹനത്തിന് സൈഡ് നൽകാത്തതുമായി ബന്ധപ്പെട്ട തർക്കമാണ് നടുറോഡിലെ വാക്കേറ്റത്തിൽ കലാശിച്ചത്. പാളയത്ത് ബസ് നിർത്തിയപ്പോൾ മേയർ സഞ്ചരിച്ചിരുന്ന കാർ ബസിനു കുറുകെ നിർത്തി. സൈഡ് നൽകാത്തതിനെ മേയർ അടക്കമുള്ളവർ ചോദ്യം ചെയ്തു. ഇത് വലിയ തർക്കമായി. മേയറിനൊപ്പം ഭർത്താവ് സച്ചിൻദേവ് എംഎൽഎയും ഉണ്ടായിരുന്നു.

ഡ്രൈവർ മോശമായി പെരുമാറിയെന്ന് കാണിച്ച് മേയർ കന്റോൺമെന്റ് പോലീസിൽ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു. പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു.

സമൂഹത്തിൽ സ്ത്രീകൾക്ക് ഇറങ്ങിനടക്കാൻ വേണ്ടിയാണ് താൻ കെഎസ്ആർടിസി ഡ്രൈവർക്കെതിരെ പ്രതികരിച്ചതെന്ന് മേയർ ആര്യ രാജേന്ദ്രൻ. ലഹരി ഉപയോഗിച്ചാണ് ഡ്രൈവർ വാഹനം ഓടിച്ചത്. യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ട് ചെറിയ കാര്യമല്ല. വളരെ മോശമായാണ് ഡ്രൈവർ സംസാരിച്ചത്. ഇതിനു മുൻപുള്ള ഒരു കേസിലും കെഎസ്ആർടിസി ഡ്രൈവർമാരുടെ ഭാഗം മാധ്യമങ്ങൾ കേട്ടിട്ടില്ല. അപ്പുറത്ത് രണ്ട് ജനപ്രതിനിധികൾ ആയതുകൊണ്ട് ബോധപൂർവം കരിവാരി തേയ്ക്കുകയാണ്. വാഹനം തങ്ങൾ തടഞ്ഞിട്ടില്ലെന്നും മേയർ പറഞ്ഞു.

# ബിൽ ക്ലിന്റനേയും ഹിലാരി ക്ലിന്റനേയും ഫൊക്കാന കൺവൻഷനിലേക്ക് ക്ഷണിച്ച് ഡോ. ബാബു സ്റ്റീഫൻ







വാഷിംഗ്ടൺ ഡിസി: മുൻ അമേരിക്കൻ പ്രസിഡണ്ട് ബിൽ ക്ലിന്റനേയും പ്രസിഡണ്ട് സ്ഥാനാർത്ഥി ആയിരുന്ന ഹിലാരി ക്ലിന്റനേയും ജൂലൈ മാസത്തിൽ വാഷിംഗ്ടണിൽ സംഘടിപ്പിക്കുന്ന ഫൊക്കാന കൺവൻഷനിലേക്ക് ക്ഷണിച്ചതായി ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു.

ഈജിപ്ഷ്യൻ എംബസിയിൽ അംബാസിഡർ മെറ്റാസ് സഹ്രൺ നടത്തിയ സ്നേഹ വിരുന്നിനിടയിലാണ് ഡോ. ബാബു സ്റ്റീഫന് ഇരുവരോടും സംസാരിക്കാൻ സാധിച്ചത്.

ഡോ. ബാബു സ്റ്റീഫന്റെ ക്ഷണം സ്വീകരിച്ച് ഇരുവരും ഫൊക്കാന കൺവൻഷനിൽ പങ്കെടുത്താൽ അതൊരു ചരിത്ര സംഭവമായി മാറും എന്നതിൽ മാറ്റമില്ല. അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് മലയാളി സാന്നിദ്ധ്യം ഉറപ്പാക്കുന്ന ബാബുസ്റ്റീഫന്റെയും ടീമി

**ഡോ. കലാ ഷഹി**

ന്റെയും പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ ലോകമലയാളികൾക്കിടയിൽ ശ്രദ്ധ നേടിക്കഴിഞ്ഞു.

അതുകൊണ്ടു തന്നെ യുവജനങ്ങളുടെ വലിയ പങ്കാളിത്തവും ഫൊക്കാന അന്തർദേശീയ കൺവൻഷന്റെ പ്രത്യേകതയായിരിക്കും.

ഫൊക്കാന അന്തർദേശീയ കൺവൻഷന്റെ ഭാഗമായി അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഭാഗമായവർ പങ്കെടുക്കുന്നത് മലയാളി സമൂഹത്തിന് ലഭിക്കുന്ന അംഗീകാരം ആയിരിക്കുമെന്ന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ട്രഷറർ ബിജു കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ എന്നിവർ അറിയിച്ചു.

# ഡബ്ല്യുഎംസി ഫിലാഡൽഫിയയിൽ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷിക്കുന്നു

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) ഫിലാഡൽഫിയ പ്രൊവിൻസ് സംഘടിപ്പിക്കുന്ന മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ 2024 ആഘോഷപരിപാടികളുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംഘടനയുടെ ഭാരവാഹികൾ അറിയിച്ചു. ജൂൺ എട്ടിന് ഫിലാഡൽഫിയയിലെ സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വെച്ച് വിവിധ പരിപാടികളോടെ ആഘോഷങ്ങൾ നടക്കും.




മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷപരിപാടികളുടെയും അതിനോടനുബന്ധിച്ച് പ്രൊവിൻസ് വിഭാവനം ചെയ്തിരിക്കുന്ന എല്ലാ കാരുണ്യ പ്രവർത്തനങ്ങളുടെയും പുരോഗതി അവലോകനം ചെയ്യുവാൻ ഈ മാസം 20-ന് ശനിയാഴ്ച പ്രൊവിൻസ് ചെയർമാൻ മറിയാമ്മ ജോർജിന്റെ സാൻഫോർഡ് സ്ട്രീറ്റിലുള്ള വസതിയിൽ വെച്ച് മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. പരിപാടികളുടെ പൂർണ്ണവിജയത്തിനായി നിയോഗിക്കപ്പെട്ട സബ്കമ്മിറ്റികൾ അവരവരുടെ റിപ്പോർട്ടുകൾ യോഗത്തിൽ സമർപ്പിക്കുകയും ഏകാഭിപ്രായത്തോടെ യോഗം അത് അംഗീകരിക്കുകയും ചെയ്തു.

ജൂൺ എട്ടിന് വൈകിട്ട് നാല് മണിക്ക് ആരംഭിക്കുന്ന പരിപാടികളിൽ അഞ്ചു മണിവരെ ഫിലാഡൽഫിയയിലെ വിശിഷ്ടാതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗവും അഞ്ചു മണി മുതൽ എട്ടു മണിവരെ വിവിധ ആർട്ടിസ്റ്റുകളുടെ കലാ-സാംസ്കാരിക വിരുന്നിനും വേദി സാക്ഷിയാകും. പ്രൊവിൻസിന്റെ കൾച്ചറൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഷൈലാ രാജന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ നർത്തകരുടെ ഡാൻസ് ഫെസ്റ്റും ഗായകരുടെ സംഗീത സന്ധ്യയും മറ്റു കലാപരിപാടികളും കോർത്തിണക്കി കലാ-സാംസ്കാരിക വിരുന്ന് വർണ്ണശബളമാക്കും. കേരളത്തനിമയുടെ രുചി വിളിച്ചറിയിക്കുന്ന വിഭവസമൃദ്ധമായ അത്താഴവിരുന്നും പങ്കെടുക്കുന്ന എല്ലാവർക്കുമായി ഒരുക്കിയിട്ടുണ്ട്.

പ്രൊവിൻസിന്റെ അംഗങ്ങളുടെ ഏകാഭിപ്രായവും ഒരുമയോടെയുള്ള പ്രവർത്തനങ്ങളും സംഘടനയുടെ വളർച്ചയെ അനുദിനം സഹായിക്കുന്നുവെന്നും മുമ്പോട്ടും നിശ്ചയദാർഢ്യത്തോടും ശുഭാപ്തി വിശ്വാസത്തോടും ഏറ്റെടുത്തിരിക്കുന്ന കാരുണ്യപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസിഡണ്ട് നൈനാൻ മത്തായിയും ചെയർമാൻ മറിയാമ്മ ജോർജും യോഗത്തിൽ എടുത്തുപറഞ്ഞു.

മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷപരിപാടികളുടെ ഭാഗമായി സമാഹരിക്കുന്ന തുകയും ഫിലാഡൽഫിയയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉദാരമതികളുടെയും

**നൈനാൻ മത്തായി**

പ്രൊവിൻസിന്റെ മഹാമനസ്കരായ അംഗങ്ങളുടെയും സംഭാവനകൾ കോർത്തിണക്കി കേരളത്തിലെ നിർദ്ധനരായ യുവതീ യുവാക്കളുടെ വിവാഹം നടത്തിക്കൊടുക്കുവാനുള്ള വലിയൊരു കാരുണ്യ പ്രവർത്തനമാണ് പ്രൊവിൻസ് 2024-2025-ലേക്ക് ഏറ്റെടുത്തിരിക്കുന്നത്.

അവലോകന യോഗത്തിൽ ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതവും ട്രഷറർ തോമസുകുട്ടി വർഗീസ് നന്ദിയും പറഞ്ഞു. യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും മറിയാമ്മ ജോർജും കുടുംബവും രുചികരമായ ഭക്ഷണം ഏർപ്പെടുത്തിയതിലുള്ള പ്രത്യേക നന്ദി അറിയിച്ചു.

അസി. ട്രഷറർ ലീലാമ്മ വർഗീസിന്റെ സമാപനപ്രാർത്ഥനയോടും അത്താഴവിരുന്നോടും കൂടി യോഗം ഏഴു മണിക്ക് പര്യവസാനിച്ചു.

# മോദിയുടെ വിദ്വേഷ പ്രസംഗത്തിനെതിരെ ലോകമാധ്യമങ്ങൾ

ന്യൂയോർക്ക്: ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തെരഞ്ഞെടുപ്പ് പ്രചാരണറാലികളിൽ നടത്തുന്ന വിദ്വേഷപ്രസംഗത്തെ വിമർശിച്ച് ലോകമാധ്യമങ്ങൾ. മുസ്‌ലിങ്ങളെ നുഴഞ്ഞുകയറ്റക്കാരെന്നും കൂടുതൽ മക്കളെ ഉണ്ടാക്കുന്നവരെന്നും ആക്ഷേപിച്ചതാണ് ലോകമാധ്യമങ്ങളുടെ വിമർശനത്തിനിടയാക്കിയത്. പ്രസംഗത്തിനെതിരെ പ്രതിപക്ഷം ശക്തമായി രംഗത്തുവരികയും തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകുകയും ചെയ്തിട്ടും തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയൊന്നും സ്വീകരിക്കാതെ മൗനം പാലിക്കുകയാണെന്ന് വിദേശമാധ്യമങ്ങൾ കുറ്റപ്പെടുത്തി.

ന്യൂനപക്ഷങ്ങൾക്കുനേരെ മോദി നടത്തുന്ന ഏറ്റവും മോശമായ പ്രതികരണമാണ് ഇതെന്ന് അമേരിക്കയിലെ ലോസ് ആഞ്ചലസ് ടൈംസ് എഴുതി. മോദിസർക്കാരിന്റെ കാലത്ത് ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കുനേരെ ആക്രമണങ്ങൾ വർധിച്ചതായും പത്രത്തിന്റെ റിപ്പോർട്ടിലുണ്ട്. വോട്ടെടുപ്പ് തുടരുന്നതിനിടെ വിദ്വേഷപ്രസംഗംവഴി മോദി ഇന്ത്യയിൽ സംഘർഷത്തിനു ശ്രമിക്കുന്നുവെന്ന് ആരോപണമുണ്ടെന്ന് ബ്രിട്ടനിലെ ദ ഗാർഡിയൻ പത്രം റിപ്പോർട്ട് ചെയ്തു.



ഇന്ത്യൻ പ്രധാനമന്ത്രി വീണ്ടും പഴയ മുസ്‌ലിം വിരുദ്ധ പ്രസംഗങ്ങളിലേക്കു തിരിഞ്ഞിരിക്കുകയാണെന്നും അദ്ദേഹം പ്രചാരണതന്ത്രം മാറ്റുന്നതിന്റെ സൂചനയാണ് ഇതെന്നും ഖത്തർ ആസ്ഥാനമായ അൽ ജസീറ റിപ്പോർട്ട് ചെയ്തു.

ഒരു പതിറ്റാണ്ടായി മോദിയും ബിജെപിയും മതപരമായ ധ്രുവീകരണത്തിലൂടെ ഹിന്ദു ദേശീയത ആളിക്കത്തിക്കുകയാണെന്നും ഇത് ഇസ്‌ലാമോഫോബിയയിലേക്കും വർഗീയ കലാപത്തിലേക്കും ലോകത്തിലെ ഏറ്റവും വലിയ മതേതര ജനാധിപത്യ രാജ്യത്തെ നയിച്ചുവെന്നും സിഎൻഎൻ എഴുതി. സ്വാതന്ത്ര്യാനന്തര നേതാക്കൾ ഇന്ത്യയെ മതേതര, ബഹുസ്വര ജനാധിപത്യമായി കണ്ടിരുന്നുവെങ്കിൽ അതിൽനിന്നു വ്യത്യസ്തമായി മോദിയും അദ്ദേഹത്തിന്റെ പാർട്ടിയും മതത്തെ ദുരുപയോഗിക്കുകയാണെന്നും ഇത് ആക്രമണങ്ങൾക്കു വഴിവെക്കുകയാണെന്നും വാഷിംഗ്ടൺ പോസ്റ്റ് എഴുതി.

# മായാമഷി; രഹസ്യം കമ്പനിക്ക് സ്വന്തം

കുറവിലങ്ങാട്: തെരഞ്ഞെടുപ്പിൽ ഇന്നും മായാതെ നിൽക്കുന്നത് വോട്ടറുടെ വിരലിൽ ചാർത്തുന്ന മഷിയടയാളം. 1962–ലെ പൊതുതെരഞ്ഞെടുപ്പു മുതലാണ് ഇത്തരം മഷി ഉപയോഗിച്ചുതുടങ്ങിയത്. കള്ളവോട്ട് തടയുക തന്നെയാണ് മഷി ചാർത്തലിന്റെ ലക്ഷ്യം. ബെംഗളൂരുവിലെ മൈസൂർ പെയിന്റ്സ് ആൻഡ് വാർണിഷ് ലിമിറ്റഡാണ് ഇന്ത്യയിൽ മായ്ക്കപ്പെടാത്ത മഷി അഥവാ ഇൻഡലിബിൾ ഇങ്ക് നിർമിക്കാൻ അംഗീകാരമുള്ള ഏക കമ്പനി. ഇന്ത്യക്കു പുറമേ ദക്ഷിണാഫ്രിക്ക, മലേഷ്യ, തായ്‌ലൻഡ്, സിങ്കപ്പൂർ തുടങ്ങിയ പല വിദേശരാജ്യങ്ങളിലെ തെരഞ്ഞെടുപ്പിനും ഈ മഷി കയറ്റി അയയ്ക്കുന്നുണ്ട്. മായ്ക്കാനാവാത്ത മഷിയുടെ രഹസ്യം പക്ഷേ, കമ്പനിക്കു മാത്രം സ്വന്തം.

നാഷണൽ ഫിസിക്കൽ ലബോറട്ടറി ഓഫ് ഇന്ത്യ അംഗീകരിച്ച രാസഘടനയിലാണ് നിർമാണം. പ്രധാന ചേരുവ സിൽവർ നൈട്രേറ്റ് ആണെന്നതുമാത്രമാണ് രഹസ്യ ഫോർമുലയിലെ പരസ്യമായ ഒരേ ഒരു കാര്യം. വോട്ടർമാരുടെ വിരലിൽ മഷി അടയാളം ചാർത്താൻ ഓരോ പോളിങ് ബൂത്തിലും രണ്ട് കുപ്പി മഷിവീതം എത്തും. ഒരെണ്ണം ധാരാളമാണെങ്കിലും കരുതൽ എന്ന നിലയിലാണ് രണ്ടെണ്ണം. ആകെ ബൂത്തുകളിലേക്ക് വേണ്ടതിന്റെ 10 ശതമാനം അധികകരുതൽ എന്നനിലയിലും സൂക്ഷിക്കും. പോളിങ് ബൂത്തിൽ സെക്കൻഡ് പോളിങ് ഓഫീസറാണ് വോട്ടറുടെ ഇടതുചൂണ്ടുവിരലിൽ മഷിയടയാളം ചാർത്തുന്നത്. 40 സെക്കൻഡിനുള്ളിൽ പൂർണമായും ഉണങ്ങുന്ന മഷി ദിവസങ്ങളോളം മായാതെ നിലനിൽക്കുമെന്നതാണ് പ്രത്യേകത.

# ബ്രീത്ത് അനലൈസർ ടെസ്റ്റ് അപകടനിരക്ക് കുറച്ചു

ചാത്തന്നൂർ: കെഎസ്ആർടിസി ജീവനക്കാർ മദ്യപിച്ചിട്ടാണോ ഡ്യൂട്ടിക്കെത്തുന്നതെന്നറിയാൻ ബ്രീത്ത് അനലൈസർ ടെസ്റ്റ് ആരംഭിച്ചതോടെ അപകടനിരക്ക് കുറഞ്ഞതായി അധികൃതർ. കെഎസ്ആർടിസി ബസുകളുമായി ബന്ധപ്പെട്ട അപകടങ്ങളിൽ 25 ശതമാനം കുറവുണ്ടായി എന്നാണ് വിലയിരുത്തൽ. ഈ മാസം നാലുമുതലാണ് യൂണിറ്റുകളിൽ ബ്രീത്ത് അനലൈസർ ടെസ്റ്റ് തുടങ്ങിയത്.

വനിതകൾ ഒഴികെയുള്ള ജീവനക്കാരെ പരിശോധിച്ച് മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയശേഷമേ ഡ്യൂട്ടി അനുവദിക്കുകയുള്ളൂ. വിജിലൻസ് നടത്തുന്ന ഇൻഡോക്സിക്കേഷൻ പരിശോധനയിൽ പോസിറ്റീവ് ഫലങ്ങൾ ഇപ്പോൾ വളരെ കുറവാണ്.

ആദ്യ ദിവസങ്ങളിൽ, ഒരു ദിവസം 22 പോസിറ്റീവ് (മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ) കേസുകൾ വരെ ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ 20-ന് ഒരു പോസിറ്റീവ് കേസ് മാത്രമാണ് റിപ്പോർട്ട് ചെയ്തത്.

മദ്യപിച്ച് ജോലിയ്ക്കെത്തിയതിനും മദ്യം സൂക്ഷിച്ചതിനുമായി 137 ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. ബ്രീത്ത് അനലൈസർ പരിശോധനയും കർശന നടപടികളും തുടരുമെന്ന് സിഎംഡി പ്രമോജ് ശങ്കർ അറിയിച്ചു. പരിശോധന ആരംഭിച്ചതോടെ കെഎസ്ആർടിസി ബസുകളുമായി ബന്ധപ്പെട്ട വാഹനാപകടങ്ങൾ ഗണ്യമായി കുറഞ്ഞതിന് പുറമേ യാത്രക്കാർക്ക് സുരക്ഷിതത്വവും മാന്യമായ പെരുമാറ്റവും ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്.

# ആലത്തൂരിലെയും ചാലക്കുടിയിലെയും വോട്ടുകൾ തൃശൂരിലേക്കു മാറ്റി

തൃശൂർ: ആലത്തൂർ, ചാലക്കുടി ലോക്സഭാ മണ്ഡലങ്ങളിലെ വോട്ടർമാരെ കൂട്ടത്തോടെ തൃശൂരിലേക്കു മാറ്റി വോട്ടേഴ്സ് ലിസ്റ്റിൽ വൻ ക്രമക്കേട്. തൃശൂർ നഗരത്തിലെ അപ്പാർട്ട്മെന്റ്, ഫ്ളാറ്റുകളുടെ വിലാസത്തിലേക്കാണു വോട്ടുകൾ മാറ്റിയിട്ടുള്ളത്.

തൃശൂർ മണ്ഡലത്തിന്റെ സമീപപ്രദേശങ്ങളായ ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കുറ്റൂർ, പേരാമംഗലം, കൊട്ടേക്കാട്, കോലഴി എന്നിവിടങ്ങളിലെയും ചാലക്കുടി മണ്ഡലത്തിലെയും സ്ഥിരതാമസക്കാരും റേഷൻ കാർഡ് ഉൾപ്പെടെയുള്ളവരുമായ കുടുംബങ്ങളുടെ വോട്ട് സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തിയാണു തൃശൂരിലേക്കു മാറ്റിയത്.

ഇങ്ങനെ മാറ്റിയവയിൽ ബിജെപി കുടുംബങ്ങളും ബിജെപി സ്ഥാനാർത്ഥിയുമായി ബന്ധമുള്ളവരുടെ കുടുംബാംഗങ്ങളുമാണുള്ളതെന്നു എതിർ പാർട്ടിക്കാർ ആരോപിച്ചു. ഇതിന്റെ തെളിവുകളും അവർ ശേഖരിച്ചതായി പറയുന്നു.

താമസക്കാരില്ലാതെ അടച്ചിട്ടിരിക്കുന്ന ഫ്ളാറ്റുകളിലേക്കും ഒരാൾമാത്രം താമസിക്കുന്ന ഫ്ളാറ്റിന്റെ വിലാസത്തിലേക്കുമാണു വോട്ടർമാരെ തിരുകിക്കയറ്റിയിട്ടുള്ളത്. ഒരു ഫ്ളാറ്റിന്റെ വിലാസത്തിലേക്കു ചേർക്കപ്പെട്ട പുതിയ ഏഴു വോട്ടർമാരുടെയും പിതാവിന്റെ പേരുകൾ വ്യത്യസ്തമാണ്. മറ്റൊരു ഫ്ളാറ്റിൽ 73 വോട്ടർമാരെയാണു പുതുതായി ചേർത്തിട്ടുള്ളത്. ഇവരാരും ആ ഫ്ളാറ്റിൽ ഉള്ളവരല്ല.

വോട്ടേഴ്സ് സ്ലിപ്പ് കൊടുക്കാനെത്തിയ പാർട്ടി പ്രവർത്തകരാണു ക്രമക്കേട് കണ്ടെത്തിയത്. തുടർന്നു തെരഞ്ഞെടുപ്പ് കമ്മീഷനു പരാതി നല്കി. ബിഎൽഒ പരിശോധിച്ചു വ്യാജമെന്നു കണ്ടെത്തി ഒഴിവാക്കാൻ പറഞ്ഞവരുടെ പേരുകളും സപ്ലിമെന്ററി ലിസ്റ്റിൽ തിരുത്താതെ വന്നിട്ടുണ്ട്.

ഒഴിവാക്കാൻ നിർദേശം കൊടുത്തവയാണെന്നു കാണിക്കുന്ന തെളിവുകൾ ബിഎൽഒമാർ പ്രവർത്തകരെ കാണിച്ചു. ചില ഹോട്ടലുകളുടെ ഗ്യാസ് കണക്ഷന്റെ സ്ലിപ്പു പോലും അഡ്രസ് പ്രൂഫ് ആയി കാണിച്ചാണു വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ളത്. വിലാസത്തിലേക്കു വിളിക്കുമ്പോൾ നഗരത്തിലെ പ്രമുഖ ഹോട്ടലിലേക്കാണു പോകുന്നത്.

പൂങ്കുന്നം ഉദയനഗറിലെ ഇൻലാൻഡ് ഉദയ അപ്പാർട്ട്മെന്റ്, ടോപ് പാരഡൈസ് ഫ്ളാറ്റുകളുടെ വിലാസത്തിലാണ് ക്രമക്കേടുകൾ നടന്നതായി രാഷ്ട്രീയപ്രവർത്തകർ കണ്ടെത്തിയത്. ഓരോ ബൂത്തിലും നൂറോളം വോട്ടർമാരെ അനധികൃതമായി തിരുകിക്കയറ്റിയതായി യുഡിഎഫ്, എൽഡിഎഫ് പ്രവർത്തകർ ആരോപിച്ചു.

വോട്ടർപട്ടികയിൽ ഇത്രയുമധികം അനധികൃത പേരുകൾ കയറിക്കൂടിയതു തെരഞ്ഞെടുപ്പിനു മാസങ്ങൾക്കു മുമ്പേ അട്ടിമറി ശ്രമം ആരംഭിച്ചതിനുള്ള തെളിവാണെന്നു രാഷ്ട്രീയപ്രവർത്തകർ ചൂണ്ടിക്കാട്ടി.







# CAPITAL REGION FOMAA INTERNATIONAL CONVENTION KICK-OFF WAS A HUGE SUCCESS

DR. MADHU NAMBIAR



Bethesda, Maryland - On Sunday, April 21, 2024, the Federation of Malayalee Associations of Americas (FOMAA) Capital Region inaugurated its highly anticipated International Convention kick-off event at Westland Middle School, located at 5511 Massachusetts Ave, Bethesda, Maryland.

The program commenced with a prayer song by Liji Thomas and the traditional lighting of the lamp, symbolizing the illumination of knowledge and unity within the FOMAA community. FOMAA President Dr. Jacob Thomas, FOMAA General Secretary Ojus John, Ex-Officio and former Treasurer Thomas T. Ommen, National Committee Member Mathew Varghese, FOMAA Convention coordinator Lenji Jacob, FOMAA Previous RVP Thomas Jose, FOMAA previous National Committee Member Anil Nair joined



for lighting the lamp.

The American National Anthem was sung by Leena Abraham. FOMAA Capital Region RVP, Dr. Madhu Nambiar, welcomed all the distinguished guests. Dr. Nambiar also welcomed Kerala Association of Greater Washington President Sushma Praveen and the executive committee, Kerala Cultural Society of Metropolitan Washington President Suresh Nair and the Executive Committee, and Kairali of Baltimore President Dr. Alphonsa Rahman, FOMAA Mid-Atlantic Region RVP



JojoKottoor, and FOMAA Metro Region RVP Paul Jose, and National Committee member Shalu Punnose for the event.

Dr. Nambiar thanked previous FOMAA General Secretary Binoy Thomas, Vice-President Vinson Palathingal, Joint Treasurer Raj Kurup, and Judicial Council Member Thomas Jose for their service and contributions to FOMAA. Dr. Nambiar introduced the full FOMAA Capital Region Office bearers for 2022-2024.

Regarding the accomplishments of FOMAA Capital Region, along with a slide presentation, Dr. Nambiar highlighted the successful FOMAA Capital Region kick-off, Promotion of Kids Art, FOMAA Capital Region Newsletter, Aging Well and Beyond, 2023 Tax updates, Easter, Vishu, Eid celebrations, Medicare and Medicaid. Mukhamukham with Director Madhu, College planning and Financial planning, Foreign Fund Transfer, various Helping Hands charity cases support, Participation of a large team in the Mid-year general body and election, Visitor Health Insurance, Will and Trust, 2024 Tax updates, National Chess Tournament, rated unrated competitions, weekly chess games to increase rating, and chess training. Dr. Nambiar applauded FOMAA's affiliation with the United States Chess Federation (USCF), Mukhamukam with the highest General Electric patent holder, Hosting Magician Samrat, and Promoting Kid's activities for Earth Day and Environmental protection.

Dr. Nambiar also mentioned upcoming events, including starting a business with minimum investment, work/life balance, Caring for lifestyle diseases, Mental Health improvement by Ayurveda, 2024 Foreign fund transactions, and SandhwanaSangeetham on Mother's Day. FOMAA Capital Region is also thinking of organizing Malayalam classes for beginners and talking Malayalam to high school-level students.

FOMAA President Dr. Jacob Thomas, in his presidential address, appreciated the energetic RVP Dr. Madhu Nambiar for organizing a large number of activities and praised the contributions of the FOMAA Capital Region. He invited everyone to the FOMAA international convention at Punta Cana and declared open the FOMAA Capital Region international convention kick-off event.

In his remarks, FOMAA General Secretary Ojus John highly praised FOMAA Capital Region activities. He provided complete details of the convention and registration process, including a video of the registration website. He encouraged widespread participation in the FOMAA International Convention.

For the FOMAA International Convention Registration Kick-off, a captivating video of Punta Cana was played, offering a glimpse into the excitement and cultural richness awaiting participants at the upcoming conven-



tion at Punta Cana, BaceloBavara 5-star Hotel facilities. Also, a video of FOMAA and its activities were played. More than 15 people gave their names to President Dr. Jacob Thomas and General Secretary Ojus John and will register for the convention. Some of the registrants also agreed to sponsor the convention. FOMAA Capital Region aims to bring a maximum number of people to the Convention.

Sherli Nambiar and former RVP and National Committee member Anil Nair awarded the FOMAA Capital Region Grandmaster National online chess tournament winners' trophies and certificates. The certificates will be mailed to people who could not attend the event.

The evening's chief guest was Bob Wallace, Baltimore mayoral candidate. He was welcomed to the stage with ChendaMelam by the FOMAA President, Dr. Jacob Thomas, General Secretary Ojus John, Ex-officio, Thomas T. Ommen, RVP Dr. Madhu Nambiar, and other dignitaries. The director of Solace charity, Ms. Sheeba Ameer, could not make it due to last-minute travel issues.

Former RVP and Judicial Council member Thomas Jose provided his remarks and appreciated the capital region's excellent ongoing activities. He anchored the award presentation for high achievers. Awards included the Indian American Nurses Association of Maryland (IANAM) for outstanding dedication and contributions to the field of nursing, introduced by Dr. Eldho Chacko and presented by FOMAA General Secretary Ojus John and received by Dr. Surya Chacko. The Lifesaver Legacy Award for 113 times blood donations was awarded to Thomas Vithayathil after an introduction by Joy Parickapally and presented by Chief Guest Bob Wallace.

Awards were presented to Dr. Eldho Chacko in recognition of outstanding achievement and dedication in advancing nursing health and achievement after an introduction by Thomas Jose. The FOMAA Capital Region International Convention Coordinator Lenji Jacob was introduced by Bijo Vithayathil and was presented with the Community Service Award by FOMAA President Dr. Jacob Thomas for his outstanding service to member associations and the FOMAA capital region. Jacob Paulose introduced the next award winner, Ms. Leena Abraham, for excellence in performing Arts. FOMAA president Dr. Jacob Thomas presented the award. Young Tennis Star Devika Manu was an award winner for her national and international achievements in Tennis. Dr. Madhu Nambiar introduced Devika Manu, and presented the award.

Member Association presidents, including Sushma Praveen from KAGW, Suresh Nair from KCS, and Dr. Alphonsa Rahaman, spoke at the occasion, praising FOMAA Capital Region RVP Dr. Madhu Nambiar for his relentless pursuit of excellence and extending their full support. Former RVP Shaju Sivabaln also highlighted the bylaw review activities done in 2015 and appreciated all the current activities of the FOMAA capital region. Dr. Eldho Chacko from the Kairali of Baltimore also appreciated the activities of the FOMAA capital region and assured full support from Kairali.

The evening was filled with scintillating performances, including songs by Liji Thomas, Anjali Varier, and Eldho Chacko. Parvathy Sudheerkumar, AnilaVisvambharan, Anjali Varier, Sandhya Vasudevan, and Sreeja Sreekumar performed a group dance choreographed by Bindu Rajeev. Geethu Nirmal performed a beautiful cinematic-style dance. Youngsters from the Baltimore team performed thrilling Bollywood dances.

The evening began with a sumptuous dinner. Guests from all over America had ample opportunity to meet the Capital Region members, network, and take photographs.

Earlier in the day, Johnson Kadmakulathil, Lenji Jacob, Thomas Jose, and the 5T club of Baltimore organized the FOMAA Capital Region 56 and 28 card game. The winners and runners-up were awarded prizes by FOMAA President Dr. Jacob Thomas, General Secretary Ojus John, Ex-officio Thomas T. Ommen, RVP Dr. Madhu Nambiar, and FOMAA Capital Region Chairman Johnson Kadmakulathil and Capital Region convention coordinator Lenji Jacob.

National Committee member Mathew Varghese provided the vote of thanks. Dr. Madhu Nambiar set up the stage, sound, and lights. Dr. Nambiar appreciated all the volunteers for their selfless efforts to make the program successful and memorable.

# ലക്ഷം വോട്ടുറപ്പിച്ച് പ്രവാസികൾ

അബുദാബി: ഗ്രൂപ്പ് ബുക്കിങ് നടത്തിയും വിമാനങ്ങൾ ചാർട്ടർ ചെയ്തും കേരളത്തിൽ ഇത്തവണ പറന്നിറങ്ങിയത് ഒരുലക്ഷത്തോളം പ്രവാസി വോട്ടുകൾ. ഇഞ്ചോടിഞ്ചു പോരാട്ടം നടക്കുന്ന വടകര, തൃശൂർ, ആറ്റിങ്ങൽ മണ്ഡലങ്ങളിലേക്കാണു കൂടുതൽ പേർ എത്തിയത്. ഉയർന്ന വിമാന ടിക്കറ്റ് നിരക്കും യുഎഇയിലെ പ്രളയവുംമൂലം അവസാന നിമിഷം ചിലർക്കു യാത്ര റദ്ദാക്കേണ്ടി വന്നു.

25,000 പേർ വോട്ടു ചെയ്യാനായി നാട്ടിലേക്കു പോയിട്ടുണ്ടെന്നു കെഎംസിസി ഭാരവാഹികൾ പറയുന്നു. യുഎഇയിൽനിന്നു മാത്രം ഓരോ മണ്ഡലത്തിലും 1000 പ്രവാസി വോട്ടെങ്കിലും ഉറപ്പിച്ചിട്ടുണ്ടെന്ന് എൽഡിഎഫ് പ്രവർത്തകരും അവകാശപ്പെടുന്നു.

ബിജെപി അനുഭാവികളുടെ ഒഴുക്ക് ഇതര സംസ്ഥാനങ്ങളിലേക്ക് ആയിരുന്നു. എങ്കിലും കേരളത്തിലേക്കു മാത്രം എണ്ണായിരത്തോളം പേരെ എത്തിച്ചിട്ടുണ്ടെന്നു പ്രവർത്തകർ പറഞ്ഞു.

മുൻ തെരഞ്ഞെടുപ്പുകളിൽനിന്നു വ്യത്യസ്തമായി ഓരോ മണ്ഡലത്തിലെയും പ്രചാരണ ചുമതലകൾക്ക് യുഡിഎഫ് പ്രവാസികളെ നിയോഗിച്ചിരുന്നു. ഇവർ ആഴ്ചകൾക്കു മുൻപു തന്നെ നാട്ടിലെത്തി. ചെലവുകളുടെ മേൽനോട്ടവും ഇവർക്കുണ്ട്.


ഇടതു സംഘടനകൾ പ്രവാസികളുടെ നാട്ടിലെ അക്കൗണ്ടുകൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നീ വഴികളിലാണ് സംഭാവനകൾ സമാഹരിച്ചത്.

എൻഡിഎ മുന്നണി ശ്രദ്ധ കേന്ദ്രീകരിക്കുന്ന തൃശൂരിലേക്കാണു ബിജെപി പ്രവർത്തകരുടെ സംഭാവന കൂടുതലും എത്തിയത്.

# വരുൺഗാന്ധി പ്രിയങ്കയ്ക്കെതിരെ മത്സരിക്കില്ല

ന്യൂഡൽഹി: പ്രിയങ്ക ഗാന്ധിക്കെതിരെ ബിജെപി ടിക്കറ്റിൽ റായ്ബറേലിയിൽ മത്സരിക്കാനില്ലെന്ന് ബിജെപി എംപി വരുൺ ഗാന്ധി. പിലിബിത്തിൽ ഇത്തവണ ടിക്കറ്റ് നിഷേധിക്കപ്പെട്ട വരുൺ തെരഞ്ഞെടുപ്പ് 'രാഷ്ട്രീയ തമാശക്കളി'യല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കമുള്ള ദേശീയ നേതാക്കളോട് തുറന്നടിച്ചതായി പാർട്ടി വൃത്തങ്ങൾ പറഞ്ഞു. ഇതേക്കുറിച്ച് ചോദിച്ചപ്പോൾ 'രഹസ്യമായി സംസാരിച്ച കാര്യങ്ങൾ പരസ്യമാക്കുന്നത് ധാർമ്മികതയ്ക്കു നിരക്കുന്നതല്ല' എന്നാണ് വരുൺ ഗാന്ധി പ്രതികരിച്ചത്. അമേഠിയിലും റായ്ബറേലിയിലും കോൺഗ്രസ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടില്ല. അമേഠിയിൽ രാഹുലും റായ്ബറേലിയിൽ പ്രിയങ്കയും മത്സരിക്കുമെന്നാണ് സൂചന.

രണ്ട് തവണ മോദി വരുണിനോട് നേരിട്ടു സംസാരിച്ചതായാണ് വിവരം. താൻ തന്നെ നേരിട്ടു പ്രചാരണത്തിനിറങ്ങാമെന്ന് മോദി വാഗ്ദാനം ചെയ്തെങ്കിലും കുടുംബാംഗത്തിനെതിരെ മത്സരിക്കുന്ന തരത്തിലുള്ള സർക്കസായി രാഷ്ട്രീയത്തെ കാണുന്നില്ലെന്നു വരുൺ പറഞ്ഞതായി പാർട്ടി വൃത്തങ്ങൾ പറഞ്ഞു.





തോറ്റാലും വലിയ സ്ഥാനങ്ങൾ നേതൃത്വം വാഗ്ദാനം ചെയ്തെങ്കിലും നിലവിൽ ഒന്നിലും താല്പര്യമില്ലെന്ന നിലപാടിലായിരുന്നു വരുൺ. അല്പകാലം സജീവരാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കാനാണ് ആഗ്രഹിക്കുന്നതെന്നും പറഞ്ഞു.

ബിജെപിയുടെ ആഭ്യന്തര സർവേയിൽ വരുൺ ഗാന്ധി മത്സരിക്കണമെന്ന ആവശ്യത്തിനായിരുന്നു മുൻതൂക്കം. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ പാർട്ടി അദ്ധ്യക്ഷൻ ജെ.പി. നഡ്ഡയും പിന്നീട് അമിത് ഷായും വരുൺ ഗാന്ധിയോട് സംസാരിച്ചു. മാർച്ച് രണ്ടാം വാരത്തിലും ഏതാനും ദിവസം മുൻപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും വരുണിനെ മത്സരിക്കാൻ ക്ഷണിച്ചെങ്കിലും അദ്ദേഹം വഴങ്ങിയില്ല.

പിലിബിത്ത് എംപിയായ വരുണിന് ഇത്തവണ ടിക്കറ്റ് നിഷേധിച്ചതിൽ അദ്ദേഹം അതൃപ്തനായിരുന്നു. കഴിഞ്ഞ പത്ത് വർഷമായി തൊഴിലില്ലായ്മ, വിലക്കയറ്റം, കർഷകസമരം തുടങ്ങിയ വിഷയങ്ങളിൽ നിരന്തരം മോദി സർക്കാരിനും യുപി സർക്കാരിനുമെതിരെ വരുൺ ഗാന്ധി ശക്തമായി പ്രതിഷേധിച്ചിരുന്നു. ഇതെല്ലാം ക്ഷമിച്ചാണ് വരുണിനുവേണ്ടി പ്രചാരണത്തിനിറങ്ങാമെന്ന് പ്രധാനമന്ത്രി ഉറപ്പു നല്കിയത്.

# സ്ത്രീവേഷത്തിലെത്തി വോട്ടർ

കൊല്ലം: വോട്ടർപട്ടികയിൽ സ്ത്രീ എന്നു തെറ്റായി രേഖപ്പെടുത്തിയതിനാൽ സ്ത്രീവേഷത്തിൽ തന്നെ വോട്ടു ചെയ്യാനെത്തി എഴുകോൺ മേലേ കോട്ടവിള വീട്ടിൽ എസ്. രാജേന്ദ്രപ്രസാദ്. എഴുകോൺ ഗവ. എൽപിഎസിലെ ബൂത്തിലായിരുന്നു വേറിട്ട ഈ പ്രതിഷേധം.



മാക്സി ധരിച്ചെത്തി വോട്ട് ചെയ്തശേഷം രാജേന്ദ്രപ്രസാദ്

ഇലക്ഷൻ കമ്മീഷൻ കല്പിച്ചു ഞാൻ സ്ത്രീയാണെന്ന്. എന്നാൽ പിന്നെയങ്ങ് അനുസരിച്ചേക്കാമെന്നു കരുതി എന്നാണ് രാജേന്ദ്രപ്രസാദിന്റെ പ്രതികരണം.

സ്ലിപ് കിട്ടിയപ്പോഴാണ് വോട്ടർ പട്ടികയിൽ താൻ പുരുഷനല്ല, സ്ത്രീയാണെന്ന് രാജേന്ദ്രപ്രസാദ് അറിയുന്നത്. പിന്നെ മടിച്ചില്ല, അയൽപക്കത്തുനിന്നും കടം വാങ്ങിയ മാക്സിയും ഷാളും ഒപ്പം മാലയും കമ്മലും കൂളിംഗ് ഗ്ലാസും ധരിച്ച് 'സ്ത്രീയായി' ബൂത്തിലെത്തിയ കൈയിൽ ഭരണഘടനയുടെ കോപ്പിയും കരുതി.

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഒന്നു പകച്ചെങ്കിലും തിരിച്ചറിയൽരേഖ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വോട്ട് ചെയ്യാൻ അനുവദിച്ചു. പഞ്ചായത്ത് ലൈബ്രേറിയനായി വിരമിച്ച രാജേന്ദ്രപ്രസാദ് ഒറ്റയ്ക്കാണ് താമസം.

# ലൈഫ് മിഷൻ ഫണ്ടിൽനിന്ന് 60.36 കോടി ധനവകുപ്പ് തിരിച്ചെടുത്തു

തിരുവനന്തപുരം: പാവപ്പെട്ടവർക്ക് വീടു നിർമിച്ചു നൽകുന്ന ലൈഫ് മിഷൻ അക്കൗണ്ടിൽനിന്ന് 60.36 കോടി തിരിച്ചെടുത്ത് ധനവകുപ്പ്. സാമ്പത്തിക വർഷം അവസാനിച്ച മാർച്ച് 31-ന് ലൈഫ് മിഷന് അനുവദിച്ച തുകയിൽനിന്ന് 60.36 കോടി തിരിച്ചെടുത്തത്. തിരിച്ചെടുത്ത തുകയിൽനിന്ന് രണ്ടു കോടി തരണമെന്ന ലൈഫ് മിഷന്റെ ആവശ്യം സർക്കാർ അംഗീകരിച്ചു.

2024 ഏപ്രിൽ, മേയ് മാസങ്ങളിലെ ലൈഫ് മിഷൻ സംസ്ഥാന ഓഫീസിലെയും ജില്ലാ ഓഫീസിലെയും ശമ്പളം, വാഹന വാടക, ഓഫീസ് ചെലവുകൾക്കാണ് തിരിച്ചെടുത്ത തുകയിൽനിന്ന് രണ്ടു കോടി അനുവദിച്ചത്.

ലൈഫ് മിഷൻ തുക സർക്കാർ പൂർണമായി ചെലവഴിക്കുന്നെന്ന മന്ത്രി എം.ബി. രാജേഷിന്റെ വാദം പൊളിക്കുന്നതാണ് തദ്ദേശ സ്വയംഭരണവകുപ്പ് കഴിഞ്ഞ 20-ന് ഇറക്കിയ ഉത്തരവിൽ വ്യക്തമാകുന്നത്. 2023–24-ൽ ലൈഫ് മിഷന് വകയിരുത്തിയ 717 കോടിയിൽ 333.09 കോടിയാണ് ലൈഫ് മിഷന് ധനവകുപ്പ് അനുവദിച്ചത്. ഇതിൽ ചെലവഴിച്ചത് 272.72 കോടിയും. ബാക്കി തുകയാണ് തിരിച്ചെടുത്തത്.

അതായത്, വകയിരുത്തിയ 717 കോടിയിൽ ചെലവാക്കിയത് 272.72 കോടി മാത്രം. 444.28 കോടി പാഴാക്കി. ലക്ഷക്കണക്കിനു പേർ വീടിനായി കാത്തുനിൽക്കുമ്പോഴാണ് നടപടി.

# പത്തുപേർ കുഴഞ്ഞുവീണു മരിച്ചു

കോട്ടയം: കോഴിക്കോട്ട് പോളിങ്ങിനിടെ ബൂത്ത് ഏജന്റ് ഉൾപ്പെടെ കേരളത്തിൽ പത്തുപേർ കുഴഞ്ഞുവീണ് മരിച്ചു. കോഴിക്കോട്ടും പാലക്കാട്ടും മൂന്നുപേർ വീതവും തൃശൂർ, ആലപ്പുഴ, മലപ്പുറം, ഇടുക്കി ജില്ലകളിൽ ഓരോരുത്തരുമാണ് മരിച്ചത്. കോഴിക്കോട് കുറ്റിച്ചിറ ജിവിഎച്ച്എസ്എസിലെ എൽഡിഎഫ് ബൂത്ത് ഏജന്റ് അനീസ് അഹമ്മദ് (66), നാദാപുരം വളയം ചെറുമോത്ത് കുന്നുമ്മൽ മാമി (65), തൊട്ടിൽപ്പാലം നാഗംപാറ ബൂത്തിലെത്തിയ കല്ലുമ്പുറത്ത് ബിമേഷ് (42) എന്നിവരാണ് കോഴിക്കോട്ട് മരിച്ചവർ.

ചിറ്റൂർ വിളയോടി പുതുശ്ശേരി കുമ്പാറ്റ് വീട്ടിൽ കണ്ടൻ (73), തേങ്കുറിശ്ശി വടക്കേത്തറയിൽ എസ്. ശബരി (32), ഒറ്റപ്പാലം ചുനങ്ങാട് വാണിവിലാസിനി മോടൻകാട്ടിൽ ചന്ദ്രൻ (68) എന്നിവരാണ് പാലക്കാട്ട് മരിച്ചത്. തൃശൂർ പേരാമംഗലം പുത്തൻവീട്ടിൽ നാരായണൻ (77), അമ്പലപ്പുഴയിൽ പി. സോമരാജൻ (76), പൊന്നാനി മണ്ഡലത്തിൽ ആലിക്കാനകത്ത് സിദ്ദിഖ് (63), ഇടുക്കി മറയൂരിൽ വള്ളി (45) എന്നിവരാണ് മരിച്ച മറ്റുള്ളവർ.






# കെജ്‌രിവാൾ അധികാരമോഹിയെന്ന് ഡൽഹി ഹൈക്കോടതി



ന്യൂഡൽഹി: മദ്യനയക്കേസിൽ അറസ്റ്റിലായി തിഹാർ ജയിലിൽ കഴിയുന്ന മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ അധികാരത്തിനു പിന്നാലെയാണെന്ന് ഡൽഹി ഹൈക്കോടതി.

ഡൽഹി മുനിസിപ്പൽ, കോർപ്പറേഷൻ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും യൂണിഫോമും വിതരണം ചെയ്യാത്തതുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കവെ ആക്ടിംഗ് ചീഫ് ജസ്റ്റിസ് മൻമോഹനാണ് കെജ്‌രിവാളിനെ രൂക്ഷമായി വിമർശിച്ചത്. മുഖ്യമന്ത്രി ജയിലിലായതിനാൽ ഉത്തരവിറക്കാനാവുന്നില്ലെന്ന് ഡൽഹി മന്ത്രി സൗരഭ് ഭരദ്വാജ് കോടതിയെ അറിയിച്ചപ്പോൾ വിദ്യാർത്ഥികളുടെ കാര്യത്തിൽ തീരുമാനം വേണമെന്നു കോടതി പറഞ്ഞു. ഇക്കാര്യത്തിൽ പ്രതികരിക്കാൻ നിർബന്ധിതരാവുകയാണെന്ന് കോടതി പറഞ്ഞു.

പാഠപുസ്തകവിതരണം കോടതിയുടെ ജോലിയല്ല. ചിലർ അതു ചെയ്യാത്തതിനാലാണ് കോടതിക്ക് ഇടപെടേണ്ടിവരുന്നത്. മുഖ്യമന്ത്രി അറസ്റ്റിലായപ്പോൾ ജയിലിൽനിന്ന് ഭരിക്കുമെന്നു പറഞ്ഞത് ഡൽഹി സർക്കാർ തന്നെയാണ്. മുഖ്യമന്ത്രി അധികാരത്തിനു പിന്നാലെയാണ്. അധികാരത്തിന്റെ ധാർഷ്ട്യമാണിത്. രാജ്യത്തിന്റെ താല്പര്യത്തേക്കാൾ വ്യക്തിതാല്പര്യങ്ങൾക്കാണ് പ്രാധാന്യം നല്കുന്നത്.

പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകാൻ മറ്റുള്ളവരെയും ഉൾച്ചേർത്ത് വിട്ടുകൊടുക്കുന്നവരാകണം നേതാക്കൾ. എന്നാൽ, ഇവിടെ അതു നടക്കുന്നില്ലെന്നും കോടതി പറഞ്ഞു. ഒന്നും നടക്കുന്നില്ലെന്നു സമ്മതിക്കുന്നതാണ് സർക്കാർ സമർപ്പിച്ച രേഖയെന്നും കോടതി കൂട്ടിച്ചേർത്തു. അറസ്റ്റിലായ മുഖ്യമന്ത്രിക്ക് അധികാരത്തിൽ തുടരാൻ നിയമ തടസ്സങ്ങളില്ലെന്നും അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കെജ്‌രിവാളാണെന്നും ജസ്റ്റിസ് മൻമോഹന്റെ ബെഞ്ച് മുമ്പ് വ്യക്തമാക്കിയിരുന്നു.

# സ്ത്രീധനത്തിൽ ഭർത്താവിന് അവകാശങ്ങളില്ല: സുപ്രീംകോടതി

ന്യൂഡൽഹി: പെൺവീട്ടുകാർ നൽകുന്ന സ്ത്രീധനത്തിൽ ഭർത്താവിന് അവകാശങ്ങളില്ലെന്ന് സുപ്രീംകോടതി. പ്രതിസന്ധി ഘട്ടത്തിൽ ഭാര്യയുടെ സ്ത്രീധനം ഉപയോഗിക്കാമെങ്കിലും അതു തിരിച്ചുകൊടുക്കാൻ ധാർമികമായ ബാധ്യത ഭർത്താവിനുണ്ടെന്ന് കോടതി വ്യക്തമാക്കി.

മലയാളി ദമ്പതിമാരുടെ കേസിൽ സ്വർണം നഷ്ടപ്പെടുത്തിയതിന് 25 ലക്ഷം രൂപ നൽകാൻ നിർദേശിച്ചുകൊണ്ട് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരുടെ ബെഞ്ചാണ് ശ്രദ്ധേയമായ നിരീക്ഷണം നടത്തിയത്. വിവാഹത്തിനു മുമ്പോ വിവാഹസമയത്തോ അതിനുശേഷമോ പെൺവീട്ടുകാർ അവൾക്ക് നൽകുന്ന വസ്തുക്കളെ സ്ത്രീധനം എന്നു പറയാം. അതിന്റെ പരിപൂർണ്ണമായ അവകാശം സ്ത്രീക്കു തന്നെയാണ്. അതവർക്ക് സ്വന്തം ഇഷ്ടപ്രകാരം വിനിയോഗിക്കാം. ഭർത്താവിന് സ്ത്രീധനവസ്തുക്കളിൽ ഒരു നിയന്ത്രണവുമില്ല. പങ്കാളികൾ തമ്മിലുള്ള പരസ്പര ബഹുമാനമാണ് വിവാഹമെന്ന സങ്കല്പത്തിന്റെ അടിസ്ഥാനമെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

2009-ൽ വിവാഹസമയത്ത് 89 പവൻ സ്വർണം സ്ത്രീധനമായി നല്കിയത് ഭർത്തൃവീട്ടുകാർ നഷ്ടപ്പെടുത്തിയെന്നായിരുന്നു പരാതി. വിവാഹത്തിനുശേഷം ഭാര്യാപിതാവ് രണ്ട് ലക്ഷം രൂപയുടെ ചെക്കും ഭർത്താവിന് നല്കി. എന്നാൽ, ആദ്യരാത്രിയിൽ തന്നെ ഭർത്താവ് സ്വർണാഭരണങ്ങൾ ഏറ്റെടുത്ത് ഭർത്തൃമാതാവിന് കൈമാറി. സൂക്ഷിച്ചുവെക്കാൻ എന്നു പറഞ്ഞാണ് സ്വർണം നല്കിയത്. എന്നാൽ, പിന്നീട് ഭർത്താവും ഭർത്തൃമാതാവും അത് അവരുടെ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കാൻ ഉപയോഗിച്ചു. ഈ സ്വർണം തിരിച്ചു ചോദിച്ച് കുടുംബക്കോടതിയെ സമീപിച്ചിരുന്നു. 2011-ൽ അനുകൂല വിധിയുണ്ടായെങ്കിലും കേരള ഹൈക്കോടതി വിധി മറിച്ചായി. അതോടെ സുപ്രീം കോടതിയിലെത്തുകയായിരുന്നു.

# രാഹുലിനെതിരെ അധിക്ഷേപം: അൻവറിനെതിരെ കേസ്

മണ്ണാർക്കാട്: രാഹുൽ ഗാന്ധിക്കെതിരെ അധിക്ഷേപ പരാമർശം നടത്തിയ പി.വി. അൻവർ എംഎൽഎയുടെ പേരിൽ നാട്ടുകൽ പോലീസ് കേസെടുത്തു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 153എ-1 (രണ്ട് വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധയുണ്ടാക്കൽ), ജനപ്രാതിനിധ്യ നിയമം വകുപ്പ് 125 (തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു വിദ്വേഷം വളർത്തൽ) എന്നിവ ചേർത്താണ് കേസ്. 153എ-1 വകുപ്പ് ജാമ്യമില്ലാത്തതാണ്.

എടത്തനാട്ടുകരയിൽ നടന്ന എൽഡിഎഫ് പൊതുയോഗത്തിലാണ് അൻവർ രാഹുൽ ഗാന്ധിയുടെ ഡിഎൻഎ പരിശോധിക്കണം എന്നതുൾപ്പെടെ അധിക്ഷേപപരാമർശം നടത്തിയത്. ഇതിനെതിരെ എറണാകുളം സ്വദേശിയായ അഡ്വ. എം. ബൈജു നോയൽ നല്കിയ പരാതിയെത്തുടർന്ന് മണ്ണാർക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നാട്ടുകൽ പോലീസിനോട് അന്വേഷിച്ചു നടപടിയെടുക്കാൻ നിർദ്ദേശിച്ചിരുന്നു.

# ശബരിമല വിമാനത്താവളം ഭൂമി ഏറ്റെടുക്കൽ ഹൈക്കോടതി തടഞ്ഞു

കൊച്ചി: ശബരിമല വിമാനത്താവളത്തിനായി കാഞ്ഞിരപ്പള്ളി ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ഹൈക്കോടതി രണ്ട് മാസത്തേക്ക് വിലക്കി. നിലവിലെ സ്ഥിതി തുടരണമെന്നും നിർദേശിച്ചു. ഭൂമി ഏറ്റെടുക്കുന്നത് തെറ്റായ ലക്ഷ്യത്തോടെ നിയമവിരുദ്ധമായാണെന്ന് ആരോപിച്ച് ബിലിവേഴ്സ് ചർച്ചിന്റെ നിയന്ത്രണത്തിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് നല്കിയ ഹർജിയിൽ ജസ്റ്റിസ് വിജി ഏബ്രഹാമിന്റേതാണ് ഇടക്കാല ഉത്തരവ്.

2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സർക്കാർ മാർച്ച് 13-ന് വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ, ഇതൊന്നും നിയമപരമായി നിലനില്ക്കില്ലെന്നാണ് ഹർജിയിലെ വാദം. സർക്കാരിന്റെയടക്കം വിശദീകരണം തേടിയ കോടതി ഹർജി മെയ് 27-ന് പരിഗണിക്കാൻ മാറ്റി.

# 'നോട്ട'യിൽ വിശദീകരണം തേടി സുപ്രീം കോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ട് 'നോട്ട'യ്ക്കു ലഭിച്ചാൽ ആ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ വിശദീകരണം ആവശ്യപ്പെട്ട് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നോട്ടീസ് അയച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പിൽ സൂറത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ നാമനിർദേശം തള്ളുകയും മറ്റു സ്ഥാനാർത്ഥികൾ നാമനിർദേശം പിൻവലിക്കുകയും ചെയ്തതിനെത്തുടർന്ന് ബിജെപി സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ എഴുത്തുകാരനും മോട്ടിവേഷണൽ സ്പീക്കറുമായ ശിവ് ഖേര സമർപ്പിച്ച പൊതുതാല്പര്യ ഹർജിയിലാണ് കോടതിയുടെ നടപടി.

നോട്ടയെ സാങ്കല്പിക സ്ഥാനാർത്ഥിയായി കാണണമെന്നും നോട്ടയ്ക്കു ഭൂരിപക്ഷം ലഭിക്കുന്ന മണ്ഡലങ്ങളിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നിയമനിർമാണം നടത്തണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.

നോട്ടയേക്കാൾ കുറച്ച് വോട്ട് നേടുന്ന സ്ഥാനാർത്ഥികളെ അഞ്ചു വർഷത്തേക്ക് എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിക്കുന്നതിൽ നിന്ന് വിലക്കണമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അദ്ധ്യക്ഷനായ ബെഞ്ചിനു മുമ്പാകെ സമർപ്പിച്ച ഹർജിയിൽ പറയുന്നു.

2013-ൽ സുപ്രീംകോടതിയുടെ നിർദ്ദേശത്തെ തുടർന്നാണ് വോട്ടിംഗ് യന്ത്രങ്ങളിൽ നോട്ട അവതരിപ്പിച്ചത്. മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ആരെയും വോട്ടർക്ക് താത്പര്യമില്ലെങ്കിൽ നോട്ടയ്ക്ക് വോട്ട് ചെയ്യാൻ സാധിക്കും. നിലവിലെ നിയമമനുസരിച്ച് നോട്ടയ്ക്കു ഭൂരിപക്ഷം വോട്ടുകൾ ലഭിച്ചാൽ നിയമപരമായ അനന്തരഫലം ഉണ്ടാകില്ല.

# ഉദ്ധവ് താക്കറെ കോൺഗ്രസിന് വോട്ട് ചെയ്യും

മുംബൈ: ചരിത്രത്തിലാദ്യമായി ശിവസേനാദ്ധ്യക്ഷൻ ഉദ്ധവ് താക്കറെ കോൺഗ്രസിന് വോട്ട് ചെയ്യും. മുംബൈ സെൻട്രൽ മണ്ഡലത്തിലെ വർഷ ഗെയ്ക്ക്‌വാദാണ് സ്ഥാനാർത്ഥി. മഹാരാഷ്ട്രയിലെ സീറ്റ് ധാരണപ്രകാരം മുംബൈയിലെ നാല് മണ്ഡലങ്ങളിൽ ശിവസേനയും രണ്ടിടത്ത് കോൺഗ്രസുമാണ് മത്സരിക്കുക. താക്കറെയുടെ വസതിയായ മാതോശ്രീ ബാന്ദ്ര ഈസ്റ്റ് മണ്ഡലത്തിലാണ് ഈ നിയമസഭാമണ്ഡലം. മുംബൈ നോർത്ത് സെൻട്രൽ ലോക്സഭാ മണ്ഡലത്തിന്റെ പരിധിയിലാണ്. താൻ വർഷ ഗെയ്ക്ക്‌വാദിന് വോട്ട് ചെയ്യുമെന്നാണ് താക്കറെ റിപ്പോർട്ടറോട് പറഞ്ഞത്. വർഷ മാതോശ്രീയിലെത്തി താക്കറേയുടെ പിന്തുണ തേടി. ധാരാവിയിൽ നിന്ന് നാല് തവണ തുടർച്ചയായി വർഷ എംഎൽഎയായിട്ടുണ്ട്. മുംബൈയിലെ ആറു മണ്ഡലങ്ങളിലും മെയ് 20-നാണ് വോട്ടെടുപ്പ്.



# പോളിംഗിലെ കുറവ്; ആശങ്കയുമായി മുന്നണികൾ

തിരുവനന്തപുരം: രാവിലെതന്നെ വോട്ടർമാർ കൂട്ടത്തോടെ വോട്ട് ചെയ്യാനെത്തിയപ്പോൾ റിക്കാർഡ് വോട്ടിംഗ് പ്രതീക്ഷിച്ചവരെ നിരാശപ്പെടുത്തിയാണ് വോട്ടെടുപ്പു പൂർത്തിയായത്. കഴിഞ്ഞ തവണ 77.68 ശതമാനമായിരുന്ന പോളിംഗ് ഇത്തവണ പരമാവധി വന്നാൽ 72 ശതമാനത്തിലെത്തും. വോട്ടിംഗിൽ കഴിഞ്ഞ തവണത്തേക്കാൾ അഞ്ചര ശതമാനത്തിന്റെയെങ്കിലും കുറവുണ്ടാകുമെന്ന് ഉറപ്പായിക്കഴിഞ്ഞു. ഇത് തെരഞ്ഞെടുപ്പുഫലത്തെ എങ്ങനെ സ്വാധീനിക്കുമെന്ന് മുന്നണികൾ കണക്കുകൂട്ടിത്തുടങ്ങി.

ഉയർന്ന വോട്ടിംഗ് യുഡിഎഫിനെ തുണയ്ക്കുമെന്നാണു പൊതുവേ കേരളത്തിൽ കരുതുന്നത്. കുറവുണ്ടായാൽ അതു യുഡിഎഫിനു ക്ഷീണമാകുമെന്നും പറയാറുണ്ട്. എൽഡിഎഫിന്റെ വോട്ടർമാരെ അവർ കൃത്യമായി പോളിംഗ് ബൂത്തിലെത്തിക്കുമെന്നതാണ് ഇതിനു കാരണമായി പറയുന്നത്.

ഇപ്പോൾ ബിജെപി കൂടി കേരളത്തിന്റെ രാഷ്ട്രീയ ചിത്രത്തിൽ സ്ഥാനം പിടിക്കുമ്പോൾ വോട്ടിംഗിലും വോട്ട് വിഹിതത്തിലും ഒരു ശതമാനം മാറ്റം പോലും ഫലത്തിൽ വലിയ മാറ്റം വരുത്തിയേക്കാം.

വോട്ട് ശതമാനത്തിൽ കുറവുണ്ടായെങ്കിലും അതു തങ്ങളെ ബാധിക്കില്ലെന്നാണ് യുഡിഎഫ് കേന്ദ്രങ്ങൾ ഉറപ്പിച്ചുപറയുന്നത്. യുഡിഎഫിന് അനുകൂലമായ തരംഗം ദൃശ്യമായിരുന്നു എന്നും പരമാവധി വന്നാൽ ഭൂരിപക്ഷത്തിൽ കുറവുണ്ടാകാനേ സാധ്യതയുള്ളൂ എന്നും അവർ പറയുന്നു. തങ്ങളുടെ വോട്ടർമാരെ കൃത്യമായി വോട്ട് ചെയ്യിച്ചു എന്നു പറയുമ്പോഴും ഇടതു കേന്ദ്രങ്ങൾ പ്രതികരണത്തിൽ വലിയ ആവേശം കാട്ടുന്നില്ല. ബിജെപി ഇപ്പോഴും ഒന്നിലേറെ സീറ്റുകളിൽ അട്ടിമറിക്കുള്ള സാധ്യത കാണുന്നു. അവർ പ്രതീക്ഷയർപ്പിക്കുന്ന തിരുവനന്തപുരത്തും തൃശൂരിലും കഴിഞ്ഞ തെരഞ്ഞെടുപ്പിലേതിനേക്കാൾ വോട്ടിംഗ് ശതമാനത്തിൽ കാര്യമായ കുറവുണ്ടായി. അതു നേട്ടമാകുമെന്ന് അവരും കരുതുന്നു.

എന്നാൽ, പോളിംഗ് ശതമാനം കൂടുന്നതും കുറയുന്നതും ഏതെങ്കിലും മുന്നണിക്കു ഗുണമോ ദോഷമോ ആകുന്നില്ലെന്നാണ് മുൻകാല കണക്കുകൾ പരിശോധിച്ചാൽ കാണാൻ കഴിയുക.

2004-ൽ 71.23 ശതമാനമായിരുന്നു വോട്ടിംഗ്. അന്ന് ഇടതുമുന്നണി 18 സീറ്റുകൾ തൂത്തു വാരി. യുഡിഎഫിന് ലഭിച്ചത് ഒരു സീറ്റ് മാത്രം. എൻഡിഎ സ്ഥാനാർത്ഥിയായിരുന്ന പി. സി. തോമസ് മൂവാറ്റുപുഴയിൽനിന്നു ജയിച്ചു. 2009-ൽ പോളിംഗ് ശതമാനം 73.17 ശതമാനമായി ഉയർന്നു. അന്ന് യുഡിഎഫിന് 16 സീറ്റുകളും എൽഡിഎഫിന് നാലു സീറ്റുകളും ലഭിച്ചു. 2014-ൽ പോളിംഗ് ശതമാനം വീണ്ടും വർധിച്ച് 74.02 ആയി ഉയർന്നു. അപ്പോൾ യുഡിഎഫ് സീറ്റുകൾ 12 ആയി കുറഞ്ഞു. എൽഡിഎഫ് എട്ടു സീറ്റുകളിലേക്കു കയറി. കഴിഞ്ഞ തവണ പോളിംഗ് 77.68 ശതമാനത്തിലേക്കു കുതിച്ചു കയറി. യുഡിഎഫ് 19 സീറ്റുകൾ തൂത്തുവാരി.

പോളിംഗ് ശതമാനത്തേക്കാൾ മുന്നണികൾ തമ്മിലുള്ള വോട്ട് വ്യത്യാസമാണ് സീറ്റുകളുടെ കാര്യത്തിൽ നിർണായകം. 2004-ൽ എൽഡിഎഫിന് യുഡിഎഫിനേക്കാൾ 7.7 ശതമാനം വോട്ട് കൂടുതലായി ലഭിച്ചു. എൽഡിഎഫ് 18 സീറ്റിൽ ജയിച്ചു. 2009-ൽ നേരെ തിരിച്ച് യുഡിഎഫിന് എൽഡിഎഫിനേക്കാൾ 7.7 ശതമാനം വോട്ട് കൂടുതലായി ലഭിച്ചു. യുഡിഎഫ് 16 സീറ്റിൽ ജയിച്ചു. 2014-ൽ ഇരുമുന്നണികളും തമ്മിലുള്ള വോട്ട് വ്യത്യാസം 1.87 ശതമാനം മാത്രമായിരുന്നു. അന്ന് യുഡിഎഫ് 12, എൽഡിഎഫ് എട്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് എൽഡിഎഫിനേക്കാൾ 12.16 ശതമാനം വോട്ടിന്റെ മേൽക്കൈ ഉണ്ടായിരുന്നു. ബിജെപിയുടെ വോട്ട് വിഹിതം 15.60 ശതമാനമായി ഉയർന്നിട്ടുപോലും മുന്നണികൾ തമ്മിലുള്ള വോട്ട് വ്യത്യാസം വളരെ വലുതായപ്പോഴാണ് യുഡിഎഫ് കേരളം തൂത്തുവാരിയത്. ഇത്തവണ വോട്ടർമാരുടെ എണ്ണത്തിൽ കഴിഞ്ഞ തവണത്തേക്കാൾ വർധനവുണ്ട്. എന്നാൽ വോട്ട് ചെയ്തവരുടെ എണ്ണം കഴിഞ്ഞ തവണത്തേക്കാൾ അല്പം കുറവാണ്.

ഇത്തവണ വോട്ടിംഗിൽ അഞ്ചര ശതമാനത്തിന്റെ കുറവുണ്ടെങ്കിലും മുന്നണികളുടെ വോട്ട് വിഹിതത്തിലെ വ്യത്യാസമായിരിക്കും വിധി നിശ്ചയിക്കുക. ഭരണവിരുദ്ധ വികാരമോ ന്യൂനപക്ഷ വോട്ട് ഏകീകരണമോ ഉണ്ടായിട്ടുണ്ടെങ്കിൽ വോട്ട് വിഹിതത്തിൽ കാര്യമായ വ്യത്യാസമുണ്ടാകാം എന്നു കരുതാം.

## ചിക്കാഗോ സെ. ജോർജ് യാക്കോബായ പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

ഷെവ. ജയ്മോൻ സ്കറിയ

ചിക്കാഗോ: ഓക്പാർക്ക് സെ. ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ 2024 മെയ് 4, 5 (ശനി, ഞായർ) തീയതികളിൽ പൂർവ്വാധികം കൊണ്ടാടുന്നതിന് കർത്താവിൽ ശരണപ്പെടുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് വെരി റവ. സ്കറിയ തേലാപ്പള്ളി കോർ എപ്പിസ്കോപ്പ നേതൃത്വം നല്കുന്നതാണ്. എല്ലാ വിശ്വാസികളും പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് വികാരി റവ.ഫാ. മാത്യു കരുന്നടയ്ക്കൽ, അസോസിയേറ്റ് വികാരി റവ.ഫാ. ലിജൂ പോൾ എന്നിവർ സ്നേഹപൂർവം ക്ഷണിക്കുന്നു.



മെയ് 4-ന് ശനിയാഴ്ച വൈകിട്ട് 6.30-ന് സന്ധ്യാപ്രാർത്ഥന, 7.30-ന് വചന ശുശ്രൂഷ, പ്രദക്ഷിണം, ആശീർവാദം, സ്നേഹവിരുന്ന് എന്നീ പരിപാടികളും മെയ് 5-ന് ഞായറാഴ്ച രാവിലെ 8.30-ന് പ്രഭാതപ്രാർത്ഥന, 9.30-ന് വി. മൂന്നിന്മേൽ കുർബാന, തുടർന്ന് പ്രദക്ഷിണം, ചെണ്ടമേളം, ആശീർവാദം, സ്നേഹവിരുന്ന്, ലേലം, കൊടിയിറക്ക് എന്നീ പരിപാടികളോടെ പെരുന്നാൾ ചടങ്ങുകൾ സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക് വർഗീസ് പാലമലയിൽ (വൈസ് പ്രസിഡണ്ട്) 224 659 0911, റെജിമോൻ ജേക്കബ് (ട്രസ്റ്റി) 847 877 6898, നിബു ജോർജ് (സെക്രട്ടറി) 630 544 0177.

## നന്ദകുമാറിനെ ഉപയോഗിച്ചത് ബിജെപി കേരളഘടകം അറിയാതെ

തിരുവനന്തപുരം: ഇടതുമുന്നണി കൺവീനർ ഇ.പി. ജയരാജനെ പാർട്ടിയിലെത്തിക്കാൻ കേരളത്തിന്റെ ചുമതലയുള്ള പ്രകാശ് ജാവഡേക്കർ ദല്ലാൾ നന്ദകുമാർ വഴി നടത്തിയ നീക്കത്തിൽ ബിജെപി കേരള ഘടകത്തിന് അതൃപ്തി. കേന്ദ്രനേതൃത്വം നടത്തിയ ഈ നീക്കങ്ങളൊന്നും കേരള നേതൃത്വത്തിൽ അധികമാരും അറിഞ്ഞിരുന്നില്ല. വോട്ടെടുപ്പിനു തൊട്ടു മുൻപ് ശോഭ സുരേന്ദ്രനെതിരെ പത്ത് ലക്ഷം രൂപയുടെ ആരോപണവുമായി ദല്ലാൾ നന്ദകുമാർ രംഗത്തു വന്നതോടെയാണ് ജയരാജന്റെ പേരിലേക്ക് കാര്യങ്ങളെത്തിയത്.

അനിൽ ആന്റണിയും പത്മജ വേണുഗോപാലും ഉൾപ്പെടെയുള്ള നേതാക്കൾ ബിജെപിയിലേക്കെത്തിയതും കേരളത്തിലെ മുതിർന്ന ഒന്നോ രണ്ടോ നേതാക്കൾ ഒഴികെ മറ്റാരും അറിയാതെ നടന്ന നീക്കങ്ങളിലൂടെയാണ്. ജയരാജന്റെ കാര്യത്തിൽ പ്രകാശ് ജാവഡേക്കർ നന്ദകുമാറിനെപ്പോലെ ഒരാളെ ഉപയോഗിച്ച് നീക്കം നടത്തിയത് പാർട്ടിയുടെ വിശ്വാസ്യതയെ തന്നെ ബാധിക്കുമെന്നാണ് സംസ്ഥാന നേതൃത്വം കരുതുന്നത്.

ഇതിനിടെ, എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻ പ്രകാശ് ജാവഡേക്കറുമായി ചർച്ച നടത്തിയ സംഭവത്തിൽ സിപിഐ അതൃപ്തി പ്രകടമാക്കി. സംഭവം സിപിഎം തിരുത്തുമെന്നു പ്രതീക്ഷിക്കുന്നതായി സിപിഐ സംസ്ഥാന ജനറൽ സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. ജാവഡേക്കറുമായുള്ള കൂടിക്കാഴ്ചയിൽ ജയരാജനു ജാഗ്രതക്കുറവുണ്ടായി. ദല്ലാളുമാരുമായി ഇടതുനേതാക്കൾ അടുപ്പം പുലർത്തരുത്. ഇപി എൽഡിഎഫ് കൺവീനർ സ്ഥാനം ഒഴിയണമോ എന്ന ചോദ്യത്തിന് ഇക്കാര്യത്തിൽ സിപിഎം ഉചിതമായ തീരുമാനമെടുക്കുമെന്നും തിരുത്താൻ ആർജവമുള്ള പാർട്ടിയാണ് സിപിഎം എന്നും ബിനോയ് വിശ്വം പറഞ്ഞു.

## ഡൽഹി പിസിസി പ്രസിഡണ്ട് രാജിവെച്ചു

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനിടെ കോൺഗ്രസിനു തിരിച്ചടിയായി പാർട്ടി ഡൽഹി ഘടകം പ്രസിഡണ്ട് അരവിന്ദർ സിങ് ലവ്‌ലി രാജിവെച്ചു.അരവിന്ദ് കെജ്‌രിവാളിന്റെ ആം ആദ്മി പാർട്ടിയുമായുള്ള കൂട്ടുകെട്ടിൽ പ്രതിഷേധിച്ചാണ് രാജിയെന്ന് ലവ്‌ലി പറഞ്ഞു. ബിജെപിയിൽ ചേരുമെന്ന അഭ്യൂഹം ശക്തമാണെങ്കിലും മറ്റൊരു പാർട്ടിയിലും ചേരില്ലെന്നും കോൺഗ്രസിന്റെ പ്രാഥമികാംഗത്വം രാജിവെച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അഴിമതിക്കേസിൽ എഎപി മന്ത്രിമാരെ ജയിലിലടച്ചിട്ടും ലോക്സഭാ തെരഞ്ഞെടുപ്പിൽ അരവിന്ദ് കെജ്‌രിവാളിന്റെ പാർട്ടിയുമായി കോൺഗ്രസ് സഖ്യമുണ്ടാക്കിയത് ഉചിതമായില്ലെന്ന് പാർട്ടി അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്ക് അയച്ച കത്തിൽ ലവ്‌ലി പറഞ്ഞു. 'ഈ വേദന എന്റേതു മാത്രമല്ല, കോൺഗ്രസിന്റെ എല്ലാ നേതാക്കളുടേതുമാണ്. ഞാനത് മല്ലികാർജുൻ ഖാർഗേയുമായി പങ്കുവെച്ചിട്ടുണ്ട്. ടിക്കറ്റ് വിതരണത്തിലെ അതൃപ്തി കൊണ്ടാണ് രാജിയെന്ന് ചിലർ അഭ്യൂഹങ്ങൾ പരത്തുന്നുണ്ട്. മൂന്നു ദിവസം മുമ്പ് ഞാൻ തന്നെയാണ് സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തിയത്' ലവ്‌ലി പറഞ്ഞു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.




For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഗോൾഡൻ ജൂബിലി വർഷ ആഘോഷങ്ങൾക്ക് തുടക്കമായി. മൗണ്ട് പ്ലെസന്റ് കമ്യൂണിറ്റി ഹാളിലെ നിറഞ്ഞുകവിഞ്ഞ സദസ്സിൽ നടന്ന ഫാമിലി നൈറ്റ് ആഘോഷപരിപാടികളിൽ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കും തുടക്കം കുറിച്ചു. ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളാണ് അസോസിയേഷൻ പ്ലാൻ ചെയ്യുന്നത്.

**ശ്രീകുമാർ ഉണ്ണിത്താൻ**



പ്രസിഡണ്ട് വർഗീസ് എം. കുര്യന്റെ (ബോബൻ) അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡണ്ട് സാമുവൽ ഈശോ (സുനിൽ ട്രൈസ്റ്റാർ) ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ ടെറൻസൺ തോമസ് ആമുഖപ്രസംഗം നടത്തി. സെക്രട്ടറി ഷോളി കുമ്പിളുവേലി അസോസിയേഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികളെപ്പറ്റിയും സംസാരിച്ചു. ട്രഷറർ ചാക്കോ പി. ജോർജ് (അനി), വൈസ് പ്രസിഡണ്ട് ജോയി ഇട്ടൻ, ജോ. സെക്രട്ടറി നിരീഷ് ഉമ്മൻ, ജോ. ട്രഷറർ അലക്സാണ്ടർ വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.

ഗോൾഡൻ ജൂബിലി വർഷ ആഘോഷങ്ങൾ പ്രസിഡണ്ട് വർഗീസ് എം. കുര്യൻ പ്രസ്ക്ലബ് പ്രസിഡണ്ട് സാമുവൽ ഈശോ, മുൻ പ്രസിഡണ്ടുമാരായ തോമസ് കോശി, ജെ. മാത്യൂസ്, കെ.ജെ. ഗ്രിഗറി, ജോൺ കെ. മാത്യു (ബോബി), എ.വി. വർഗീസ്, ടെറൻസൺ തോമസ്, ജോയി ഇട്ടൻ, ജോൺ ഐസക്, ഗണേഷ് നായർ, ശ്രീകുമാർ ഉണ്ണിത്താൻ, ആന്റോ വർക്കി, സെക്രട്ടറി ഷോളി കുമ്പിളുവേലിൽ, ട്രഷറർ ചാക്കോ പി. ജോർജ് (അനി), ജോ. സെക്രട്ടറി നിരീഷ് ഉമ്മൻ, ജോ. ട്രഷറർ അലക്സാണ്ടർ വർഗീസ് എന്നിവരും ചേർന്നു തിരികത്തിച്ചു. കമ്മിറ്റി മെംബേഴ്സിനു വേണ്ടി കെ.കെ. ജോൺസൺ, രാജൻ ടി. ജേക്കബ്, ഇട്ടൂപ്പ് ദേവസ്യ, സുരേന്ദ്രൻ നായർ, മാത്യു ജോസഫ്, ജോൺ തോമസ്, ജോർജ് കുഴിയാഞ്ഞാൽ, തോമസ് ഉമ്മൻ, തോമസ് പോയ്കയിൽ, ജോ ഡാനിയേൽ എന്നിവരും ഫൊക്കാനയെ പ്രതിനിധീകരിച്ച് ജോ. സെക്രട്ടറി ജോയി ചാക്കപ്പനും, റീജണൽ വൈസ് പ്രസിഡണ്ട് മത്തായി ചാക്കോയും ഫോമയെ പ്രതിനിധീകരിച്ച് ഷിനു ജോസഫ് എന്നിവരും തിരിതെളിച്ചു. മീഡിയയെ പ്രതിനിധീകരിച്ച് ജോസ് കാടാപുറവും ഷിജോ പൗലോസും പങ്കെടുത്തു.

അമ്പതു വർഷത്തെ പാരമ്പര്യം നെഞ്ചിലേറ്റി ഓരോ ഘട്ടങ്ങളിലും പുതുമയേറിയ ആശയങ്ങളും നൂതന പദ്ധതികളുമായാണ് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രവർത്തനങ്ങൾ എന്നും കാണാൻ സാധിച്ചിട്ടുള്ളതെന്ന് സുനിൽ ട്രൈസ്റ്റാർ അഭിപ്രായപ്പെട്ടു. രണ്ടായിരത്തി ഇരുപത്തിനാല് അസോസിയേഷന്റെ ഗോൾഡൻ ജൂബിലി വർഷമാണ്. നമ്മുടെ പൈതൃകവും സംസ്കാരവും പാരമ്പര്യവും വിശ്വാസവും എല്ലാം ഈ ഏഴാംകടലിനക്കരെയുള്ള ന്യൂയോർക്കിൽ നട്ടുവളർത്തിയെടുക്കാൻ മുൻകൈയെടുത്തവരെ പ്രത്യേകം അഭിനന്ദിച്ച് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് വർഗീസ് എം. കുര്യൻ സംസാരിച്ചു.

മുൻ പ്രസിഡണ്ടുമാരായിരുന്ന സെബാസ്റ്റ്യൻ ആഴത്ത്, നൈനാൻ ചാണ്ടി, കൊച്ചുമ്മൻ ജേക്കബ്, എം.വി. ചാക്കോ, ജോൺ ജോർജ്, രാജു സക്കറിയ, ഡോ. ഫിലിപ്പ് ജോർജ്, കെ.ജി. ജനാർദ്ദനൻ എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.



ഒരു സംഘടന ഗോൾഡൻ ജൂബിലി ആഘോഷിക്കുക എന്നത് ഒരു ചരിത്രം തന്നെയാണ്. പ്രത്യേകിച്ചും ജനിച്ച വീടും നാടും വിട്ട് മറ്റൊരു ഭൂമിയിലാകുമ്പോൾ ആ ചരിത്രമുഹൂർത്തത്തിനു പത്തരമാറ്റ് ഭംഗി കൂടും. ഈ സംഘടനയുടെ ഭാഗമാകുക മാത്രമല്ല അതിന്റെ ചരിത്രനിയോഗത്തിനൊപ്പം പങ്കാളിയാകുവാൻ സാധിച്ചു എന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ടെറൻസൺ തോമസ് അഭിപ്രായപ്പെട്ടു.

മാതൃഭാഷയായ മലയാളത്തോടും മലയാളി സമൂഹത്തോടും സ്നേഹമുള്ള ഒരു ചെറിയ സൗഹൃദ കൂട്ടായ്മയിൽ നിന്ന് മെല്ലെ വളർന്ന് വന്ന് ഇന്ന് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ എന്ന നാമധേയത്തിൽ അറിയപ്പെടുന്നത് പല വ്യക്തികളുടെ ശ്രമഫലമാണ്. നമ്മൾക്കും നമ്മുടെ തലമുറകൾക്കും ഒത്തുചേരുവാൻ കഴിയുന്ന ഒരു വലിയ വേദിയാക്കി മാറ്റിയ ഇതിന്റെ സ്ഥാപകനേതാക്കന്മാരെയും ഇതിന്റെ സാരഥികളായി പ്രവർത്തിച്ചവരെയും ഈയവസരത്തിൽ നമ്മൾ പ്രത്യേകം ആദരിക്കേണ്ടിയിരിക്കുന്നുവെന്ന് സെക്രട്ടറി ഷോളി കുമ്പിളുവേലി അഭിപ്രായപ്പെട്ടു.

ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90-ാം ഡിസ്ട്രിക്ടിലെ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന മുൻ പ്രസിഡണ്ടുകൂടിയായ ജോൺ ഐസക് ഏവരോടും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു സംസാരിച്ചു.

ബിന്ദ്യ ശബരിയും ടിപ്സി രാജ് എന്നിവർ ചേർന്ന് അവതരിപ്പിച്ച നൃത്തവും ബിന്ദ്യ ശബരിയുടെ നാടോടിനൃത്തവും ഏവരുടെയും മനം കവർന്നു. നാട്യമുദ്ര സ്കൂളിലെ ദിയ, ജിയ, അന്നപൂർണ്ണ, മേഘ്ന കാവ്യാ എന്നിവരുടെ നൃത്തങ്ങളും കൗശല, അൻവി, റിതിക, ദഹ്ലിയാ കിറ എന്നിവരുടെ ഡാൻസ് പ്രോഗ്രാമുകളും നയനമനോഹരമായിരുന്നു. സിനിഷ മേരി വർഗീസ്, ഹവാന സാറ മാത്യു, മൈൽസ് പൗലോസ്, സെലിൻ പൗലോസ് എന്നിവരുടെ ഗാനങ്ങളും സ്വരമധുരമായിരുന്നു. നിമിഷ ആൻ വർഗീസ് എംസിയായി പ്രവർത്തിച്ചു.

ശബരി നാഥ്, വേദ എന്നിവർ അവതരിപ്പിച്ച ഗാനസന്ധ്യ കേൾവിക്കാരെ സംഗീതലോകത്ത് എത്തിച്ചു. ആടിയും പാടിയും ഫാമിലി നൈറ്റ് ആഘോഷമാക്കി മാറ്റുവാൻ അവർക്ക് കഴിഞ്ഞു. പങ്കെടുത്ത ഏവർക്കും ട്രഷറർ ചാക്കോ പി. ജോർജ് നന്ദി രേഖപ്പെടുത്തി.



മഞ്ജുളചിന്തകൾ

# വീക്ഷണം ശക്തമായാലേ ഭാഷണം ശുദ്ധമാകൂ

പാസ്റ്റർ ജോൺസൺ സഖറിയ

വീക്ഷണമെന്നാൽ കേവലം ഒരു നോട്ടം മാത്രമല്ല, അതിൽ അവലോകനങ്ങളും വിലയിരുത്തലുകളും എല്ലാമുണ്ട്. ശക്തമായൊരു വീക്ഷണംകൊണ്ട് ഒരു നോട്ടംകൊണ്ട് കിട്ടാവുന്നതിലും അധികം സംഭരിക്കുവാൻ സാധിക്കും. എന്നാൽ, മുൻവിധിയോടെയുള്ള നോട്ടമായാലും വീക്ഷണമായാലും യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്നതൊന്നും കണ്ടെത്താൻ കഴിയുന്നില്ല. മുൻവിധികൾ കൊണ്ടും സംശയങ്ങളാലും മലീമസമായ മനസ്സ് ദുർമനസ്സാക്ഷിയുടെ സാക്ഷിക്കൂടായി മാറുന്നതിനാൽ എപ്പോഴും അതിൽനിന്നും മുഴുങ്ങുന്നത് വ്യാജങ്ങളുടെ ഘോഷങ്ങൾ തന്നെയായിരിക്കും. ആ സാക്ഷിക്കൂട്ടിൽ നിൽക്കുന്നവരുടെ തൊണ്ട 'തുറന്ന ശവക്കുഴിക്കു' സമാനവും. അതല്ലേ അനേകരും മൂക്കും പൊത്തി നിൽക്കുന്നത്.

യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുവാൻ എന്തുകൊണ്ടോ ചിലർക്കെങ്കിലും ചതുർത്ഥിയാണ്. സ്വയത്തിലെ പാളിച്ചകളാൽ വന്നുഭവിച്ച വീഴ്ചകളിൽ അനുതാപഹൃദയമുണ്ടാകേണ്ട സ്ഥാനത്ത് അഹങ്കാര ഹൃദയം ഉടലെടുത്തതിനാൽ സ്വയം നീതീകരിക്കുകയും മറ്റുള്ളവരെ വാക്കുകളാലും പ്രവൃത്തികൾ കൊണ്ടും കളങ്കിതപ്പെടുത്തുന്ന പ്രവണത ചിലരുടെ 'ഹോബി'യാണ്. ഒരപ്പന്റെ മക്കളും ഒരേ വിശ്വാസത്തിന്റെ അനുഭാവികളും ഇതു തുടരുന്നു എന്നുള്ളത് എത്ര ഭയാനകമാണ്! യാക്കോബിന്റെ മക്കൾ അവരുടെ സഹോദരനായ ജോസഫിനോട് പെരുമാറിയതൊക്കെ ആർക്കാണ് അറിയാത്തത്? അൾത്താരയിൽ ക്രൂശിതരൂപത്തിനു മുന്നിൽ നിന്നുകൊണ്ട് നാവിൽനിന്നും എയ്തുവിടുന്ന 'അമ്പുകൾ' ഏല്പിക്കുന്ന മുറിവുകൾ എന്നെങ്കിലും സുഖപ്പെടുമോ? "അപ്പം ഒന്നാകെ കൊണ്ട് പലരായ നാമും ഒന്നാണെന്ന്" പറയുന്നവർ എത്ര ചേരികളിലാണ് നിൽക്കുന്നത്? കുർബാനയുടെ സമയത്തെങ്കിലും സമാധാനമുണ്ടായിരുന്നതു കൂടി ഇന്ന് നഷ്ടപ്പെട്ടില്ലേ? ആർക്കാണ് ഇതിൽ മനസ്താപമുള്ളത്? നാം ചെയ്തുകൂട്ടുന്നതെല്ലാം ആർക്കു വേണ്ടി? ഏതായാലും ഒരുകാര്യം നമുക്കെല്ലാം അറിയാം. ദൈവത്തിന് ഇതിലൊന്നിലും യാതൊരു പ്രസാദവുമില്ല.

യേശുക്രിസ്തു ഒരിക്കൽ ബേത്സയിദയിൽ എത്തി. ചിലർ ഒരു കുരുടനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന് അവനെ സൗഖ്യമാക്കണമേയെന്ന് അപേക്ഷിച്ചു. യേശു ചില കാര്യങ്ങളൊക്കെ ചെയ്തതിനനന്തരം അവനോട് ചോദിച്ചു (മർക്കോസ് 8:22-26) നീ എ



ലേഖകൻ

ന്തെങ്കിലും കാണുന്നുവോ? അവന്റെ മറുപടി ആരെയും അമ്പരപ്പിക്കുന്നതാണ്. അതിലും വിചിത്രം നമ്മുടെ കൂട്ടത്തിൽ പോലും ആരും ഇത്രയ്ക്കും മണ്ടത്തരങ്ങൾ പറയുകയില്ല എന്നത് ഉറപ്പാണ്. കുരുടന്റെ മറുപടികളിലേക്കു നമുക്കൊരു വീക്ഷണം നടത്താം. അപ്പോഴേ അവന്റെ ഭാഷണത്തിലെ (സംസാരത്തിലെ) ശുദ്ധത മനസ്സിലാകൂ. നീ എന്തെങ്കിലും കാണുന്നുണ്ടോ എന്ന ചോദ്യം അവന്റെ കാതിൽ എത്തിയയുടൻ *അവൻ മുകളിലോട്ടു നോക്കി. ഉടൻ മുകളിൽ മനുഷ്യരെ കാണുന്നു, അവരെല്ലാം മുകളിൽ കൂടി നടക്കുന്നു. ഏറ്റവും വിചിത്രം അവരെല്ലാം നടക്കുന്നത് മരങ്ങൾ നടക്കുന്നതു പോലെയാണ്.* കുരുടൻ നോക്കിയപ്പോഴാണ് ഇതെല്ലാം കണ്ടത്. നോക്കി എന്ന വാക്കിന് ഇവിടെ വളരെ പ്രസക്തിയുണ്ട്. എന്നാൽ, അവൻ ഒന്നും കണ്ടില്ല എന്ന് വ്യക്തമാണ്. അവന്റെ ഊഹങ്ങൾ മാത്രമാണ് അവന്റെ വാക്കുകളിൽ നിന്നും നാം കേൾക്കുന്നത്.

ഇതുപോലെയുള്ള ദർശകർ, പ്രവാചകന്മാർ ഈ നൂറ്റാണ്ടിൽ എവിടെയും സുലഭമാണ്. അവർക്ക് പറയാൻ കഴിയും, ഞങ്ങൾ നിൽക്കുന്നത് യേശുവിന്റെ സമീപത്താണ്. ഞാൻ യേശുവിന്റെ സ്പർശനം അനുഭവിച്ചതും ശബ്ദം കേട്ടതുമാണ്.

പക്ഷേ, പറയുന്നത് മുഴുവൻ അസത്യവും അസംഭവ്യവുമാണ്. ഇങ്ങനെയുള്ളവരെ തിരിച്ചറിയുക. അവരുടെ വാക്കുകളിലെ പൊള്ളത്തരങ്ങൾക്ക് കൈയടിക്കരുത്. അന്ധൻ കണ്ണാടി വെച്ചാലും കണ്ണു കാണത്തില്ല എന്ന് അറിയാത്തവരാണ് ഇങ്ങനെയുള്ളവരേക്കാൾ അന്ധൻ. ഊഹാപോഹങ്ങളുടെ പ്രസംഗങ്ങൾ, പ്രവചനങ്ങൾ, അടവുകൾ, അഭ്യാസങ്ങൾ അങ്ങനെ അനവധി ഇരുട്ടിന്റെ പ്രവൃത്തികൾ ആത്മികർ എന്ന് പറയുന്നവർ അഭിനയിച്ചു സ്റ്റേജുകൾ വർദ്ധിപ്പിക്കുമ്പോൾ, നിങ്ങളുടെ പോക്കറ്റടിക്കുമ്പോൾ ഓടിമാറു. അല്ലെങ്കിൽ നിങ്ങളുടെ കണ്ണുകൾ കൂടി ചൂഴ്ന്നെടുത്ത് കോടികൾ സമ്പാദിക്കും. എന്നാൽ, സത്യം പറഞ്ഞാൽ ആര് കേൾക്കും?

## മോളി മാത്യു അന്തരിച്ചു

ന്യൂജേഴ്സി: നാല് പതിറ്റാണ്ടായി സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയ വികാരിയായ റവ.ഡോ. ബാബു കെ. മാത്യുവിന്റെ (ബാബു അച്ചൻ) ഭാര്യ മോളി മാത്യു (മോളി കൊച്ചമ്മ-64) അന്തരിച്ചു. ബാബു അച്ചനും കൊച്ചമ്മയും




തങ്ങളുടെ 45-ാം വിവാഹവാർഷികം ആഘോഷിക്കുന്ന ദിനത്തിൽ വന്നെത്തിയ വേർപാട് സമൂഹത്തെയാകെ ഞെട്ടിച്ചു. അച്ചനും മക്കളായ റോബിൻ മാത്യു, ഡോ. ജെയ്സൻ മാത്യു, കെവിൻ മാത്യു, മരുമക്കളായ മേരി മാത്യു, ഡോ. മിറിയം മാത്യു, ക്രിസ്റ്റൽ മാത്യു, കൊച്ചുമക്കൾ ജാക്സൺ, പെനിലോപ്പ്, സൊയി, സിലാസ് എന്നിവരുൾപ്പെടെ ദുഃഖാർത്തരായ എല്ലാ കുടുംബാംഗങ്ങൾക്കും സ്നേഹവും പ്രാർത്ഥനയും അർപ്പിക്കുന്നതായി പള്ളി സെക്രട്ടറി ജെറീഷ് വർഗീസ് അറിയിച്ചു.

ഒപ്പം മോളി കൊച്ചമ്മയുടെ സഹോദരങ്ങളായ ജെയിംസ് തോമസ് (പൊന്നച്ചൻ), സൂസൻ തോമസ്, സാമുവൽ തോമസ് (ജോസുകുട്ടി) എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അനുശോചനം അറിയിച്ചു.

വാർത്ത: ജിനേഷ് തമ്പി

## പി.സി.എൻ.എ.കെ കോൺഫറൻസിൽ മെഡിക്കൽ പ്രഫഷണലുകൾക്കായി സെമിനാർ

നിബു വെള്ളവന്താനം





ന്യൂയോർക്ക്: ഹൂസ്റ്റണിൽ വെച്ച് നടത്തപ്പെടുന്ന മലയാളി പെന്തെക്കോസ്ത് കോൺഫറൻസിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കുന്നവർക്കായി മെഡിക്കൽ സെമിനാർ നടത്തപ്പെടുന്നു. നേഴ്സ് പ്രാക്ടീഷണർമാർക്കും രജിസ്റ്റേർഡ് നേഴ്സുമാർക്കുമായി യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് മെഡിക്കൽ ബ്രാഞ്ച് (യു.ടി.എം.ബി) ഹെൽത്ത് അംഗീകരിച്ച സി.ഇ. ക്രെഡിറ്റുകൾ നേടുന്നതിന് ഈ അവസരം ഉപയോഗിക്കാം.

യുണൈറ്റഡ് സ്റ്റേറ്റ്സിലെയും കാനഡയിലെയും മലയാളി പെന്തെക്കോസ്ത് മെഡിക്കൽ പ്രഫഷണലുകൾക്ക് ലൈസൻസുകൾ നിലനിർത്തുന്നതിനായും ഫെലോഷിപ്പിന്റെയും നെറ്റ്വർക്കിങ്ങിന്റെയും മികച്ച അപ്ഡേറ്റുകൾ നേടുവാനുള്ള അവസരവുമായിരിക്കും. ജൂലൈ 4 മുതൽ 7 വരെ ഹൂസ്റ്റൺ ജോർജ് ആർ. ബ്രൗൺ കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന 39-ാമത് കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുവരെയും രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തവർ എത്രയും വേഗം ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഡോ. സാറാ എബ്രഹാം (832) 419 1928, സൂസൻ ജോസഫ് (832) 314 7597.

## കേരള അസോസ്സിയേഷൻ ഓഫ് നാഷ്‌വിൽ യൂത്ത് ഫോറം ലോകഭൗമദിനം ആഘോഷിച്ചു

നാഷ്‌വിൽ: കേരള അസോസ്സിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ)-ന്റെ യൂത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 24 USA സീ2സ്കൈ (Sea2sky) പ്രോഗ്രാമുമായി കൈകോർത്തുകൊണ്ട് നാഷ്‌വിൽ ബെൽവ്യൂവിലുള്ള കമ്മ്യൂണിറ്റി ഗാർഡനായ ബെൽ ഗാർഡനിൽ ലോകഭൗമദിനം (Earth Day) ആഘോഷിച്ചു. കുട്ടികളും മുതിർന്നവരുമായി ഇരുപതിലധികം വരുന്ന വോളണ്ടിയർമാർ ചെടികളും വൃക്ഷങ്ങളും നട്ടും നി



ലം പരുവപ്പെടുത്തിയും കമ്പോസ്റ്റ് പാകപ്പെടുത്തിയും കളകൾ പറിച്ചും ആയിരുന്നു ഇത് സാധ്യമാക്കിയത്.

പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിൽ ലോകഭൗമദിനം നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ലോകഭൗമദിനത്തിന്റെ പ്രസക്തി, പരിസ്ഥിതി സംരക്ഷണം, മരം ഒരു വരം തുടങ്ങിയവയൊക്കെ കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനുള്ള ഒരു അവസരം എന്ന നിലയിൽ ഇത് വളരെയേറെ പ്രയോജനപ്രദമായിരുന്നു.

ദേശീയ തലത്തിൽ വിശേഷപ്പെട്ട ബഹുമതിയായ Presidential Volunteer Service Award ലഭിക്കുന്നതിനുള്ള സേവനസമയം ഇതിൽ പങ്കെടുത്ത എല്ലാവർക്കും കാൻ നൽകും. ഇതെല്ലാം തന്നെ തുടർ വർഷങ്ങളിൽ കൂടുതൽ ഇത്തരത്തിലുള്ള പരിപാടികൾ പങ്കെടുക്കുന്നതിനുള്ള ആവേശം നൽകുകയും ചെയ്തു.

24 USA സീ2സ്കൈ (Sea2sky) പ്രോഗ്രാമിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നോർത്ത് അമേരിക്കയിൽ വിവിധ പ്രകൃതിസംരക്ഷണ ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. അതിന്റെ ഭാഗമായി ഈ വർഷം ലോകഭൗമദിനത്തോടനുബന്ധിച്ചു അഞ്ഞൂറോളം വൃക്ഷത്തൈകൾ അമേരിക്കയിലെ വിവിധ സിറ്റികളിലായി വെച്ചുപിടിപ്പിക്കുകയായിരുന്നു.

അതിനോടനുബന്ധിച്ച് കാൻ നാഷ്‌വില്ലിലെ ദൗത്യം ഏറ്റെടുക്കുകയാണ് ചെയ്തത്. ഈ പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാ വോളണ്ടിയർമാർക്കും 24 ന്യൂസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

ഏപ്രിൽ 22-ന് ആണ് ലോകഭൗമദിനം ആയി ആചരിക്കുന്നത്. ഭൂമിയുടെ സംരക്ഷണമാണ് ഭൗമദിനാചരണ ലക്ഷ്യം. ജനങ്ങളിൽ പരിസ്ഥിതിയെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ 1970 ഏപ്രിൽ 22-നു അമേരിക്കയിലാണ് ആദ്യത്തെ ഭൗമദിനം ആചരിച്ചത്.

കാൻ യൂത്ത് കമ്മിറ്റി ചെയർ ഷാഹിന കോഴിശേരി ലോകഭൗമദിന ആഘോഷങ്ങൾക്ക് നേതൃത്വം നല്കി. കാൻ പ്രസിഡണ്ട് ഷിബു പിള്ള, വൈസ് പ്രസിഡണ്ട് ശങ്കർ മന, മുൻ പ്രസിഡണ്ട് അശോകൻ വട്ടക്കാട്ടിൽ, ഔട്ട് റീച്ച് കമ്മിറ്റി ചെയർ മനോജ് രാജൻ, വുമെൻ കമ്മിറ്റി ചെയർ സുമ ശിവപ്രസാദ് എന്നിവർ വോളണ്ടിയർ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

യൂത്ത് ഫോറത്തിന്റെ വോളണ്ടിയർമാരായ ടിന മനോജ്, ശിവദ ലിനു, ശിവാനി ശിവപ്രസാദ്, സാന്ദ്ര ശിവപ്രസാദ്, നിരഞ്ജൻ ഷിബു, ആനന്ദ് രാജു, ദ്രവീണ ഭട്ട്, ഇഷാൽ അഹമ്മദ് മച്ചിങ്ങൽ എന്നിവരും കാനിന്റെ വോളണ്ടിയർമാരായ രാജു കാണിപ്പയ്യൂർ, ലിനു രാജ്, വിഷ്ണുപ്രിയ ഷിബു എന്നിവരും വോളണ്ടിയറിങ്ങിൽ സജീവമായി പങ്കെടുത്തു.

# സിഎംഎ കലാമേള: ജയ്ഡൻ ജോസ് കലാപ്രതിഭ; ഇസബൽ റോസ് വടകര കലാതിലകം

ഫോട്ടോ: മോനു വർഗീസ്

ആൽവിൻ ഷിക്കോർ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കലാമേള - 2024 സമാപിച്ചു. മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസി റിൻസി ഉദ്ഘാടനം ചെയ്ത ഈ വർഷത്തെ കലാമേളയിൽ, മലയാളി അസോസിയേഷന്റെ ചരിത്രത്തിലെ തന്നെ ഏറ്റവുമധികം മത്സരാർത്ഥികൾ പങ്കെടുത്തു. അഞ്ച് വേദികളിലായി 24 ഇനങ്ങളിൽ സബ്ജൂണിയർ, ജൂണിയർ, സീനിയർ, മാസ്റ്റേഴ്സ് എന്നീ വിഭാഗങ്ങളിലായി ഏകദേശം ആയിരത്തിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

കലാമേള 2024 - ലെ കലാപ്രതിഭയായി മാസ്റ്റർ ജയ്ഡൻ ജോസും കലാതിലകമായി കുമാരി ഇസബൽ റോസ് വടകരയും തെരഞ്ഞെടുക്കപ്പെട്ടു. കുമാരി സാരംഗി ടി. ആചാരി, കുമാരി നിയ ജോസഫ്, കുമാരി അലോണ ജോർജ് എന്നിവർ വിവിധ വിഭാഗങ്ങളിലായി റൈസിംഗ് സ്റ്റാർ അവാർഡിന് അർഹരായി. പ്രവീണിന് മെമ്മോറിയൽ കലാതിലകം ട്രോഫിയും ജോൺസൺ കണ്ണൂക്കാടൻ സ്പോൺസർ ചെയ്ത കലാപ്രതിഭ ട്രോഫിയുമുൾപ്പെടെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സീറോമലബാർ കാത്തലിക് കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പിള്ളി സമ്മാനദാനം നിർവഹിച്ചു.

ഈ വർഷത്തെ കലാമേളയിൽ വർത്തമാനകാലത്തിൽ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിവിധ സംഭവവികാസങ്ങൾ കലാരൂപങ്ങളിലൂടെ പൊതുസമൂഹത്തിൽ അവതരിപ്പിക്കുവാൻ മത്സരാർത്ഥികൾ ശ്രമിച്ചു എന്നത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്ന കാര്യമാണെന്ന് ചിക്കാഗോ മലയാളി അസോസിയേഷൻ സെക്രട്ടറി ആൽവിൻ ഷിക്കോർ അഭിപ്രായപ്പെട്ടു. മൺമറഞ്ഞ മലയാള കവി അനിൽ പനച്ചൂരാന്റെ അനാഥൻ എന്ന കവിത മുതൽ ഈ അടുത്തിടെ ലോകം ഒന്നാകെ അത്ഭുതത്തോടെ ശ്രവിച്ച ആമസോൺ വനാന്തരങ്ങളിൽ അകപ്പെട്ടു പോയ കുട്ടികളുടെ അതിജീവനത്തിന്റെ വാർത്തയും ഈ അടുത്തിടെ മലയാള സിനിമയെ ലോകത്ത് ചർച്ചയാക്കി മാറ്റിയ ബെന്യാമിന്റെ ആടുജീവിതം, മലയാളി സമൂഹത്തിന്റെ ആത്മാഭിമാനത്തിന് കളങ്കമായി മാറിയ മധുവിന്റെ ആൾക്കൂട്ട കൊലപാതകം ഉൾപ്പെടെ വിവിധ വിഷയങ്ങൾ മത്സരാർത്ഥികൾ ഉയർത്തിക്കൊണ്ടുവന്നു എന്നത് വളരെ അഭിനന്ദനങ്ങൾ അർഹിക്കുന്നതാണെന്നും ഇപ്രകാരം നമ്മുടെ നാട്ടിലെ വിവിധ വിഷയങ്ങൾ പുതിയ തലമുറയ്ക്ക് മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ അവരെ പരിശീലിപ്പിക്കാൻ തയ്യാറായ എല്ലാ മാതാപിതാക്കൾക്കും ചിക്കാഗോ മലയാളി അസോസിയേഷന്റെ കൃതജ്ഞത പ്രസിഡണ്ട് ജെസി റിൻസി അറിയിച്ചു.

തുടർന്നുള്ള വർഷങ്ങളിലും ഇതിലും മികച്ച രീതിയിൽ യുവജനങ്ങളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ വേദി ചിക്കാഗോ മലയാളി അസോസിയേഷൻ ക്രമീകരിക്കുമെന്ന് അസോസിയേഷൻ ട്രഷറർ മനോജ് അച്ചേട്ട് അറിയിച്ചു. ഈ വർഷത്തെ കലാമേളയിൽ മുൻവർഷങ്ങളേക്കാൾ അധികമായി മത്സരാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്. ഈ കലാമേള ഭംഗിയായി ക്രമീകരിക്കുവാൻ സാധിച്ചത് കലയെ സ്നേഹിക്കുന്ന ഒരു വലിയ സമൂഹത്തിന്റെ പിന്തുണയും സഹകരണവും കൊണ്ടാണെന്നും ഇതിൽ പങ്കാളികളായ കുട്ടികൾ, അവർക്ക് പിന്തുണ നല്കിയ മാതാപിതാക്കൾ, അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർ, വിധികർത്താക്കൾ എന്നിവർക്ക് കലാമേള ചെയർമാൻ സജി മാലിതുരുത്തിൽ നന്ദി അറിയിച്ചു.

ഈ വർഷത്തെ കലാമേളയുടെ സുഗമമായ നടത്തിപ്പിനായി സജി മാലിത്തുരുത്തിൽ ചെയർമാനായും സാറാ അനിൽ, സന്തോഷ് വി. ജോർജ് എന്നിവർ കോ - ഓർഡിനേറ്റേഴ്സായും സിഎംഎ ബോർഡ് മെംബേഴ്സ് ഷൈനി ഹരിദാസ്, ഫിലിപ്പ് ലൂക്കോസ്, വിവിഷ് ജേക്കബ്, തോമസ് വിൻസെന്റ്, വർഗീസ് തോമസ് മോനി, പ്രിൻസ് ഈപ്പൻ, കിഷോർ കണ്ണാല, ജോഷി പൂവത്തുങ്കൽ, ജോസ് മണക്കാട്, ജയ്സൺ മാത്യു, ലീല ജോസഫ്, നിഷ സജി, സൂസൻ വി. ചാക്കോ, സജി തോമസ്, ബോബി ചിറയിൽ, സി.ജെ. മാത്യു എന്നിവരും സിഎംഎ മുൻ ഭാരവാഹികളായ ജോൺസൺ കണ്ണൂക്കാടൻ, അച്ചൻകുഞ്ഞ് മാത്യു, ബ്രിജിറ്റ് ജോർജ്, ടോബിൻ മാത്യു, നിഷ എറിക് എന്നിവരും സിഎംഎ മെംബേഴ്സായ മറ്റനവധി പേരും വിവിധ സബ് കമ്മിറ്റികൾക്ക് നേതൃത്വം നല്കി. ഈ വർഷത്തെ കലാമേള ഭംഗിയായി ക്രമീകരിക്കുവാൻ സഹായിച്ച ഏവരോടുമുള്ള നന്ദി ചിക്കാഗോ മലയാളി അസോസിയേഷനു വേണ്ടി പ്രസിഡണ്ട് ജെസി റിൻസി അറിയിച്ചു.























കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024













**'നിങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ കൂടുതൽ സ്വപ്നം കാണാനും കൂടുതൽ പഠിക്കാനും പ്രേരിപ്പിക്കുകയാണെങ്കിൽ നിങ്ങൾ ഒരു നേതാവ് ആണ്'**

# ജെയിംസ് കൂടൽ ഒ.ഐ.സി.സി ഗ്ലോബൽ പ്രസിഡന്റ്

പത്തനംതിട്ടയുടെ മലയോര ഗ്രാമമായ കൂടലിൽ നിന്ന് ആഗോളതലത്തിൽ വളർന്ന ഒരു സമ്പൂർണ്ണ കോൺഗ്രസ് നേതാവിനെ, ഒരു സംസ്കാരിക പ്രവർത്തകനെ, ഒരു മാധ്യമ പ്രവർത്തകനെ, ഈ വഴിത്താരയിൽ പരിചയപ്പെടാം. ജെയിംസ് കൂടൽ ഓവർസീസ് ഇൻഡ്യൻ കൾച്ചറൽ കോൺഗ്രസ് ഒ.ഐ.സി.സി. Inc. ഗ്ലോബൽ പ്രസിഡന്റ്.

### പ്രവർത്തന വഴികൾ

അമേരിക്കയിൽ നിന്നുള്ള ലോക കേരള സഭാ അംഗം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാനായും പ്രവർത്തിച്ചു വരികയാണ്. അമേരിക്കയിലെ ഹൂസ്റ്റൺ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗ്ലോബൽ ഇന്ത്യൻ മീഡിയ ചെയർമാനും എം.എസ്.ജെ ബിസിനസ് ഗ്രൂപ്പ് ശൃംഖലയുടെ ചെയർമാനുമാണ് ജെയിംസ് കൂടൽ. 1994 മുതൽ ബഹ്റിനിലും 2015 മുതൽ യു.എസ്.എയിലുമായി വിവിധ മേഖലകളിൽ സേവനം നടത്തിവരുന്നു. പൊതുപ്രവർത്തനം, ജീവകാരുണ്യം, മാധ്യമം തുടങ്ങി വിവിധ മേഖലകളിലെ സജീവ സാന്നിധ്യമാണ്. വേൾഡ് മലയാളി കൗൺസിൽ മുൻ ഗ്ലോബൽ ട്രഷററായിരുന്നു. ഇക്കാലയളവിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകിയത്.

അഖില കേരള ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായി. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡന്റ്, ബഹ്റിൻ ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിലുള്ള കോഡിനേഷൻ കമ്മിറ്റി ഓഫ് ഇന്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറി, ഇന്ത്യൻ കമ്യൂണിറ്റി റിലീഫ് ഫണ്ടിന്റെ പേട്രൻ, ഓവർസീസ് ഇന്ത്യൻ കോൺഗ്രസ് ഗ്ലോബൽ ട്രഷറർ, ബഹ്റിൻ നാഷണൽ കമ്മിറ്റി പ്രസിഡന്റ്, ജയ്ഹിന്ദ് ചാനൽ ബഹ്റിൻ ബ്യൂറോ ചീഫ്, നോർക്ക അഡ്വൈസറി ബോർഡ് അംഗം, മഹാത്മാഗാന്ധി കൾച്ചറൽ ഫോറം ബഹ്റിൻ ഫോറം പ്രഥമ ചെയർമാൻ, കോൺഗ്രസ് കലഞ്ഞൂർ മണ്ഡലം പ്രസിഡന്റ്, അടൂർ താലൂക്ക് റബർ മാർക്കറ്റിങ് സൊസൈറ്റി ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്ക സഭ അമേരിക്ക കാനഡ പാസ്റ്ററൽ കൗൺസിൽ അംഗം ആണ് ജെയിംസ് കൂടൽ.

### കെ.എസ്.യു.വും ബാലജന സഖ്യവും നൽകിയ ബാലപാഠം

കൂടൽ ഗവൺമെന്റ് ഹൈസ്കൂൾ പഠനകാലത്ത് കെ.എസ്.യു. രാഷ്ട്രീയത്തിൽ ആകൃഷ്ടനാവുകയും തുടർന്ന് കെ.എസ്.യു സ്കൂൾ യൂണിറ്റ് പ്രസിഡന്റായി വളരുകയും വിദ്യാർത്ഥി സമ്മതനായ നേതാവായി മാറുകയും ചെയ്തു. തുടർന്ന് പത്തനംതിട്ട കാതോലിക്കറ്റ് കോളേജിൽ പ്രീഡിഗ്രി പഠന കാലത്തും കെ.എസ്.യുവിൽ സജീവ പ്രവർത്തകനായി. ആ സമയത്ത് കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ അഖില കേരള ബാലജനസഖ്യത്തിന്റെ പ്രവർത്തകനായി. കോന്നി യൂണിയൻ വൈസ് പ്രസിഡന്റായി. പ്രീഡിഗ്രിക്ക് ശേഷം ജീവിത വിജയത്തിന് ഒരു തൊഴിൽ പഠനം അനിവാര്യമെന്ന് തോന്നി. പന്തളം എൻ.എസ്.എസ് പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് ചേർന്നു. അവിടെയും കെ.എസ്.യുവിന്റെ പ്രവർത്തകനായി തുടർന്നു. പോളിക്ക് ശേഷം ഡിഗ്രി പഠനത്തിനായി പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ചേർന്നു. അവിടെ കെ. എസ്.യു യൂണിറ്റ് സെക്രട്ടറിയായി. കോളേജ് യൂണിയൻ മെമ്പറായി. അതിനു ശേഷം 1992-ൽ നടന്ന കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ എ.കെ. ആന്റണിക്കൊപ്പം നിന്നുകൊണ്ട് 23-ാമത്തെ വയസിൽ കോൺഗ്രസിന്റെ കലഞ്ഞൂർ മണ്ഡലം പ്രസിഡന്റായി. മറ്റ് നേതാക്കളുടെ വളർച്ചയിൽനിന്ന് വ്യത്യസ്തമായി കെ.എസ്.യു പ്രവർത്തനത്തിൽനിന്ന് നേരിട്ട് കോൺഗ്രസ് പ്രവർത്തകനായി മാറുകയായിരുന്നു. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മണ്ഡലം പ്രസിഡന്റ് എന്ന വിശേഷണം കൂടി ലഭിച്ചു. കോൺഗ്രസ് രാഷ്ട്രീയത്തിൽ സജീവമായതോടെ പ്രാദേശിക രാഷ്ട്രീയത്തിലും ശ്രദ്ധവെച്ചു. ദീർഘകാലം ഇടതുപക്ഷത്തിന്റെ കൈയ്യിലായിരുന്ന അടൂർ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ നിയന്ത്രണം കോൺഗ്രസിന്റെ നേതൃത്വത്തിലേക്ക് എത്തിക്കുന്നതിൽ അടൂർ പ്രകാശിനോടൊപ്പം പ്രവർത്തിച്ച് ഡയറക്ടർ ബോർഡ് അംഗവുമായി.

### അപ്രതീക്ഷിത ഗൾഫ് യാത്ര

ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദം കൂടി വന്നപ്പോൾ രാഷ്ട്രീയ വളർച്ചയുടെ പാതി പിന്നിട്ട സമയത്ത് ഗൾഫിലേക്ക് ഒരു പറിച്ചുനടൽ അനിവാര്യമായിരുന്നു. പക്ഷെ അത് മനസ്സില്ലാമനസ്സോടെ ആയിരുന്നു. ബഹ്റിനിലെ ഗൾഫ് കമ്പനിയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറായി ജോലി ലഭിച്ചു. അക്കാലത്ത് കോൺഗ്രസിന്റെ യുവ ശബ്ദമായിരുന്ന ചെറിയാൻ ഫിലിപ്പ് അന്ന് കേരള ദേശീയവേദി എന്ന സംഘടനയുണ്ടാക്കി. ഉടൻതന്നെ കേരള ദേശീയ വേദിയുടെ ബഹ്റിൻ ചാപ്റ്ററിന് ജെയിംസ് കൂടൽ തുടക്കമിടുകയും ചാപ്റ്റർ ജനറൽ സെക്രട്ടറിയായി പ്രവർത്തനം തുടങ്ങുകയും ചെയ്തു.

### ഇന്ത്യൻ ഓവർസീസ് കൾച്ചറൽ കോൺഗ്രസിന് തുടക്കം

പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടിക്കെതിരെ ചെറിയാൻ ഫിലിപ്പ് സ്ഥാനാർത്ഥി ആയ സമയം, കേരള ദേശീയവേദി പിരിച്ചുവിടുകയും ഇന്ത്യൻ ഓവർസീസ് കൾച്ചറൽ കോൺഗ്രസ് രൂപീകരിക്കുകയും. ആ കാലയളവിൽ നോർക്ക ഉപദേശക സമിതി അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

രമേശ് ചെന്നിത്തല കെ.പി.സി.സി പ്രസിഡന്റ് ആയപ്പോൾ വിദേശത്തുള്ള കോൺഗ്രസ് സംഘടനകളെ യോജിപ്പിച്ചു കൊണ്ട് ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് എന്ന പേര് എല്ലാ ഓവർസീസ് കോൺഗ്രസ് സംഘടനകൾക്കും നൽകുകയുണ്ടായി. ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ബഹ്റിൻ ചാപ്റ്റർ പ്രസിഡന്റായി ജെയിംസ് കൂടൽ നിയമിതനായി. ജയ്ഹിന്ദ് ചാനലിന്റെ ബഹ്റിൻ ബ്യൂറോ ചീഫ് ആയും പ്രവർത്തനം തുടങ്ങുമ്പോൾ ഒ.ഐ.സി.സി. ആദ്യ ഗ്ലോബൽ കമ്മറ്റിയുടെ ട്രഷറർ ആയും ചുമതല ലഭിച്ചു. പത്മശ്രീ സി.കെ. മേനോൻ ആയിരുന്നു പ്രസിഡന്റ്. ബഹറിൻ ഇന്ത്യൻ എംബസിയുടെ കീഴിലുള്ള 104-ൽപരം സംഘടനകളുടെ പൊതുവേദിയായ ഇന്ത്യൻ സി.സി.ഐ.എ (കോർഡിനേഷൻ കമ്മിറ്റി ഓഫ് ഇന്ത്യൻ അസോസിയേഷൻ) ജനറൽ സെക്രട്ടറിയായും പ്രവർത്തനം തുടങ്ങി. അതെ കാലയളവിൽ തന്നെ താൻ ജനിച്ചുവളർന്ന നാട്ടിലെ സഹജീവികളെ സഹായിക്കുന്നതിന് വേണ്ടി കേരളാ പ്രവാസി ഡവലപ്പ്മെന്റ് സൊസൈറ്റി രൂപീകരിച്ചു. വീടില്ലാത്തവർക്ക് വീട്, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകി. 1994-ൽ തുടങ്ങിയ ഔദ്യോഗിക ജീവിതം ബഹ്റിനിലെ പതിനായിരത്തിലധികം ആളുകൾ ജോലി ചെയ്യുന്ന ജവാദ് ബിസിനസ് ഗ്രൂപ്പിന്റെ ഗ്രൂപ്പ് മെയിന്റനൻസ് മാനേജർ ആയി 2011-ൽ ഔദ്യോഗിക ജീവിതം അവസാനിപ്പിക്കുകയും സ്വന്തമായി ബി












# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

സിനസ് സംരംഭത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ബഹ്റിനിലെ സാമൂഹ്യ സാംസ്കാരിക മേഖലയിൽ മലയാളിയുടെ സാന്നിദ്ധ്യമുള്ളിടത്തെല്ലാം ജെയിംസ് കൂടൽ ഒരു നിറസാന്നിദ്ധ്യമായി നിലകൊണ്ട സമയത്താണ് മറ്റൊരു വഴിത്തിരിവിലേക്ക് ജീവിതം മാറുന്നത്.

**അമേരിക്കയിലേക്ക്**

ജീവിതം അതിന്റെ വഴിഞ്ഞിരുവുകൾ തീരുമാനിക്കുന്ന സമയം വളരെ നിർണ്ണായകമാകും. ഒരു പക്ഷെ വ്യക്തിക്ക് ഇടപെടുവാൻ അവസരം ലഭിക്കാത്ത വിധം ജീവിതത്തെ തന്നെ അത് മാറ്റിമറിക്കും. 2015-ൽ ബഹ്റിനിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറി. ഗൾഫിലെ സാമ്പത്തിക മാന്ദ്യം തനിക്കുണ്ടായിരുന്ന ബിസിനസിനെ ബാധിക്കും എന്ന ഭയവും കുട്ടികളുടെ വിദ്യാഭ്യാസ ഭാവിയും പരിഗണിച്ച് അമേരിക്കയിലേക്ക് പോകുവാൻ തീരുമാനിച്ചു.

ന്യൂയോർക്കിലാണ് ചെന്നുചേർന്നതെങ്കിലും പിന്നീട് ഹൂസ്റ്റണിലേക്ക് മാറി. അമേരിക്കയിൽ എത്തിയപ്പോഴും സാമൂഹ്യ പ്രവർത്തന രംഗം ഒഴിവാക്കിയില്ല. ഇൻഡോ അമേരിക്കൻ പ്രസ്ക്ലബ് ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ്, വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രസിഡന്റ്, അമേരിക്കൻ റീജിയൺ പ്രസിഡന്റ്, ഇൻഡോ അമേരിക്കൻ ബിസിനസ് ഫോറം ഡയറക്ടർ, സാം പിത്രോഡ നേതൃത്വം നൽകുന്ന ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സ് ടെക്സാസ് ചാപ്റ്റർ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തനം സജീവമാകുകയും ചെയ്തു. ഗൾഫിൽ നിന്ന് ലഭിച്ച ബിസിനസ് പരിചയം ചുരുങ്ങിയ കാലം കൊണ്ട് അമേരിക്കയിലും ബിസിനസ് സംരംഭങ്ങൾ തുടങ്ങുവാനും നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകുവാനും സാധിച്ചു .

**ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ അമേരിക്കൻ തുടക്കം**

അമേരിക്കയിൽ എത്തിയപ്പോഴാണ് കോൺഗ്രസ് പ്രവർത്തകരുടെ ചെറുതും വലുതുമായ കൂട്ടായ്മകൾ സജീവമായി പ്രവർത്തിക്കുന്നത് കാണുവാൻ ഇടയായത്. സാം പിത്രോഡ നേതൃത്വം കൊടുക്കുന്ന ഐഒസി ടെക്സാസ് ചാപ്റ്റർ പ്രസിഡന്റായി ജെയിംസ് കൂടൽ നിയമിതനായി. ചുരുങ്ങിയ സമയം കൊണ്ട് അദ്ദേഹം അമേരിക്കൻ മലയാളികൾക്കിടയിൽ ശ്രദ്ധേയനായി. കെ. സുധാകരൻ കെ.പി.സി.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ കോൺഗ്രസ് പ്രവർത്തകർക്കിടയിൽ ഉണ്ടായ ആവേശം ചെറുതായിരുന്നില്ല. കെ.പി.സി.സി. പ്രസിഡന്റിന്റെ നിർദേശപ്രകാരം ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഗ്ലോബൽ ചെയർമാൻ കുമ്പളത്ത് ശങ്കരപ്പിള്ളയുമായി ചേർന്ന് ഒ.ഐ.സി.സി രുപീകരിക്കുകയും അതിന്റെ പ്രഥമ ചെയർമാനായി ജെയിംസ് കൂടൽ ചുമതലയേൽക്കുകയും ചെയ്തു. ഇന്ന് അമേരിക്കയിലെ പത്തോളം സിറ്റിയിൽ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് കോൺഗ്രസ് നേതൃത്വവും, കോൺഗ്രസ് പ്രവർത്തകരും തിരിച്ചറിയുന്നുണ്ട്. അതിനുള്ള അംഗീകാരമെന്നോണമാണ് ഒ.ഐ.സി.സിയുടെ പ്രഥമ ഗ്ലോബൽ പ്രസിഡന്റായി കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരൻ നിയമിച്ചത്. കെ.എസ്.യുവിൽ തുടങ്ങിയ കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന് ആഗോള തലത്തിൽ ലഭിച്ച അംഗീകാരം കൂടിയാണ് ഈ സ്ഥാന ലബ്ധി.

**ഒ .ഐ. സി. സി പ്രവാസിയുടെ ആശ്രയം**

ഒ.ഐ.സി.സിയെ മുന്നോട്ട് നയിക്കുന്നതിന് വ്യക്തമായ ഒരു പ്ലാൻ അദ്ദേഹത്തിനുണ്ട്. കോൺഗ്രസ് ഉണ്ടെങ്കിലേ ഇന്ത്യയുള്ളു എന്ന വികാരമാണ് അദ്ദേഹത്തിനെ രാഷ്ട്രീയത്തിൽ മുന്നോട്ട് നയിക്കുന്നത്.

പത്മശ്രീ സി.കെ. മേനോൻ ഒ.ഐ.സി.സി. ചെയർമാനും ജെയിംസ് കൂടൽ ഗ്ലോബൽ ട്രഷററും ആയിരുന്ന സമയത്ത് എടുത്ത ഒരു പ്രധാന തീരുമാനം ഒ.ഐ.സി.സി. മെമ്പർഷിപ്പ് ഉള്ള പ്രവാസി വിദേശത്ത് വെച്ച് മരിച്ചാൽ അവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന ഒരു പ്രോജക്ടിന് രൂപം നൽകി. അവരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകുമായിരുന്നു. ഉമ്മൻ ചാണ്ടി, രമേശ് ചെന്നിത്തല എന്നിവരെല്ലാം ഇത്തരം പ്രവർത്തനങ്ങൾ തുടരുവാനും വലിയ പിന്തുണയാണ് നൽകിയത്. ഇപ്പോൾ ആഗോള തലത്തിൽ നിരവധി കാര്യങ്ങൾ ചെയ്യുവാൻ പ്രവാസിക്ക് കഴിയും. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രവാസി മലയാളികളെ ഒരു പൊതു ഇടത്തിൽ ലഭ്യമാക്കുവാൻ വേണ്ട ഒരു പദ്ധതിക്ക് രൂപം നൽകും.

പ്രവാസികളിൽ പലരും റിട്ടയർമെന്റ് കാലം ജന്മനാടായ കേരളത്തിൽ ചിലവഴിക്കുവാൻ ആഗ്രഹിക്കുന്നു. അവർക്കായി ഒരു റിട്ടയർമെന്റ് ഹോം പദ്ധതിക്ക് രൂപം നൽകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടുംബങ്ങൾക്ക് വേണ്ടി കഷ്ടപ്പെട്ട മനുഷ്യർക്ക് വയസുകാലം സന്തോഷപ്രദമായി ആസ്വദിക്കുവാനുള്ള ഒരു പ്രോജക്ടിന് രൂപം നൽകും. പലപ്പോഴും ഇത്തരം പ്രോജക്ടുകൾക്ക് മാർഗ്ഗതടസ്സമാകുന്നത് മാറി വരുന്ന രാഷ്ട്രീയ സംവിധാനങ്ങളാണ്. അതിന് മാറ്റം ഉണ്ടാക്കുവാനുള്ള ശ്രമം നടത്തും. കേരളത്തിലേക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് നാട്ടിൽ സെറ്റിൽ ചെയ്യുവാനുള്ള എല്ലാ സഹായവും നൽകും.

ഗൾഫ് മേഖലയിൽനിന്നും തിരികെ എത്തുന്ന പ്രവാസികൾക്കായി ജോലി സാധ്യത ഉൾപ്പെടെയുള്ള പദ്ധതികൾക്ക് തുടക്കമിടും. ഗൾഫിൽ നിന്നും തിരികെ വരുന്നവർ വീണ്ടും മറ്റ് ഗൾഫ് മേഖലകൾ തേടുന്ന അവസരങ്ങൾ ഉണ്ടാകരുത്. ഗൾഫ് മേഖല കേരളത്തിന്റെ സാമ്പത്തിക ശക്തിയെ പിടിച്ചു നിർത്തുന്ന ഒന്നാണ്. നിരവധി പ്രശ്നങ്ങൾ പ്രവാസികൾ അനുഭവിക്കുന്നുണ്ട്. ഗൾഫ് പ്രവാസി പുനരധിവാസം, അവരുടെ മക്കൾക്ക് പഠന സഹായം നൽകൽ, നേഴ്സിംഗ് മേഖലയിലേക്ക് കുട്ടികളെ കൂടുതൽ എത്തിക്കുവാനുള്ള സഹായം, നിർദ്ധനരായ ഗൾഫ് റിട്ടേൺ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതികൾ ഇവയെല്ലാം വിദേശ മലയാളി സമൂഹത്തിന്റെ കൂടി സഹായത്തോടുകൂടി ക്രോഡീകരിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകും.

ആഗോള തലത്തിൽ വിവിധ രംഗങ്ങളിൽ പ്രശോഭിക്കുന്ന മലയാളി പ്രൊഫഷണലുകളുടെ കൂട്ടായ്മ ഇതിനായി സംഘടിപ്പിക്കും വിദേശത്തും സ്വദേശത്തും പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് നിയമ പരിരക്ഷ ആവശ്യമാണെങ്കിൽ ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും. പ്രവാസികളുടെ കുട്ടികൾക്ക് മാതൃഭാഷാ പഠനത്തിന് ഓൺലൈൻ പഠനസഹായ പദ്ധതി നടപ്പാക്കും. വിദേശത്തുള്ള ഏതു കോൺഗ്രസ് പ്രവർത്തകനും സംഘടനയുമായി ബന്ധപ്പെടുന്നതിനും അംഗത്വത്തിനും ഓൺലൈൻ സംവിധാനത്തിന് രൂപം നൽകും.

എല്ലാ ഗൾഫ് പ്രവാസികളും ആടുജീവിതത്തിലെ നജീബിനെപ്പോലെയല്ല, ഗൾഫ് കൊണ്ട് നേടിയ നിരവധി വ്യക്തികൾ നമുക്ക് ചുറ്റും ഉണ്ട്. അവർക്ക് അതിനുള്ള സാഹചര്യങ്ങൾ രൂപപ്പെട്ടിരുന്നു. അത്തരം ഇടങ്ങൾക്കായി ഒ.ഐ.സി.സി. ഗ്ലോബൽ തലത്തിൽ വേണ്ടത് ചെയ്യും എന്ന് അദ്ദേഹം അടിവരയിടുന്നു. പ്രവാസി പുനരധിവാസത്തിന്റെ ഭാഗമായ ചെറിയ ഇൻവെസ്റ്റ് മെന്റ് നൽകുവാൻ മൈക്രോ ഫിനാൻസ് ഗ്രൂപ്പുകൾ സൃഷ്ടിക്കുക, ചെറിയ സംരംഭക സംരംഭങ്ങൾ ആരംഭിക്കുക, ഗവൺമെന്റ് പ്രോജക്ടുകൾ പ്രവാസികൾക്കായി രുപീകരിക്കുക, തുടങ്ങി നിരവധി ചെറുതും വലുതുമായ പ്രോജക്ടുകൾ തുടങ്ങുവാൻ തിരിച്ചെത്തിയ ഗൾഫ് പ്രവാസികൾക്കൊപ്പം നിൽക്കുക, അതിനായി വേണ്ടതെല്ലാം ചെയ്യുക എന്നതാണ് ഒ.ഐ.സി.സിയുടെ പദ്ധതികൾ

**അടിമുടി കോൺഗ്രസുകാരൻ**

തന്റെ ഇരുപത്തിമൂന്നാമത്തെ വയസിൽ കലഞ്ഞൂർ മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുക്കുമ്പോൾ കോൺഗ്രസ് ഗ്രൂപ്പ് രാഷ്ട്രീയത്തിന് തുടക്കമിട്ട സമയമായിരുന്നു. ആന്റണി ഗ്രൂപ്പിന് കൂടുതൽ വോട്ട് ലഭിച്ചായിരുന്നു രംഗപ്രവേശം. യുവത്വം നഷ്ടപ്പെട്ട കാലം കൂടിയായി അത്. ജെയിംസ് കൂടലിന് കലഞ്ഞൂരിൽ ഉണ്ടായിരുന്ന സ്ഥാനവും ചെറുപ്പക്കാരൻ എന്ന ലേബലും കോൺഗ്രസ് നേതൃത്വത്തിലേക്ക് വരാൻ അവസരം സൃഷ്ടിച്ചു. നാലര വർഷക്കാല പ്രവർത്തനം നാടിന്റെ വളർച്ചയ്ക്ക് വേണ്ടതെല്ലാം ചെയ്യുവാൻ സാധിച്ചിരുന്നു. നാട് വിട്ട് ഗൾഫിലേക്കും ഗൾഫിൽനിന്ന് അമേരിക്കയിലേക്ക് പോയപ്പോഴും മനസ്സിൽ കോൺഗ്രസിനെയും കൂടെ കൂട്ടി.

**2024 ലോക്സഭ തെരഞ്ഞെടുപ്പും ഒ.ഐ.സി.സിയും**

വളരെ നിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെയാണ് ഭാരതത്തിലെ ജനങ്ങൾ കടന്നു പോകുന്നത്. അതുകൊണ്ടുതന്നെ ലോക്സഭ തെരഞ്ഞെടുപ്പ് 2024 നിർണ്ണായകമാണ്. കേരളത്തിലെ യുഡിഎഫ് സ്ഥാനാർത്ഥികളുടെ വിജയത്തിന് വേണ്ടി പ്രവർത്തിക്കുവാൻ രംഗത്തിറങ്ങുകയും ഒ.ഐ.സി.സി അംഗങ്ങളുടെ കുടുംബങ്ങളെ ബന്ധപ്പെടുത്തി കുടുംബയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രാദേശിക തലങ്ങളിൽ ബൂത്ത് പ്രവർത്തനങ്ങൾ സജ്ജമാക്കാൻ പ്രവാസി സഹായം എത്തിച്ചു. ഇന്ത്യാ സഖ്യം മുന്നൂറിലധികം സീറ്റുകൾ നേടി അധികാരത്തിൽ വരും എന്നാണ് ജെയിംസ് കൂടൽ വിലയിരുത്തുന്നത്.

**ഗ്ലോബൽ ഇന്ത്യൻ ന്യൂസ്**

രാഷ്ട്രീയ സാംസ്കാരിക രംഗത്ത് എത്രത്തോളം സജീവമാണോ അത്രത്തോളം മാധ്യമ രംഗത്തും ജെയിംസ് കൂടൽ സാന്നിദ്ധ്യമാകുന്നു. ഗ്ലോബൽ ഇന്ത്യൻ ന്യൂസ് എന്ന ഓൺലൈൻ പോർട്ടലും പത്രവും അദ്ദേഹത്തിന്റേതായി ഉണ്ട്. നമുക്ക് പറയേണ്ട കാര്യങ്ങൾ അവതരിപ്പിക്കാൻ ഒരു മാധ്യമം എന്നതിലുപരി ഗ്ലോബൽ തലത്തിലുള്ള നിരവധി പ്രതിഭകളെ ലോക മലയാളത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യവും അദ്ദേഹത്തിനുണ്ട്. വേൾഡ് മലയാളി കൗൺസിലിന്റെ ഭാഗമായ പ്രതിഭകൾ, വിവിധ ബിസിനസ് സംരംഭകർ, വിവിധ മേഖലകളിൽ പ്രശസ്തിയാർജ്ജിച്ചവർ എന്നിവരെ ആദരിക്കുന്നതിനുവേണ്ടി എല്ലാ വർഷവും ഒരു പുരസ്കാര ചടങ്ങ് ഗ്ലോബൽ ഇന്ത്യൻ ന്യൂസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.






**നാടറിയുന്ന ജീവകാരുണ്യ പ്രവർത്തകൻ**

വിദേശത്തായാലും സ്വദേശത്തായാലും തന്റെ വീട്ടിലേക്ക് ഒരാൾ കയറിവന്നാൽ സ്വീകരണ മുറിയിലേക്ക് കയറിയിരുന്നേ സംസാരം തുടങ്ങാവു എന്നാണ് ജെയിംസ് കൂടലിന്റെ പക്ഷം. കാരണം തന്നെ കാണാൻ എത്തുന്ന ഓരോ മനുഷ്യരേയും കേൾക്കുക എന്നതാണ് പ്രധാനം. നിരവധി ആവശ്യങ്ങളുമായി തന്നെ തേടി എത്തുന്നവരെ നിരാശരാക്കാതെ തനിക്കാവുന്ന വിധത്തിൽ സഹായം എത്തിക്കാറുണ്ട്. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ജെയിംസ് കൂടൽ ഉണ്ടാക്കിയെടുത്ത ബന്ധങ്ങൾ വളരെ വലുതാണ്. തന്റെ ബാല്യകാലം മുതൽ ഉള്ള സുഹൃത്തുക്കളെയും ബന്ധുക്കളെയും നാട്ടുകാരെയും ഹൃദയത്തോട് ചേർത്തു നിർത്തി മുൻപോട്ട് പോകുന്ന വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്.

**കുടുംബവും ജന്മനാടും ശക്തി**

കുടുംബമാണ് ഒരു രാഷ്ട്രീയ പ്രവർത്തകന്റെ വളർച്ചയുടെ കാതൽ. കുടുംബത്തിന്റെ പിന്തുണയില്ലെങ്കിൽ ഒരു നേതാവിനും വളരാനാവില്ല. കുടുംബത്തെ പരിഗണിക്കാത്ത ഒരു നേതാവിനും തന്റെ വഴികളിൽ വിജയമുണ്ടാവില്ല. പരസ്പര പൂരകമായ ഈ തത്വത്തിലാണ് ജെയിംസ് കൂടലിന്റെ ജീവിതവും ധന്യമാകുന്നത്. ബാല്യകാലം മുതൽ കുടുംബത്തിൽ നിന്നും നാട്ടുകാരിൽ നിന്നും ലഭിച്ചുവരുന്ന പിന്തുണയാണ് ജെയിംസ് കൂടലിനെ ഒരു പൊതുപ്രവർത്തകനാക്കി മാറ്റിയത്. ഇന്നും ആ പിന്തുണ തന്നെയാണ് തന്റെ പൊതുപ്രവർത്തനത്തിന്റെ ശക്തി എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

ജെയിംസ് കൂടലിന്റെ ജീവിതം ഒരു പാഠപുസ്തകമാണ്. ഒരു വാക്കുകൊണ്ടു പോലും ആരെയും വേദനിപ്പിക്കാതെ വേദനകൾക്ക് താങ്ങായും തണലായും മുന്നോട്ടു പോകുന്ന ഉത്തമനായ ഒരു നേതാവ്. അടിയുറച്ച ജനാധിപത്യ വിശ്വാസി. ഒ.ഐ.സി.സി.ഒരു ജീവകാരുണ്യ പ്രസ്ഥാനം കൂടിയാകുന്നത് ജെയിംസ് കൂടലിനെ പോലെ ഉള്ളവർ അതിന്റെ നേതൃത്വ രംഗത്ത് ചുവടുറപ്പിക്കുമ്പോഴാണ്.

അദ്ദേഹത്തിന്റെ വിജയ വഴികളിൽ പ്രാർത്ഥനകളോടെ.

© Kerala Express

# ഡോ. മാത്യു വർഗീസ് ഫൊക്കാന നാഷണൽ സ്പെല്ലിങ് ബീ കോ-ഓർഡിനേറ്റർ

**ഡോ. കലാ ഷഹി**

ന്യൂയോർക്ക്: 2024 ജൂലൈ 18 മുതൽ 20 വരെ വാഷിങ്ടൺ ഡിസിയിൽ നടക്കുന്ന ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷനിൽ വെച്ച് നടത്തുന്ന കുട്ടികളുടെ സ്പെല്ലിങ് ബീ മത്സരത്തിന്റെ കോ-ഓർഡിനേറ്ററായി ഡോ. മാത്യു വർഗീസിനെ (ഡിട്രോയിറ്റ്) ചുമതല ഏല്പിച്ചു.

ഫൊക്കാന ജോ. ട്രഷറർ കൂടിയായ ഡോ. മാത്യു വർഗീസ് ഫൊക്കാന ജോ. സെക്രട്ടറി, ട്രസ്റ്റി ബോർഡ് മെംബർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്പെല്ലിങ് ബീയുടെ മറ്റ് കമ്മിറ്റി അംഗങ്ങൾ ഈ വർഷത്തെ അഡീഷണൽ അസോ. സെക്രട്ടറി സോണി അമ്പൂക്കൻ (കണക്റ്റിക്കട്ട്), ജോർജ് ഓലിക്കൽ (ഫിലാഡൽഫിയ), ആതിര ഷഹി (വാഷിങ്ടൺ), മനു ജോൺ (ഡിട്രോയിറ്റ്) എന്നിവരാണ്.






അമേരിക്കയിലും കാനഡയിലും ഗ്രേഡ് 5 മുതൽ എട്ടു വരെയുള്ള കുട്ടികൾക്കു വേണ്ടിയുള്ളതാണ് ഈ മത്സരം. ഫൊക്കാന കൺവൻഷനിൽ വെച്ചുള്ള ഫൈനൽ മത്സരത്തിൽ പങ്കെടുക്കാനുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്ന മത്സരം വിവിധ റീജിയണുകളിൽ ഓൺലൈൻ വഴി മെയ് അവസാനം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. ഫൈനൽ മത്സരത്തിൽ വിജയിക്കുന്നവർക്ക് സ്പോൺസേഴ്സ് നല്കുന്ന കാഷ് പ്രൈസ് ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. മാത്യു വർഗീസ് 734 634 6616, ജോർജ് ഓലിക്കൽ 215 873 4365.

https://www.malayalamtribune.-com/matthew-varghese-focana-national-spellingbee-coordinator/

# ഫൊക്കാന വിമൻസ് ഫോറം ചാരിറ്റി ഫണ്ട് ജ്യോതിസ് സ്പെഷ്യൽ സ്കൂളിന് കൈമാറി

ചിക്കാഗോ: ഫൊക്കാന വിമൻസ് ഫോറം സമാഹരിച്ച ചാരിറ്റി ഫണ്ട് കോട്ടയത്ത് പ്രവർത്തിക്കുന്ന ജ്യോതിസ് സ്പെഷ്യൽ സ്കൂളിന് കൈമാറി. സ്കൂളിന്റെ മുൻ പ്രിൻസിപ്പലും ട്രസ്റ്റിബോർഡ് അംഗവുമായ ലൈബി ഡോണി ഫൊക്കാന വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജിൽ നിന്നും ചാരിറ്റി ഫണ്ട് സ്വീകരിച്ചു. ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

വിമൻസ് ഫോറം നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളെ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ അഭിനന്ദിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. ഡോ. ബ്രിജിറ്റ് ജോർജ് സ്വാഗതം പറഞ്ഞു. ലൈബി ഡോണി ജ്യോതിസ് സ്പെഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുകയും വീഡിയോ അവതരണം നടത്തുകയും ചെയ്തു. വീഡിയോ പ്രസന്റേഷന് പ്രവീൺ തോമസ് നേതൃത്വം നല്കി. ഫൊക്കാന വിമൻസ് ഫോറം മിഡ്വെസ്റ്റ് റീജിയൺ സെക്രട്ടറി സുജ ജോൺ ചടങ്ങിന്റെ എംസി ആയിരുന്നു.

ഫൊക്കാന മിഡ്വെസ്റ്റ് ആർവിപി ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഫൊക്കാന അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ജോർജ് പണിക്കർ, മുൻ ആർവിപി ലെജി പട്ടരുമഠത്തിൽ, ഫൊക്കാന നാഷണൽ കോ-ഓർഡിനേറ്റർ പ്രവീൺ തോമസ്, വിമൻസ് ഫോറം നേഴ്സിങ് സ്കോളർഷിപ് എജ്യൂക്കേഷൻ കമ്മിറ്റി അംഗം ഡോ. ആനി അബ്രഹാം എന്നിവർ ആശംസാപ്രസംഗം നടത്തി. മിഡ്വെസ്റ്റ് റീജിയൻ കോ-ഓർഡിനേറ്റർ ഡോ. സൂസൻ ചാക്കോ കൃതജ്ഞത പറഞ്ഞു.

കാലിഫോർണിയ ആസ്ഥാനമായി ഡോ. ഗീതാ ജോർജിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചാരിറ്റി സംഘടനയായ വനിത ആയിരുന്നു ഗോൾഡ് സ്പോൺസർ. ഫ്രാൻസിസ് കിഴക്കേക്കുറ്റ് (സിൽവർ സ്പോൺസർ), ലെജി പട്ടരുമഠത്തിൽ, സണ്ണി മറ്റമന (ബ്രോൺസ് സ്പോൺസർമാർ), മറ്റ് സ്പോൺസർമാരായ ആനി ഷാനി അബ്രഹാം, മോനിച്ചൻ വർഗീസ്, മോനു വർഗീസ് തുടങ്ങിയവർക്ക് ഡോ. ബ്രിജിറ്റ് ജോർജ് പ്രത്യേകം നന്ദി രേഖപ്പെടുത്തി. മോനു വർഗീസ് ആയിരുന്നു ഫോട്ടോഗ്രഫി നിർവഹിച്ചത്. ഫൊക്കാന മിഡ്വെസ്റ്റ് റീജിയൻ കമ്മിറ്റി അംഗങ്ങളും ഫൊക്കാന അഭ്യുദയകാംക്ഷികളുമായ ആനീസ് സണ്ണി, ലീല ജോസഫ്, സുനു തോമസ്, സുനൈന ചാക്കോ, ജോണിച്ചൻ കെ, അനി വർഗീസ് തുടങ്ങിയവരും സന്നിഹിതരായിരുന്നു.

# ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷനിൽ മികച്ച പുരോഗമനം

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. മുൻകൂർ രജിസ്ട്രേഷനുള്ള ഡിസ്കൗണ്ട് ഏപ്രിൽ 30 ചൊവ്വാഴ്ച അവസാനിക്കുന്നതിനാൽ ഇനിയും രജിസ്റ്റർ ചെയ്യാത്തവർ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് ഏപ്രിൽ 30-നകം രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അറിയിച്ചു. ഇനിയും രജിസ്റ്റർ ചെയ്യുവാൻ അവസരമുണ്ട്. എന്നാൽ, എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ രജിസ്ട്രേഷൻ ടീം എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ഭദ്രാസനത്തിന്റെ ഏറ്റവും വലിയ കുടുംബസംഗമമാണ് ഫാമിലി ആൻഡ്


സഖറിയാ മാർ നിക്കളാവോസ്


ഫാ. അബു പീറ്റർ


ചെറിയാൻ പെരുമാൾ


മാത്യു ജോഷ്വ


ഷോൺ ഏബ്രഹാം


ദീപ്തി മാത്യു


മാത്യു വർഗീസ്


ജോൺ താമരവേലിൽ

യൂത്ത് കോൺഫറൻസ്. നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും ഇടവകകളിൽ നിന്നുള്ള വൈദികരും അൽമായരും ഈ സമ്മേളനത്തിൽ പങ്കെടുക്കും.


ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്തായുടെ ആത്മീയ നേതൃത്വത്തിലുള്ള കമ്മിറ്റി ഒരുക്കങ്ങൾ നടത്തുന്നു. ഫാ. അബു പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ), ചെറിയാൻ പെരുമാൾ (കോൺഫറൻസ് സെക്രട്ടറി), മാത്യു ജോഷ്വ (കോൺഫറൻസ് രജിസ്ട്രേഷൻ), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ജോൺ താമരവേലിൽ (ഫൈനാൻസ് കോ-ഓർഡിനേറ്റർ), മാത്യു വർഗീസ് (റാഫിൾ കോ-ഓർഡിനേറ്റർ) തുടങ്ങിയവർ സബ് കമ്മിറ്റികൾക്ക് നേതൃത്വം നല്കുന്നു. 2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ.ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത്വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വംനല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം.


(ശേഷം 24-ാം പേജിൽ)

# സാഹിത്യവേദി മെയ് 3-ന്, ഇടശ്ശേരിയുടെ പൂതപ്പാട്ട് ചർച്ച ചെയ്യുന്നു

ചിക്കാഗോ: ചിക്കാഗോ സാഹിത്യവേദിയുടെ അടുത്ത സമ്മേളനം മെയ് 3-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link https://us02web.zoom.us/j/81475259178 Passcode 2990 Meeting ID: 814 7525 9178)

മലയാളത്തിൽ ഏറ്റവുമധികം ജനപ്രീതി നേടിയ കഥാകാവ്യമായിരിക്കാം ഇടശ്ശേരിയുടെ പൂതപ്പാട്ട്. 1963-ൽ എഴുതി എഴുപതുകൊല്ലം കൊണ്ട് വ്യാപകമായ പ്രചാരം നേടിയ ഈ കവിത സംഗീതാവിഷ്കാരങ്ങളായും നൃത്താവിഷ്കാരങ്ങളായും നാടകമായും പരിചയിച്ചിട്ടില്ലാത്ത മലയാളികൾ കുറയും. ഈ കൃതിയുടെ പ്രമേയപരവും ആഖ്യാനപരവുമായ സവിശേഷതകളെക്കുറിച്ചും ഇടശ്ശേരിയുടെ മറ്റു കവിതകളുമായി ഇതിനുള്ള ബന്ധത്തെക്കുറിച്ചും ആലോചിക്കാൻ ഒരു അവസരമാക്കാം ഈ ചർച്ച.









ചർച്ച നയിക്കുന്നത് തിരുവല്ല സ്വദേശിയായ രാജേഷ് ആർ. വർമ്മയാണ്. ഇപ്പോൾ ഒറിഗണിലുള്ള പോർട്ട്ലൻഡിൽ ജീവിക്കുന്നു. കാമകൂടോപനിഷത്ത് എന്ന കഥാസമാഹാരവും (ഡി.സി. ബുക്സ്) ചുവന്ന ബാഡ്ജ് എന്ന നോവലും (ചിന്ത പബ്ലീഷേഴ്സ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുവന്ന ബാഡ്ജ് ഫൊക്കാന നോവൽ പുരസ്കാരം നേടിയിട്ടുണ്ട്.

ഏപ്രിൽ മാസത്തിലെ സാഹിത്യവേദിയിൽ അഖിൽ പി. ധർമ്മജൻ എഴുതിയ റാം c/o ആനന്ദി എന്ന നോവൽ ഷിജി അലക്സ് പരിചയപ്പെടുത്തി. നോവൽ ചർച്ച സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു.

എല്ലാ സാഹിത്യ സ്നേഹികളെയും മെയ് മാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. (പൂതപ്പാട്ട് വായിക്കാൻ കഴിഞ്ഞിട്ടില്ലാത്തവർ ചർച്ചയ്ക്കു മുമ്പ് യൂട്യൂബിൽ വി.കെ. ശശിധരന്റെ ആലാപനം കേട്ടിട്ടു വന്നാൽ നന്നായിരിക്കും.

(https://youtu,be/RllpEYG-p7r4?si=GdLUKlq23juKm-R3)

കൂടുതൽ വിവരങ്ങൾക്ക്: രാജേഷ് ആർ. വർമ്മ 503 889 6448, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

# മയാമി കെ.സി.സി.എൻ.എ കൺവൻഷൻ കിക്കോഫ് ഗംഭീരവിജയം





**ബൈജു ആലപ്പാട്ട്**

മയാമി: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ (കെസിഎഎസ്എഫ്) യുടെ പതിനഞ്ചാമത് കെ.സി.സി.എൻ.എ കൺവൻഷന്റെ കിക്കോഫ് ഏപ്രിൽ 20-ന് ശനിയാഴ്ച കെ.സി.എ.എസ്.എഫ് പ്രസിഡണ്ട് ജോണി ചക്കാലക്കൽ, വൈസ് പ്രസിഡണ്ട് മനോജ് താനത്ത്, സെക്രട്ടറി സിംല കൂവപ്ലാക്കൽ, ജോ. സെക്രട്ടറി ജിമ്മി തേക്കുംകാട്ടിൽ, ട്രഷറർ സിന്ധു വണ്ടന്നൂർ, നാഷണൽ കൗൺസിൽ അംഗം അശോക് വട്ടപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ നടന്നു. കെ.സി.എ.എസ്.എഫ് വാർഷിക പിക്നിക്കിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കെ.സി.സി.എൻ.എ പ്രസിഡണ്ട് ഷാജി എടാട്ട് മുഖ്യാതിഥിയായിരുന്നു.

മയാമി ക്നാനായ സമുദായം കിക്കോഫിന് ആവേശകരമായ പിന്തുണയാണ് നല്കിയത്. ഈ ജൂലൈ 4 മുതൽ 7 വരെ ടെക്സാസിലെ സാൻ അന്റോണിയോയിലുള്ള ഹെൻറി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന കൺവൻഷന്റെ സ്പോൺസർമാരായി ഒട്ടേറെ കുടുംബങ്ങൾ മുന്നോട്ടുവന്നു.

ജോണി ആൻഡ് മേഴ്സി ചക്കാലക്കൽ, കുഞ്ഞുമോൻ ആൻഡ് സിംല കൂവപ്ലാക്കൽ, മനോജ് ആൻഡ് സിമി താനത്ത്, ബൈജു ആൻഡ് സിന്ധു വണ്ടന്നൂർ, ജിമ്മി ആൻഡ് ഡയാന തേക്കുംകാട്ടിൽ, സിബി ആൻഡ് ഷീന ചാണശ്ശേരിൽ, റോജി ആൻഡ് റോഷ്നി കണിയാംപറമ്പിൽ, ബെന്നി ആൻഡ് ഷിനു പള്ളിപറമ്പിൽ, സഞ്ജയ് ആൻഡ് ജെസ്സി നടുപറമ്പിൽ, സന്തോഷ് ആൻഡ് ഷീബ പുതിയറ, ജെയ്മോൻ ആൻഡ് മഞ്ജു വെളിയന്തറയിൽ, ജെയ്സൺ ആൻഡ് സംഗീത തേക്കുംകാട്ടിൽ, മൈക്കൾ ആൻഡ് ഷീല കുറികാലായിൽ, ജെയിംസ് ആൻഡ് ബിബി പച്ചിക്കര, രാജൻ ആൻഡ് ലിസി പടവത്തിൽ, അശോക് ആൻഡ് ജോമോൾ വട്ടപ്പറമ്പിൽ, അബ്രഹാം പുതിയിടത്തുശ്ശേരിൽ എന്നിവരിൽ നിന്ന് കെ.സി.സി.എൻ.എ. പ്രസിഡണ്ട് ഷാജി എടാട്ട് രജിസ്ട്രേഷൻ സ്വീകരിച്ചു.

കൺവൻഷന് പിന്തുണയുമായി മുന്നോട്ടുവന്ന എല്ലാ കുടുംബങ്ങൾക്കും യുവജനങ്ങൾക്കും കെ.സി.സി.എൻ.എ പ്രസിഡണ്ട് നന്ദി അറിയിക്കുകയും കൂടുതൽ കൂടുതൽ കുടുംബങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളും മുന്നോട്ടുവരികയും 15-ാമത് കെ.സി.സി.എൻ.എ കൺവൻഷന്റെ ഭാഗമാകുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചു. ഇത്തവണത്തെ കൺവൻഷനിൽ യുവജനങ്ങൾക്കായി ഒട്ടേറെ പരിപാടികളും ആസൂത്രണം ചെയ്തുവരുന്നതായി പ്രസിഡണ്ട് ഷാജി എടാട്ട് അറിയിച്ചു.

# ജോണി കുര്യന് ബ്രൂക്ക്ലിൻ രൂപതയുടെ ഷൈനിങ് സ്റ്റാർ ബഹുമതി

**പോൾ ഡി. പനയ്ക്കൽ**



ന്യൂയോർക്ക്: ന്യൂ ഹൈഡ് പാർക്കിലെ ജോണി ജോസഫ് കുര്യനെ ബ്രൂക്ക്ലിൻ രൂപത ഷൈനിങ് സ്റ്റാർ പദവി നല്കി ആദരിച്ചു. പലവർഷങ്ങൾ ഇന്ത്യൻ ലത്തീൻ കമ്യൂണിറ്റിക്ക് ചെയ്ത സേവനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ പദവി ലഭിച്ചത്. ബ്രൂക്ക്ലിനിലെ ഗാർഗിയുലോ റെസ്റ്റോറന്റിൽ എണ്ണൂറിലധികം പേർ പങ്കെടുത്ത ഷൈനിങ് സ്റ്റാർ ഡിന്നർ ആഘോഷച്ചടങ്ങിൽ വെച്ച് ബിഷപ് റോബർട്ട് ബ്രണ്ണൻ ജോണിക്ക് അവാർഡ് സമ്മാനിച്ചു.

1973-ൽ ജന്മദേശമായ പൊൻകുന്നത്തുനിന്ന് പിതാവ് വള്ളിയിൽ ജോസഫ് കുര്യനോടും സഹോദരി ആശയോടുമൊപ്പം നാലാം വയസ്സിലാണ് ജോണി അമേരിക്കയിലെത്തിയത്. അമ്മ കിടങ്ങറക്കാരി ത്രേസ്യാമ്മ കുര്യൻ തലേവർഷം അമേരിക്കയിൽ എത്തിയിരുന്നു. ചങ്ങനാശേരി അതിരൂപതക്കാരായ അവർ പ്രദേശത്തെ ആദ്യകാല മലയാളികളായിരുന്നു. ഫ്ളോറൽപാർക്ക് ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിലേക്ക് സ്വാഗതം ചെയ്യപ്പെട്ട ആദ്യമലയാളി സജീവാംഗവും പ്രവർത്തകനുമായി മാറിയ ജോസഫ് കുര്യന്റെ സഹചാരിയായി ജോണി ബാല്യം മുതൽ ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിലും സ്കൂളിലും സജീവമായി.

അമേരിക്കയിൽ സീറോമലബാർ, മലങ്കര സഭകൾ ആരംഭിക്കുന്നതിനു മുമ്പ് ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്റ്റിക്കട്ട് പ്രദേശത്തെ കത്തോലിക്കരുടെ ഒരു സാമൂഹിക സങ്കേതമായിരുന്ന ഇന്ത്യ കാത്തലിക് അസോസിയേഷന്റെ സെക്രട്ടറിയും വൈസ് പ്രസിഡണ്ടും പ്രസിഡണ്ടുമായിരുന്ന ജോസഫ് കുര്യന്റെ പ്രവർത്തന മാർഗ്ഗദർശനവും സാമൂഹിക ലക്ഷ്യവും കൈമുതലായെടുത്ത ജോണി ഔവർ ലേഡി ഓഫ് ദി സ്നോസ് ഇടവക ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ലത്തീൻ കത്തോലിക്കാ കൂട്ടായ്മയിലും സജീവമായ പ്രവർത്തനമാണ് കാഴ്ച വെച്ചത്.

മലയാളി ലത്തീൻ കത്തോലിക്കാ കമ്യൂണിറ്റിയിലെ ഊർജസ്വലനായ പ്രവർത്തകനും തുടർന്ന് അതിന്റെ സെക്രട്ടറിയുമായി ജോണി സേവനം ചെയ്തു. പിറ്റേവർഷം സ്ഥാനം മാറിയശേഷവും നിസ്വാർത്ഥമായി കമ്യൂണിറ്റിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ജോണി ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ഉപാധിയില്ലാത്ത സ്നേഹവും വിലമതിപ്പും നേടി. തങ്ങൾക്കും തന്റെ കുടുംബത്തിനും ഔവർ ലേഡി ഓഫ് ദി സ്നോസ് ഇടവക നല്കിയ സ്വാഗതവും അതൊരുക്കിയ ആത്മീയവും സാമൂഹികവുമായ വളർച്ചയും അളവില്ലാത്തതാണ്. അതിനുള്ള തിരിച്ചു നല്കലാണ് തന്റെ പിതാവ് ചെയ്തിരുന്നത്. അതാണ് താനും ചെയ്യുന്നത്. വ്യക്തിപരമായ ഈ സേവനം സ്വയം വളർച്ചയ്ക്കും സമുദായത്തിന്റെ ആരോഗ്യകരമായ നിലനില്പിനും അത്യാവശ്യമാണ്: ജോണി പറഞ്ഞു. സീറോമലബാർ പൈതൃകവും പാരമ്പര്യവും മതിപ്പോടെ സ്നേഹിക്കുന്ന ജോണി-ലീല കുടുംബം ലോങ് ഐലൻഡിലെ സെ. മേരീസ് സീറോ മലബാർ കാത്തലിക് ഇടവകയിൽ അംഗത്വവും പങ്കാളിത്തവും ബന്ധവും സജീവമായി സൂക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.



(ശേഷം 30-ാം പേജിൽ)

# പമ്പ കുടുംബസംഗമവും മാതൃദിനാഘോഷവും മെയ് 11-ന്

**ജോർജ് ഓലിക്കൽ**

ഫിലാഡൽഫിയ: പമ്പ മലയാളി അസോസിയേഷന്റെ വാർഷിക കുടുംബ സംഗമവും 2024-ലെ പ്രവർത്തനോദ്ഘാടനവും മാതൃദിനാഘോഷവും സംയുക്തമായി മെയ് 11-ന് ശനിയാഴ്ച വൈകുന്നേരം 5-ന് പമ്പ ഇന്ത്യൻ കമ്മ്യൂണിറ്റി സെന്ററിൽ (9726 Bustleton Ave Unit # 1, Philadelphia, PA 19115) നടത്തുന്നു.

കവയിത്രിയും സാംസ്കാരിക പ്രവർത്തകയുമായ സോയ നായർ മുഖ്യ അതിഥിയായി മാതൃദിന സന്ദേശം നല്കും. പെൻസിൽവേനിയ മുഖ്യധാര രാഷ്ട്രീയ നേതാക്കളും ഫൊക്കാന പ്രതിനിധികളും വിവിധ സാംസ്കാരിക സംഘടനകളുടെ സാരഥികളും ആഘോഷപരിപാടികളിൽ പങ്കെടുക്കുമെന്ന് പ്രസിഡണ്ട് റവ. ഫിലിപ്പ് മോഡയിൽ അറിയിച്ചു.

മാതൃദിനാഘോഷത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളും അമ്മമാരെ ആദരിക്കുന്ന പ്രത്യേക പരിപാടിയും തുടർന്ന് ബാങ്ക്വറ്റും ഉണ്ടായിരിക്കും. പരിപാടികളുടെ ക്രമീകരണത്തിന് അലക്സ് തോമസ് കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

പമ്പയുടെ കുടുംബ സംഗമത്തിലേക്കും മാതൃദിനാഘോഷ പരിപാടിയിലേക്കും അംഗങ്ങളെയും അഭ്യുദയകാംക്ഷികളെയും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: റവ. ഫിലിപ്പ് മോഡയിൽ 267 565 0335, ജോൺ പണിക്കർ 215 605 5109, സുമോദ് നെല്ലിക്കാല 267 322 8527, അലക്സ് തോമസ് 215 850 5268.

KERALA EXPRESS പ്രവാസി താളുകൾ

# കെഎജിഡബ്ല്യു യുവജനോത്സവം ചരിത്രം കുറിച്ചു

**മനോജ് മാത്യു**

വാഷിങ്ടൺ ഡിസി: കുട്ടികളുടെ വിവിധ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടൺ (കെഎജിഡബ്ല്യു) യുവജനങ്ങൾക്കായി നടത്തിയ ടാലന്റ് ടൈം, സാഹിത്യ, ഫൈൻ ആർട്സ്, പെർഫോമിംഗ് ആർട്സ് മത്സരങ്ങൾ വമ്പിച്ച വിജയമായി. എഴുപതിലധികം വിധികർത്താക്കളും നൂറിലധികം സഹായികളും മൂന്നു ദിവസമായി നടത്തിയ മത്സരങ്ങൾ ഒരു സ്കൂൾ കലോത്സവത്തിന്റെ പ്രതീതി ഉണർത്തി. അമേരിക്കയിലെ തന്നെ ഏറ്റവും വലിയ കലോത്സവമാണ് വാഷിങ്ടൺ ഡിസിയിൽ അരങ്ങേറിയത്.

2007-08-ൽ കെഎജിഡബ്ല്യു ആരംഭിച്ച ഈ യുവജനോത്സവം ഓരോ വർഷം കഴിയുന്തോറും മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിയുന്നു എന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. ഇന്ന് അത് വളർന്നു പന്തലിച്ച് ഒരു സ്കൂൾ കലോത്സവത്തെപ്പോലെ വളർത്തിയെടുക്കാൻ കഴിഞ്ഞത് വാഷിങ്ടൺ ഡിസിയിലെ മലയാളികളുടെ നിർലോഭമായ സഹകരണംകൊണ്ടു മാത്രമാണ്. ഗ്രേറ്റർ വാഷിങ്ടൺ ഡിസി ഏരിയയിൽ നിന്നും പരിസര സ്റ്റേറ്റുകളിൽ നിന്നുപോലും കുട്ടികൾ മത്സരിക്കാൻ എത്തി. മുപ്പത് ഇനങ്ങളിലായി നടന്ന മത്സരങ്ങളിൽ ആയിരത്തോളം കുട്ടികൾ പങ്കെടുത്തു. അതിൽ വിജയികളായവർക്ക് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു.




സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടാൻ വലിയ പങ്കുവഹിക്കുന്ന ഒന്നാണ് കലയും ആർട്ടും. ഓരോ കുട്ടികളിലെയും പ്രതിഭകളെ കണ്ടെത്തി അവയെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വികസിപ്പിക്കാൻ ആവശ്യമായ അവസരമൊരുക്കുക എന്നതാണ് കെഎജിഡബ്ല്യുവിന്റെ ലക്ഷ്യം. അമേരിക്കയിൽ വളരുന്ന നമ്മുടെ ചില കുട്ടികൾ വളരെയധികം കഴിവുകളുള്ളവരാണ്. ഇവരിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗാത്മക വാസനകൾ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുമ്പിൽ എത്തിക്കുക എന്നത് കൂടിയാണ് ഈ ടാലന്റ് മത്സരം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ പങ്കെടുത്ത മിക്ക കുട്ടികളും ഒന്നിന് ഒന്ന് മെച്ചമായി അവരുടെ കഴിവുകൾ പ്രദർശിപ്പിച്ചു. പക്ഷേ, എല്ലാവർക്കും സമ്മാനം നേടുവാൻ കഴിയില്ലല്ലോ.

നമ്മുടെ ഓരോ കുട്ടികളിലും പല തരത്തിലുള്ള കഴിവുകളുണ്ട്. അത് ശരിയായ വഴികളിലൂടെ തിരിച്ചുവിടുകയാണെങ്കിൽ അവരെ നല്ല കലാകാരന്മാരും കലാകാരികളും ആക്കി മാറ്റുവാൻ നമുക്കു കഴിയും. അങ്ങനെയുള്ള കുട്ടികൾക്ക് അവരുടെ വാസനകൾ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കിക്കൊടുക്കുക എന്നതാണ് കെഎജിഡബ്ല്യു ചെയ്യുന്നത്. ഈ വർഷം എന്റെ നേതൃത്വത്തിൽ വളരെ വിപുലമായി ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും ഇതിൽ വിജയികളായവരെ അഭിനന്ദിക്കുകയും അതോടൊപ്പം തന്നെ ഇതിൽ പങ്കെടുത്ത ഓരോ കുട്ടിയെയും അഭിനന്ദിക്കുന്നതായും പ്രസിഡണ്ട് സുഷമ പ്രവീൺ അറിയിച്ചു.

സെക്രട്ടറി ആശാ ഹരിദാസിന്റെ നേതൃത്വത്തിൽ വോളന്റിയർമാരുടെ ഒരു വലിയസംഘം ഈ വർഷത്തെ മത്സരം വൻ വിജയമാക്കാൻ ദിവസങ്ങളോളം പരിശ്രമിച്ചു. ഈ വർഷത്തെ ടാലെന്റ് കമ്മിറ്റിയിൽ പ്രവർത്തിച്ച രാജീവ് ജോസഫ്, അനിത കോരാനാഥ്, അരുൺ മോഹൻ, സ്നേഹ അരവിന്ദ്, സ്വപ്ന മനക്കൽ, ശാലിനി നമ്പ്യാർ, ജോസി ജോസ്, അബ്ജ അരുൺ, ആഷ്ലിൻ ജോസ്, അപർണ പണിക്കർ, ജീജ രഞ്ജിത്ത് എന്നിവരുടെ പ്രവർത്തനം പ്രശംസനീയമായിരുന്നു. അതിന്റെ ഫലമായാണ് ഈ യുവജനോത്സവം ഇത്ര വിജയമാക്കാൻ കഴിഞ്ഞത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടും നന്ദിയും കടപ്പാടും അറിയിക്കുന്നതായി പ്രസിഡണ്ട് സുഷമ പ്രവീൺ അറിയിച്ചു.

പല പ്രമുഖ കമ്യൂണിറ്റി ലീഡേഴ്സ് പങ്കെടുത്ത ഈ പരിപാടിയിൽ അമേരിക്കയിലെ പ്രമുഖ സംഘടനകളായ ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ, കെസിഎസ്എംഡബ്ല്യു, കൈരളി ബാൾട്ടിമോർ എന്നീ സംഘടനകളിൽ നിന്നും നിറസാന്നിദ്ധ്യവും ഉണ്ടായിരുന്നു. ജ്യോത്സന, ഫ്രാങ്കോ, നന്ദു, കൃഷ്ണമൂർത്തി, അഭിരാമി, റോഷൻ (ഐഡിയ സ്റ്റാർ സിങ്ങർ), ലക്ഷ്മി ഗോപാലസ്വാമി തുടങ്ങി വളരെയധികം വിശിഷ്ട വ്യക്തികൾ ആശംസകൾ അറിയിച്ചു.

# സ്റ്റാറ്റൻ ഐലൻഡ് മാർ ഗ്രിഗോറിയോസ് ഇടവകയിൽ യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

**ഉമ്മൻ കാപ്പിൽ**

സ്റ്റാറ്റൻ ഐലൻഡ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫ് ഏപ്രിൽ 14-ന് ഞായറാഴ്ച സ്റ്റാറ്റൻ ഐലൻഡിലുള്ള മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു. നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ നാലു ദിവസത്തെ കോൺഫറൻസിൽ പങ്കെടുക്കും. ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലി/യൂത്ത് കോൺഫറൻസ്.



വിശുദ്ധ കുർബാനയ്ക്കുശേഷം റവ.ഡോ. ജോൺസൺ സി. ജോൺ (വികാരി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. ഷോൺ എബ്രഹാം (ജോ. ട്രഷറർ, ഫാമിലി/യൂത്ത് കോൺഫറൻസ്.) നോബിൾ വർഗീസ്, നിക്കോൾ ആൻഡ് നോയൽ വർഗീസ്, റെജി വർഗീസ് (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു കോൺഫറൻസ് ടീം അംഗങ്ങൾ.

സമ്മേളനത്തിന്റെ തീം, തീയതി, വേദി, സ്പീക്കറുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതുവായ വിവരങ്ങൾ ഷോൺ ഏബ്രഹാം നല്കി. നോബിൾ വർഗീസ് രജിസ്ട്രേഷൻ നടപടികൾ വിശദീകരിച്ചു. കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചും ലേഖനങ്ങൾ, പരസ്യങ്ങൾ, അഭിനന്ദനങ്ങൾ എന്നിവ സമർപ്പിക്കുവാനുള്ള അവസരങ്ങളെക്കുറിച്ചും നിക്കോൾ വർഗീസ് വിശദീകരിച്ചു. എല്ലാ ഇടവകകളിലെയും ടീമുകൾക്ക് അവരുടെ ക്രിസ്തീയ പ്രമേയത്തിലുള്ള പരിപാടികൾ അവതരിപ്പിക്കാവുന്ന വിനോദ സായാഹ്നത്തെക്കുറിച്ച് നോയൽ വർഗീസ് ഓർമ്മിപ്പിച്ചു. സ്പോൺസർഷിപ് അവസരങ്ങൾ, റാഫിൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ റെജി വർഗീസ് പങ്കുവെച്ചു.

റവ.ഡോ. ജോൺസൺ സി. ജോൺ കോൺഫറൻസിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ സമർപ്പിച്ചു. നിരവധി അംഗങ്ങൾ റാഫിൾ ടിക്കറ്റുകൾ വാങ്ങി പിന്തുണ വാഗ്ദാനം ചെയ്തു. നിബു ഈപ്പൻ, പൊന്നച്ചൻ ചാക്കോ, സിബു വർഗീസ്, ഷാജി ജോൺ, ബെന്നി ഈപ്പൻ, തോമസ് സാമുവൽ, ലിൻഡ ജോൺ തുടങ്ങിയവരാണ് റാഫിൾ വാങ്ങി പിന്തുണ നല്കിയത്. കോൺഫറൻസിന് ആത്മാർത്ഥമായ പിന്തുണയും പ്രാർത്ഥനാ പൂർവ്വമായ സഹകരണവും നല്കിയ വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് നോബിൾ വർഗീസ് നന്ദി രേഖപ്പെടുത്തി.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയയിലെ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ, സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.

Registration link: http://tinyurl.com/FYC2024. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ-കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ-കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# ‘വെള്ളാന’ വിമാനത്താവളം ഇന്ത്യ–റഷ്യ കമ്പനികൾ പാട്ടത്തിനെടുത്തു

കൊളംബോ: ചൈനയുടെ സാമ്പത്തിക സഹായത്തോടെ പണിത മട്ടലയിലെ മഹിന്ദ രാജപക്സെ വിമാനത്താവളം ഇന്ത്യ-റഷ്യ സംയുക്ത സംരംഭത്തിന് ശ്രീലങ്ക പാട്ടത്തിനു നല്കി. വിമാനക്കമ്പനികളെല്ലാം കൈവിട്ട ഈ ‘വെള്ളാന’ വിമാനത്താവളം ഇന്ത്യയിലെ ശൗര്യ എയ്റോനോട്ടിക്സും റഷ്യയിലെ എയർപോർട്സ് ഓഫ് റീജൻസ് മാനേജ്മെന്റ് കമ്പനിയും ചേർന്നാണ് 30 വർഷത്തേക്ക് പാട്ടത്തിനെടുത്തത്.

1740 കോടിയിലേറെ രൂപ ചെലവഴിച്ചാണ് മട്ടല വിമാനത്താവളം പണിതത്. ശ്രീലങ്കയുടെ തെക്കൻ തീരത്ത് വന്യജീവി സങ്കേതത്തോട് ചേർന്നാണ് ഈ വിമാനത്താവളം.

അന്നത്തെ പ്രസിഡണ്ട് മഹിന്ദ രാജപക്സെയുടെ പേരിട്ട ഇത് 2013-ൽ തുറന്നുകൊടുത്തെങ്കിലും പെട്ടെന്നുതന്നെ പൂട്ടി. ദേശാടനപ്പക്ഷികളുടെ സഞ്ചാരപാതയിലായതും മാനും കാട്ടുപോത്തും ഉൾപ്പെടെയുള്ളവ റൺവേയിൽ ഇറങ്ങുന്നതും പതിവായതോടെയാണ് വിമാനക്കമ്പനികൾ ഒഴിഞ്ഞുപോയത്.

# ലീജിയൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ സെമിനാർ നടത്തി

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ ലീജിയൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെ. ജോസഫ്സ് സന്യാസ സമൂഹാംഗവും റിട്ടയേഡ് അദ്ധ്യാപികയുമായ സിസ്റ്റർ ജോബി SJCz ആണ് സെമിനാർ നയിച്ചത്. പരിശുദ്ധ അമ്മയുടെ സ്തോത്ര ഗീതത്തെ ആസ്പദമാക്കിയാണ് ലീജിയൻ ഓഫ് മേരി അംഗങ്ങൾക്കായി സിസ്റ്റർ ക്ലാസ് എടുത്തത്. ഇടവകയിലെ എല്ലാ ലീജിയൻ ഓഫ് മേരി അംഗങ്ങളും സെമിനാറിൽ പങ്കെടുത്തു.



# അമേരിക്കയിലെ ആദ്യത്തെ അതിവേഗ റെയിൽപാത

ഡോ. മാത്യു ജോയിസ്

സതേൺ കാലിഫോർണിയയ്ക്കും ലാസ് വെഗാസിനും ഇടയിൽ 12 ബില്യൺ ഡോളറിന്റെ അതിവേഗ സമ്പൂർണ വൈദ്യുത പാസഞ്ചർ റെയിൽ പാതയുടെ നിർമ്മാണം ആരംഭിക്കുന്നു. ഇത് ഓരോ ദിശയിലും ഓടാൻ ഏകദേശം രണ്ട് മണിക്കൂറിലധികം എടുക്കും. ഒരു വികസിത രാജ്യത്ത് എത്ര വേഗത്തിലാണ് ഒരു പ്രോജക്ട് അന്തിമരൂപം പ്രാപിച്ചിരിക്കുന്നതെന്നും പ്രവൃത്തികൾ ആരംഭിക്കുന്നതെന്നും നോക്കൂ. ഒരു പ്രദേശത്തിന്റെ പുരോഗതിക്കായി വൃത്തികെട്ട രാഷ്ട്രീയവും ചുവപ്പുനാടയുടെ കാലതാമസവും ഒഴിവാക്കുന്നതിൽ അവിടുത്തെ ഭരണാധികാരികൾ അത്ര ജാഗരൂകരാണ് എന്ന് സാരം.

ജപ്പാനിലെ ഷിൻകാൻസെൻ ബുള്ളറ്റ് ട്രെയിനുകളോട് താരതമ്യപ്പെടുത്താവുന്ന 186 mph (300 kph) വേഗത കൈവരിക്കാൻ രൂപകല്പന ചെയ്ത രാജ്യത്തെ ആദ്യത്തെ യഥാർത്ഥ അതിവേഗ പാസഞ്ചൽ റെയിൽ പാതയാണ് ഈ പദ്ധതി. ഫ്ളോറിഡ ആസ്ഥാനമായുള്ള ബ്രൈറ്റ്ലൈൻ ഹോൾഡിംഗ്സ് ഇതിനകംതന്നെ മിയാമി-ടു-ഓർലാൻഡോ ലൈൻ പ്രവർത്തിപ്പിക്കുന്നു. ട്രെയിനുകൾ 125 mph (200 kph)വരെ വേഗതയിൽ എത്തുന്നു. ഇത് 2018-ൽ സർവീസ് ആരംഭിക്കുകയും കഴിഞ്ഞ സെപ്റ്റംബറിൽ ഒർലാൻഡോ ഇന്റർനാഷണൽ എയർപോർട്ടിലേക്ക് സർവീസ് വ്യാപിപ്പിക്കുകയും ചെയ്തു. ഇത് പ്രതിദിനം 16 റൗണ്ട് ട്രിപ്പുകൾ വാഗ്ദാനം ചെയ്യുന്നു. 235 മൈൽ (378 കിലോമീറ്റർ) ദൂരത്തിന് വൺ-വേ ടിക്കറ്റിന് ഏകദേശം 80 ഡോളർ ചെലവാകും.

ബോസ്റ്റണിനും വാഷിങ്ടൺ ഡിസിക്കും ഇടയിൽ ചരക്ക്, യാത്രാ സേവനവുമായി ട്രാക്കുകൾ പങ്കിടുമ്പോൾ 150 mph (241 kph) വേഗത കൈവരിക്കാൻ കഴിയുന്ന ആംട്രാക്കിന്റെ അസെലയും യുഎസിലെ മറ്റ് ഫാസ്റ്റ് ട്രെയിനുകളിൽ ഉൾപ്പെടുന്നു. മറ്റ് യുഎസ് നഗരങ്ങളെ ഹൈ-സ്പീഡ് പാസഞ്ചർ ട്രെയിനുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള ആശയങ്ങൾ സമീപവർഷങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. ഡാളസ് മുതൽ ഹൂസ്റ്റൺ വരെ, അറ്റ്ലാന്റ മുതൽ ഷാർലറ്റ്, നോർത്ത് കരോലിന; ചിക്കാഗോ മുതൽ സെന്റ് ലൂയിസ് വരെ.

എന്നാൽ പലതും കാലതാമസം നേരിട്ടുനിൽക്കുമ്പോഴാണ് SoCal-LV പദ്ധതി അതിവേഗം പ്രാവർത്തികമാക്കുന്നത്.

അതിവേഗ ട്രെയിനുകൾ വളരെ ഹരം പകരുന്നതാണ്. രണ്ടു മണിക്കൂറിനുള്ളിൽ ചന്നലിൽ പാരീസിനും ലണ്ടനും ഇടയിലുള്ള യൂറോസ്റ്റാർ എനിക്കിഷ്ടമാണ്. അതേപോലെ ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ ട്രെയിനുകളിലൊന്നാണ് രാജധാനി എക്സ്പ്രസ്. വേഗതയ്ക്കും സൗകര്യത്തിനും പേരുകേട്ടതാണ്. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഇതിന്റെ പരമാവധി വേഗത മണിക്കൂറിൽ 130 കി.മീ. രാജധാനി ട്രെയിനുകളുടെ എല്ലാ കോച്ചുകളും എയർകണ്ടീഷൻ ചെയ്തവയാണ്.




160 കി.മീ./മണിക്കൂർ വേഗതയുള്ള ഇന്ത്യയിലെ ഏറ്റവും ഉയർന്ന വേഗതയുള്ള ട്രെയിനുകളിലൊന്നായ ഗതിമാൻ എക്സ്പ്രസ് പോലെ വേറെയും സൂപ്പർ ഫാസ്റ്റുകൾ ഇന്ത്യയിലുണ്ട്. യുഎസ്എയിൽ കൂടുതൽ ആളുകൾ ആംട്രാക്ക് ഉപയോഗിക്കുന്നില്ല. ഇതിന് വളരെയധികം സമയമെടുക്കും. എല്ലാ ചെറിയ പട്ടണങ്ങളിലും അവർ നിർത്തുന്നു. ട്രെയിനുകൾ എയർലൈനുകൾ പോലെ ഓടണം. പ്രധാന കേന്ദ്രം മുതൽ അടുത്ത പ്രധാനകേന്ദ്രം വരെ.

ഉരുക്കു വീലുകളിൽ ഒരു വാണിജ്യ തീവണ്ടിയുടെ നിലവിലെ ലോകവേഗത, ഫ്രഞ്ച് TGV-യുടെ 574.8 km/h (357.2 mph) ആണ്. 2007 ഏപ്രിൽ 3-ന് പുതിയ റെക്കോർഡ് നേടിയെടുത്തത്.

സതേൺ കാലിഫോർണിയയ്ക്കും ലാസ് വെഗാസിനും ഇടയിൽ 12 ബില്യൺ ഡോളറിന്റെ അതിവേഗ സമ്പൂർണ വൈദ്യുത പാസഞ്ചർ റെയിൽ പാതയുടെ നിർമ്മാണം തിങ്കളാഴ്ച ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ലാസ് വെഗാസ് സ്ട്രിപ്പിന്റെ തെക്ക് ഭാഗത്ത് നിർമ്മിക്കുന്ന ടെർമിനലിനും റാഞ്ചോ കുക്കമോംഗയിലെ മറ്റൊരു പുതിയ സൗകര്യത്തിനും ഇടയിൽ 218 മൈൽ പുതിയ ട്രാക്ക് സ്ഥാപിക്കാനാണ് ബ്രൈറ്റ്ലൈൻ വെസ്റ്റ് ലക്ഷ്യമിടുന്നത്. ആ യാത്ര സാധാരണയായി കാറിൽ മൂന്ന് മണിക്കൂറിലധികം എടുക്കും. കമ്പനിയുടെ പൂർണ്ണ വൈദ്യുത തീവണ്ടി ഓരോ വഴിക്കും വെറും രണ്ട് മണിക്കൂർ വീതം എടുക്കുമെന്ന് പറയുന്നു. പ്രതിവർഷം 11 ദശലക്ഷം വൺ-വേ യാത്രക്കാർ എന്നതാണ് കണക്കുകൂട്ടൽ. അല്ലെങ്കിൽ പ്രതിദിനം ഏകദേശം 30,000 യാത്രക്കാർക്കുള്ളതാണ്. നിരക്കുകൾ എയർലൈൻ യാത്രാ ചെലവിനേക്കാൾ വളരെ കുറവാണ്. റെസ്റ്റ് റൂമുകൾ, വൈഫൈ, ഭക്ഷണപാനീയ വില്പന, ലഗേജ് പരിശോധനയ്ക്കുള്ള സൗകര്യം എന്നിവ ട്രെയിനുകളിൽ ലഭിക്കും.


ഒരു പ്രസ്താവനയിൽ ബ്രൈറ്റ്ലൈൻ ഹോൾഡിംഗ്സ് സ്ഥാപകനും ചെയർപേഴ്സണുമായ വെസ് ഈഡൻസ് ഈ നിമിഷത്തെ ‘ഒരു പുതിയ വ്യവസായത്തിന്റെ അടിത്തറ’ എന്ന് വിശേഷിപ്പിച്ചു. ബ്രൈറ്റ്ലൈൻ മറ്റ് യുഎസ് നഗരങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. 2028-ൽ ലോസ് ഏഞ്ചൽസ് സമ്മർ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുമ്പോഴേയ്ക്കും പദ്ധതി പൂർത്തിയാകും. യുഎസ് ഗതാഗത സെക്രട്ടറി പീറ്റ് ബൂട്ടിഗീഗ് തിങ്കളാഴ്ച വെഗാസിലെ നിർമ്മാണത്തിന്റെ തുടക്കത്തിൽ ബ്രൈറ്റ്ലൈൻ നേതാക്കളോടൊപ്പം ചേരും. (അല്ലാതെ അമേരിക്കൻ പ്രസിഡണ്ട് വന്ന് കല്ലിട്ടാലേ ഈ പദ്ധതി ഗംഭീരമാകൂ എന്ന ഫ്ളെക്സ് ഒന്നും ഇവിടെ കണികാണാൻ പോലുമില്ല.)

ഫെഡറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുകളിൽ നിന്നുള്ള 3 ബില്യൺ ഡോളർ ഗ്രാന്റും 2.5 മില്യൺ ഡോളർ നികുതി ഇളവ് ബോണ്ടുകൾ വിൽക്കാനുള്ള അംഗീകാരവും ഉൾപ്പെടെ ബൈഡൻ ഭരണകൂടത്തിൽ നിന്ന് 6.5 ബില്യൺ ഡോളർ പിന്തുണ ബ്രൈറ്റ്ലൈന് ലഭിച്ചു. സമാനമായ ബോണ്ടുകളിൽ ഒരു ബില്യൺ ഡോളർ വിൽക്കാൻ കമ്പനി 2020-ൽ ഫെഡറൽ അംഗീകാരം നേടി. ഈ നിർമ്മാണം ദക്ഷിണ കാലിഫോർണിയയിൽ നിരവധി പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നു പ്രതീക്ഷിക്കുന്നു. കൂട്ടത്തിൽ സിൻ സിറ്റിയായ ലാസ് വേഗാസിലെ കസീനോകൾ കൂടുതൽ പച്ചപിടിക്കുമെന്നതിൽ സംശയം ലേശം വേണ്ടതാനും!!



ലേഖകൻ

# സ്വാമി ഗൗതമാനന്ദ ശ്രീരാമകൃഷ്ണ മിഷൻ അധ്യക്ഷൻ



കൊൽക്കത്ത: ശ്രീരാമകൃഷ്ണ മിഷന്റെയും മഠത്തിന്റെയും പുതിയ അധ്യക്ഷനായി സ്വാമി ഗൗതമാനന്ദയെ (95) തെരഞ്ഞെടുത്തു. മഠം ബോർഡ് ഓഫ് ട്രസ്റ്റീസിന്റെയും മിഷൻ ഭരണസമിതിയുടെയും യോഗത്തിലാണ് പുതിയ അധ്യക്ഷനെ തെരഞ്ഞെടുത്തത്. കഴിഞ്ഞ മാസം സമാധിയായ സ്വാമി സ്മരണാനന്ദയുടെ പിൻഗാമിയായി, ശ്രീരാമകൃഷ്ണ മിഷന്റെയും മഠത്തിന്റെയും 17-ാം അധ്യക്ഷനായാണ് സ്വാമി ഗൗതമാനന്ദ ചുമതലയേൽക്കുക. 1929-ൽ ബെംഗളൂരുവിലാണു ജനനം. പൂർവികർ തമിഴ്നാട്ടുകാരാണ്. ബെംഗളൂരുവിൽ സ്വാമി യതീശ്വരാനന്ദ നേതൃത്വം നൽകിയിരുന്ന ശ്രീരാമകൃഷ്ണ പ്രസ്ഥാനവുമായി ചെറുപ്പത്തിൽ ആരംഭിച്ച ബന്ധമാണ് വഴിത്തിരിവായത്. 1955-ൽ മന്ത്രദീക്ഷ സ്വീകരിച്ചു. തുടർന്ന് ശ്രീരാമകൃഷ്ണ മിഷന്റെ ന്യൂഡൽഹി ശാഖയിൽ ആറ് വർഷം പ്രവർത്തിച്ചു. 1966-ലാണ് സ്വാമി ഗൗതമാനന്ദ എന്നപേരു സ്വീകരിച്ചു സന്യാസജീവിതത്തിലേക്കു പ്രവേശിച്ചത്. സൊഹ്റ (പണ്ടത്തെ ചിറാപുഞ്ചി), മുംബൈ കേന്ദ്രങ്ങളിൽ 12 വർഷം പ്രവർത്തിച്ച ശേഷം 1976-ൽ അരുണാചലിലെ ആലോ എന്ന ഗോത്രഗ്രാമത്തിൽ മിഷൻ ചുമതലയേറ്റെടുത്തു.

KERALA EXPRESS പ്രവാസി താളുകൾ

# WHY CHRISTIANS SHOULD BE WARY OF VOTING FOR BJP

**George Abraham**

The BJP in Kerala sounds very inclusive. They hardly direct their ire at the Christian community. Most of their fire is aimed at the 'anti-national elements' in the Muslim community. They also work feverishly to create a wedge between both prominent minority communities through various insidious plans and often with allegations pitting one against the other. Lately, they have been busy recruiting Christians to their cadre to display their diversity credentials. Are any of these overtures genuine? Is the BJP in Kerala a wolf in sheep's clothing just to placate Christians to get a foothold in a State that so far rejected their appeasement until now?

A significant attack on the Christian community in Southeastern Gujarat took place under a BJP government in 1998. That was the beginning of a series of riots and persecution of the Christian minority across India. Kandhamal, Orissa in 2008, and Manipur in 2023 witnessed major incidents of violence directed at the community. In between, there were scores of incidents of killings and incarceration of Christian leaders, barging in and disrupting church services, destruction of churches and other properties, cancellation of FCRAs, suspension of Christian charity and educational work, deportation of foreign Christian leaders from the airport, cancellation of OCI cards on spurious grounds are all clear indication of a systematic effort to dehumanize and then marginalize the Christian community from the public square.

Kerala has been an oasis of communal harmony and friendship over the years, especially post-independence. It has never seen the wholesale atrocities visited upon the North during the time of partition. People are free to worship who they want, eat what they like, and dress the way they please—all manifestations of a people with a free spirit. Religion has been much more of a personal matter and was hardly an issue for peaceful coexistence.

However, What the BJP is attempting to do now is to slowly sneak into Kerala, hiding their real color while employing some of their vile tactics to divide and conquer. For an astute observer, what the BJP has done in Kashmir while creating an alliance with PDP, or in Maharashtra with Shiva Sena, or even with Nitish Kumar in Bihar, the lessons are obvious: you give them an inch, they will take a yard! There are enough gullible people, even in minority communities, who fall victim to their predatory games.

During its deliberations after independence, the constituent assembly inquired whether the Christian leadership was interested in a particular classification or reservations for benefits. They responded affirmatively, saying no while requesting only complete freedom to worship and manifest their faith without fear. Articles 25 through 27 of the Indian constitution truly reflect their granted wish, and they were elated. However, today, that hard-fought vehicle of protection in the constitution is shredded into pieces as Sanga Parivar organizations are creating havoc attacking Christian churches and institutions across the Hindi heartland.

Christians are known for their peaceful coexistence with other communities and hardly pose any threats to national interests. They have established educational and charitable institutions across the nation, providing learning and uplifting generations of people, giving them opportunities for a better way of life. Ancient India practiced fatalism that condemned the poor and disadvantaged because of their sins and misdeeds from their 'previous incarnations'. Entrenched in the caste system and feudal mindset, the privileged treated the poor lower castes with disdain and hatred. The Christian missionaries' work broke the cycle of deprivation and death for millions and empowered them to join society as fruitful citizens. For the ruling hierarchy, it was hard to stomach seeing their one-time servants walking away and asserting their independence from slavery. These same folks are regrouping to take the country back to their so-called glorious past.



George Abraham

That explains the Modi government's intense focus on attacking Christian institutions using state machinery to minimize their influence or remove them from the public space. When they ousted 'Compassion International', a charitable organization from the country, they immediately jeopardized the future of 115,000 students who were well on their way to enlightenment and a brighter future. Today, nobody knows what happened to those children, and does anybody care? For the government and its operatives, the upliftment of the poor is secondary to their odious agenda of eradicating any Christian influence from mainstream society.

Many of these charitable, educational, and healthcare efforts have been undertaken with the help of foreign donors, primarily from the West. The governing party knows very well that many of those doors will be shut if their source of funding is denied. That is where the FCRA (Foreign Currency Regulation Act) comes in handy to squeeze and eventually drive them out of business. The ultimate goal is to marginalize the Christian community and its disproportionate influence in society. It is very well within the agenda of RSS following the doctrine defined by M.S. Golwalker that the minorities live in India as second-class citizens subservient to the majority community.

Modi Administration is on a fast track to implement Golwalker's dream. They are simply brazen and unapologetic for any of their actions in fulfilling the RSS agenda. The external affairs ministry under its self-appointed Pracharak S. Jaisankar thumped his nose at any Western criticisms of India's treatment of its minorities. Immigration and Customs have deported many Christian leaders from foreign countries just because they are 'Christians.'

The story of Father Stan Swamy is a case study of how the Modi administration targets Christian Social activists who fight for justice for the poor and oppressed by powerful elites. Father Stan Swamy, an 84-year-old Catholic Jesuit priest and a tribal-rights activist, passed away in prison while awaiting trial. He had been detained on dubious charges of having connections with Maoists. Despite Swamy's age or fragile health due to Parkinsons' disease and repeated appeals from his legal team, the courts consistently denied him bail, allegedly influenced by the National Investigation Agency (NIA). It later emerged that the alleged Maoist letters, the basis for the NIA's charges against Fr. Stan Swamy, were planted by a hacker. Moreover, he was subjected to surveillance through the Pegasus spyware, which the Modi government widely employs to target opposition leaders and dissidents.

On May 3, 2023, ethnic violence erupted in Manipur, resulting in the deliberate burning and destruction of 249 churches within 36 hours. Since the BJP came to power in Manipur, the RSS has been working to incite the Meitei community to assert Hindutva politics against religious minorities. This has led to the emergence of Meitei-based organizations engaging in increased vigilantism, cultural policing, and anti-minority rhetoric. Hundreds of people died, thousands were injured, and thousands of homes were destroyed. Despite the severity of the situation, Modi neither acknowledged the unrest nor appealed for peace nor visited the region. When a distressing video surfaced, revealing women paraded naked and sending shockwaves across the nation, only then did Modi react with a 36-second response. The Jaisankar and the company wanted to explain this to the whole World as some intra-state tribal rivalry. The very fact that 249 churches belonging to the Meities Christians were also destroyed in the first few days of fighting is a clear testimony to the anti-Christian component and the hidden agenda of the BJP/RSS.

(see page 24)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.44 |
| യൂറോ | 89.45 |
| സ്റ്റെർലിംഗ്പൗണ്ട് | 104.56 |
| സ്വിസ് ഫ്രാങ്ക് | 91.48 |
| സിംഗപ്പൂർ ഡോളർ | 61.30 |
| കനേഡിയൻ ഡോളർ | 61.12 |
| ഒമാൻ റിയാൽ | 216.75 |
| ബഹ്റൈൻ ദിനാർ | 221.39 |
| സൗദി റിയാൽ | 22.25 |
| യു.എ.ഇ. ദിർഹം | 22.72 |
| കുവൈത്ത് ദിനാർ | 271.04 |




# പി.സി.ഐ.സി കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

ടോറന്റോ: പെന്തെക്കോസ്തൽ ഫെലോഷിപ് ഓഫ് ഇൻഡോ-കനേഡിയൻസിന്റെ പ്രഥമ കോൺഫറൻസ് 2024 ഓഗസ്റ്റിൽ ടോറോന്റോയിൽ വെച്ച് നടത്തപ്പെടുന്നതിന്റെ ക്രമീകരണങ്ങൾ അവസാനഘട്ടത്തിലേക്ക്.

പത്ത് പ്രൊവിൻസും മൂന്ന് ഫെഡറൽ ടെറിട്ടറിയുമുള്ള കാനഡ എന്ന വലിയ മനോഹരമായ രാജ്യത്ത് മലയാളികൾ കുടിയേറി തുടങ്ങിയിട്ട് ആറ് പതിറ്റാണ്ട് കഴിഞ്ഞു. 2024-ൽ എത്തിനിൽക്കുമ്പോൾ കാനഡയുടെ പത്ത് പ്രൊവിൻസിലും മലയാളി പെന്തെക്കോസ്ത് സഭകളുടെ സാന്നിദ്ധ്യം ഇന്നുണ്ട്. കാലാകാലങ്ങളിൽ ഇമിഗ്രൻസായി പല പ്രൊവിൻസുകളിൽ താമസിക്കുന്നവരെ കൂടാതെ, സ്റ്റുഡന്റ് ആയിട്ട് പഠിക്കാൻ കടന്നുവന്നവർ ഈ സ്ഥലങ്ങളിലെല്ലാം താമസിക്കുന്നു.

പിൽക്കാലത്ത് ദൈവദാസന്മാർ വിശ്വാസികൾ ചേർന്ന് തുടങ്ങിയ പ്രാർത്ഥനാ കൂട്ടായ്മകൾ ഇന്ന് സഭകളായി രൂപാന്തരപ്പെട്ടു. അങ്ങനെ ആ സഭകൾ എല്ലാ കൂടിച്ചേർന്ന് നടത്തുന്ന കോൺഫറൻസാണ് പിസിഐസി. പത്ത് പ്രൊവിൻസുകളിൽ നിന്നും നൂറിൽപ്പരം സഭകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കോൺഫറൻസ് തുടങ്ങുന്നത് ഓഗസ്റ്റ് 1, 2, 3 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ കാനഡ ക്രിസ്ത്യൻ കോളജ് whitby ഓഡിറ്റോറിയത്തിലാണ്.

അനുഗൃഹീതരായ ദൈവദാസന്മാർ, വർഷിപ് ലീഡേഴ്സ് കേരളത്തിൽ നിന്നും ഈ കോൺഫറൻസിൽ ശുശ്രൂഷിക്കുന്നതാണ്. കോൺഫറൻസിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് ഓൺലൈനിൽ കൂടെ ഇതിന്റെ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. (www.pfic.ca) ഈ കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ് ടോറണ്ടോ, കാൽഗറി, എഡ്മണ്ടൻ, ഹാലിഫാക്സ്, സസ്കറ്റ്വാൻ എന്നീ സ്ഥലങ്ങളിൽ മെയ്, ജൂൺ മാസങ്ങളിൽ നടക്കുന്നുണ്ട്. അവിടെയും രജിസ്റ്റർ ചെയ്യുവാനുള്ള അവസരങ്ങൾ ലഭിക്കുന്നതാണ്. ഈ കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി 16 അംഗ നാഷണൽ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജനറൽ കൺവീനർ പാസ്റ്റർ ജോൺ തോമസ് (ടൊറന്റോ), ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ശാമുവേൽ (ലണ്ടൻ, ഒന്റാറിയോ), ജനറൽ ട്രഷറർ പാസ്റ്റർ വിൽസൺ കടവിൽ (എഡ്മണ്ടൻ, ആൽബെർട്ട) എന്നിവരെ കൂടാതെ കോൺഫറൻസിന്റെ വിപുലമായ കമ്മിറ്റി എല്ലാ പ്രൊവിൻസിനെയും പ്രതിനിധീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ ബാബു ജോർജ്, ബ്ലെസ്സൻ ചെറിയാൻ, പ്രെയർ കോ-ഓർഡിനേറ്റേഴ്സായി പാസ്റ്റർമാരായ ഏബ്രഹാം തോമസും സാമുവൽ ഡാനിയേലും അതോടൊപ്പം ലേഡീസ് കോ-ഓർഡിനേറ്ററായി വത്സമ്മ ഏബ്രഹാമും ഈ കോൺഫറൻസിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ ഈ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി 40-ൽപ്പരം അംഗങ്ങൾ അടങ്ങുന്ന ലോക്കൽ കമ്മിറ്റി പ്രവർത്തിക്കുന്നു. പ്രാദേശിക സഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30-ൽപ്പരം ക്വയർ മെംബേഴ്സ് ഈ കോൺഫറൻസിന് വേണ്ടി ഗാനങ്ങൾ ആലപിക്കുന്നതാണ്.

ഈ പ്രഥമ കോൺഫറൻസ് നടക്കുന്നത് whitby-യിലെ കാനഡ ക്രിസ്ത്യൻ കോളജിന്റെ വിശാലമായ ക്യാമ്പസിലാണ്. ആയിരത്തിൽപ്പരം ഡെലിഗേറ്റ്സിനെ പ്രതീക്ഷിച്ചുകൊണ്ട് താമസ, ഭക്ഷണ ക്രമീകരണങ്ങൾ സംഘാടകർ ചെയ്തുവരുന്നു.

ഈ കോൺഫറൻസ് കാനഡയിലുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിനും സഭകൾക്കും ഒരു പുത്തൻ ഉണർവായിത്തീരുമെന്ന് പ്രത്യാശിക്കുന്നു. ഓഗസ്റ്റ് ഒന്നാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് തുടങ്ങുന്ന കോൺഫറൻസ് മൂന്നാം തീയതി ശനിയാഴ്ച വൈകുന്നേരം 9 മണിക്ക് കർതൃമേശ ശുശ്രൂഷയോടു കൂടി അവസാനിക്കുന്നതാണ്.




ഈ കോൺഫറൻസ് സഭകളുടെ ഉന്നമനത്തിനും ആത്മീയ ഐക്യതയ്ക്കും ഉണർവിനും കാരണമായിത്തീരുവാൻ എല്ലാ ദൈവമക്കളുടെയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

# നന്മയുടെ കൈനീട്ടവുമായി തിരുഹൃദയ ഇടവകയിലെ കുഞ്ഞുമിഷണറിമാർ



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിലെ കുഞ്ഞുമിഷണറിമാർ കാത്തലിക് റിലീഫ് സർവീസുമായി സഹകരിച്ച് റൈസ് ബൗൾ വഴി നോമ്പിൽ കരുതിവെച്ച സമ്പാദ്യം മിഷൻ പ്രവർത്തനത്തിനായി നൽകി. 'ഷെയർ യുവർ ബ്ലെസിങ്' എന്ന ആപ്തവാക്യവുമായി വിവിധങ്ങളായ ത്യാഗപ്രവർത്തനങ്ങളിലൂടെ സമാഹരിച്ചതു മുഴുവൻ കൈനീട്ടമായി കുട്ടികൾ സമർപ്പിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളെ എട്ട് ഗ്രൂപ്പുകൾ ആയി തിരിച്ച് ഓരോ ഗ്രൂപ്പിനും കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തി കുട്ടികളെ ഇതിനായി പ്രത്യേകം ഒരുക്കിയിരുന്നു. ചെറുപുഷ്പമിഷൻ ലീഗിലൂടെ ലഭിക്കുന്ന ഇത്തരം അവസരങ്ങൾ കുഞ്ഞുമിഷനറിമാരുടെ പ്രേഷിത ചൈതന്യത്തെ വളർത്താനും സഭയുടെ ഉപവിപ്രവർത്തനങ്ങളിൽ നേരിട്ടു പങ്കാളികളാകാനും കുട്ടികളെ സഹായിച്ചുവെന്ന് മിഷൻലീഗ് കോ-ഓർഡിനേറ്റർമാരായ ജൂബിൻ പണിക്കശ്ശേരിൽ, ആൻസി ചേലയ്ക്കൽ എന്നിവർ അഭിപ്രായപ്പെട്ടു. കുട്ടികൾ സമാഹരിച്ച തുക വികാരി ഫാ. തോമസ് മുളവനാലിന് കുട്ടികൾ കൈമാറി.



# ഹൈറിച്ച് കേസ്: 200 കോടിയുടെ സ്വത്ത് സർക്കാർ ഏറ്റെടുക്കും

കൊച്ചി: ഹൈറിച്ച് സാമ്പത്തിക തട്ടിപ്പു കേസിൽ പ്രതികളുടെ സ്വത്ത് താൽക്കാലികമായി ജപ്തി ചെയ്ത നടപടി സ്ഥിരപ്പെടുത്തണമെന്ന കളക്ടറുടെ അപേക്ഷ തേഡ് അഡീഷണൽ സെഷൻസ് കോടതി അംഗീകരിച്ചു. ഇതോടെ ഹൈറിച്ചിന്റെയും ഹൈറിച്ച് ഉടമകളുടെയും ഏകദേശം 200 കോടി രൂപയുടെ സ്വത്തുക്കൾ സർക്കാർ ഏറ്റെടുക്കും. തട്ടിപ്പുകേസിൽ കൂടുതൽ പരാതിക്കാർ ഉണ്ടാകുന്നതു തടയാനാണു ഹൈറിച്ച് തട്ടിപ്പുകാർ തുടക്കം മുതൽ ശ്രമിച്ചത്. എന്നാൽ കോടതി ഇതു മണിച്ചെയിൻ തട്ടിപ്പാണെന്നു സ്ഥിരീകരിച്ചതോടെ സിബിഐക്കു മുന്നിൽ കൂടുതൽ പരാതിക്കാർ വരാനാണു സാധ്യത.

ജില്ലാ കളക്ടറുടെ സമയബന്ധിതമായ ഇടപെടലാണു ബഡ്സ് ആക്ട് അനുസരിച്ചു പ്രതികളുടെ സ്വത്ത് കണ്ടുകെട്ടിയ നടപടി സ്ഥിരപ്പെടുത്തിയത്. പബ്ലിക് പ്രോസിക്യൂട്ടറും കേസ് നടത്തുന്നതിൽ വിജയിച്ചു. കേരളത്തിൽ ബഡ്സ് ആക്ട് അനുസരിച്ചു സ്വത്ത് കണ്ടുകെട്ടിയ നടപടി സ്ഥിരപ്പെടുത്തിയ ആദ്യ കേസാണിത്. ഡിജിപിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹൈറിച്ച് തട്ടിപ്പുകേസ് സിബിഐക്കു കൈമാറാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇഡിയും ക്രൈംബ്രാഞ്ചുമാണു നിലവിൽ കേസ് അന്വേഷിക്കുന്നത്. ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക അന്വേഷണവിഭാഗമാണു കേസുകൾ അന്വേഷിക്കുന്നത്.

ആകെ 750 കോടിയുടെ തട്ടിപ്പു നടന്നെന്നാണു പോലീസിന്റെ പ്രാഥമിക നിഗമനം. ഓരോ ദിവസവും കേസുകൾ കൂടി വരികയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര ഏജൻസിക്കു കൈമാറണമെന്നായിരുന്നു ശിപാർശ. ഈ ശിപാർശ പ്രകാരം ഉത്തരവിറക്കിയ ആഭ്യന്തരവകുപ്പ് പേർഫോമ റിപ്പോർട്ട് ഉൾപ്പെടെ ഉടൻ കേന്ദ്രസർക്കാരിനു കൈമാറാൻ ഡിജിപിക്കു നിർദേശം നൽകി.

## മണിപ്പൂരിൽ വെടിവെപ്പ്; ഒരാൾ കൊല്ലപ്പെട്ടു

ഇംഫാൽ: മണിപ്പൂരിലെ അരുവിഭാഗങ്ങൾ തമ്മിലുള്ള വെടിവെപ്പ് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നു. ഏപ്രിൽ 28-ന് കാങ്പോക്പിയിലുണ്ടായ വെടിവെപ്പിൽ ഒരാൾ കൊല്ലപ്പെട്ടു. മൂന്നു പേർക്കു പരുക്കേറ്റു. ഇംഫാൽ വെസ്റ്റിലെ കോട്രൂക്കിലേക്കു സമീപ ജില്ലയായ കാങ്പോക്പിയിലെ മലമുകളിൽ നിന്ന് ഡസൻകണക്കിന് തോക്കുധാരികൾ ആക്രമണം അഴിച്ചുവിടുകയായിരുന്നു. ഇതോടെ കോട്രൂക്കിലെ കാവൽക്കാർ ഉൾപ്പെടെ പ്രത്യാക്രമണം നടത്തി.

ഇതിനു പിന്നാലെ സമീപഗ്രാമങ്ങളായ കടങ്ക്ബന്ദ്, സെൻജാം ചിരാംഗ് മേഖലകളിലും വെടിവെപ്പുണ്ടായി. പലയിടത്തും വീടുകളിലേക്കു വരെ വെടിയുണ്ടകൾ തുളച്ചുകയറി. മിക്കയിടങ്ങളിലും സ്ത്രീകളെയും കുട്ടികളെയും മുതിർന്ന പൗരന്മാരെയും സമീപത്തെ സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറ്റിയിരുന്നു. കൂടുതൽ സേനാംഗങ്ങളെ വിന്യസിച്ചതോടെയാണ് വെടിവെപ്പിനു ശമനമുണ്ടായത്.

## ഗവർണർ ഒപ്പിട്ടു

(3-ാം പേജിൽനിന്നും)

അതിനുള്ള മറുപടി ചീഫ് സെക്രട്ടറി രാജ്ഭവനിൽ എത്തിക്കുകയും ചെയ്തിരുന്നു. ഈ ബിൽ ഇടുക്കി ജില്ലയെ മാത്രം ലക്ഷ്യമാക്കി പാസാക്കിയതല്ലെന്നും കേരളത്തെ മൊത്തം ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ബിൽ ആണെന്നും ചീഫ് സെക്രട്ടറിയുടെ വിശദീകരണത്തിൽ പറഞ്ഞിരുന്നു.

പരാതികളുടെ കാര്യത്തിൽ സർക്കാർ തൃപ്തികരമായ മറുപടി നല്കിയാൽ ബില്ലിന് അംഗീകാരം നല്കാമെന്ന നിലപാടിലേക്ക് ഗവർണർ നിലപാട് മയപ്പെടുത്തിയിരുന്നു. ബിൽ സംബന്ധിച്ചു സർക്കാരിനോട് ഗവർണർ വിശദീകരണം തേടി മാസങ്ങളായിട്ടും മറുപടി ലഭിച്ചില്ലെന്ന് മൂന്നു തവണ രാജ്ഭവൻ ഓർമ്മപ്പെടുത്തിയെങ്കിലും വിശദീകരണം നല്കാൻ സർക്കാർ തയ്യാറായിരുന്നില്ല. നിയമസഭ പാസാക്കിയ ബില്ലിനെക്കുറിച്ച് ഗവർണർ സംശയം ചോദിക്കേണ്ട കാര്യമില്ലെന്നും ഒപ്പിട്ടു നല്കിയാൽ മതി എന്നുമുള്ള നിലപാടാണ് സർക്കാരും മന്ത്രിമാരും സ്വീകരിച്ചത്. ബില്ലിന്റെ കാര്യത്തിൽ ഗവർണർ നിലപാട് മയപ്പെടുത്തിയ സാഹചര്യത്തിൽ വിശദീകരണം നല്കാൻ സർക്കാർ തയ്യാറാവുകയായിരുന്നു.

ഭൂമി തരം മാറ്റുന്നതിനുള്ള അധികാരം ആർഡിഒ മാർക്കു പുറമെ ഡെപ്യൂട്ടി കളക്ടർക്കു കൂടി നല്കാനുള്ള നെൽവയൽ തണ്ണീർത്തട നിയമഭേദഗതി ബില്ലിനും ഗവർണർ അംഗീകാരം നല്കി.

## ഫാമിലി & യൂത്ത് കോൺഫറൻസ്

(18-ാം പേജിൽനിന്നും)

ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർ ഷോൺ ഏബ്രഹാമുമായി ബന്ധപ്പെടുക (ഫോൺ 347 749 2922) Registration link:http://tinyuri.com/FYC2024.

## പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗം

(3-ാം പേജിൽനിന്നും)

വേനൽമഴ കയ്യൊഴിഞ്ഞ വടക്കൻ കേരളത്തിൽ മിക്ക പ്രദേശങ്ങളിലും വരണ്ട അന്തരീക്ഷസ്ഥിതി തുടരും. മധ്യ തെക്കൻ കേരളത്തിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ വേനൽമഴ ലഭിക്കുമെങ്കിലും ചൂടു കുറയില്ല.

പാലക്കാട് എലപ്പുള്ളി പള്ളത്തേരി പാറമേട് നല്ലാംപുരയ്ക്കൽ വീട്ടിൽ പരേതനായ കൃഷ്ണന്റെ ഭാര്യ ലക്ഷ്മിയമ്മ (89), മാഹി പന്തക്കൽ പന്തോക്കാട്ടിലെ ഉളുമ്പന്റവിട മതയമ്പത്ത് യു.എം. വിശ്വനാഥൻ (53), ഇടുക്കി കാളിയാർ മുള്ളരിങ്ങാട് മമ്പാറ പോങ്ങം കോളനി പുത്തൻപുരയ്ക്കൽ സുരേന്ദ്രൻ (73) എന്നിവരാണു സൂര്യാഘാതം മൂലം മരിച്ചത്.

ലക്ഷ്മിയമ്മയെ 27-ന് ഉച്ചയ്ക്ക് ഒന്നര മുതൽ വീട്ടിൽനിന്നു കാണാതായതിനെത്തുടർന്നു നടത്തിയ തിരച്ചിലിൽ വൈകിട്ട് അഞ്ചരയോടെ പള്ളത്തേരിയിലെ വെള്ളമില്ലാത്ത ആളിയാർ കനാലിൽ വീണുകിടക്കുന്ന നിലയിൽ കണ്ടെത്തി.

ദേഹമാസകലം പൊള്ളലേറ്റ പാടുകളുണ്ടായിരുന്നു. പോസ്റ്റുമോർട്ടത്തിലാണു മരണകാരണം സൂര്യാഘാതമാണെന്നു സ്ഥിരീകരിച്ചത്. മകൾ: ശ്രീദേവി. മരുമകൻ: മോഹനൻ.

മാഹിയിൽ കിണർ കുഴിക്കുന്നതിനിടെയാണ് ഓട്ടോറിക്ഷ ഡ്രൈവർ കൂടിയായ വിശ്വനാഥനു സൂര്യാഘാതമേറ്റത്. 26-നു നിടുമ്പ്രത്തു കിണറ്റിൽനിന്നു മണ്ണു വലിച്ചുകയറ്റുന്നതിനിടെ തളർന്നു വീഴുകയായിരുന്നു. കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പരേതനായ കുമാരന്റെയും ലക്ഷ്മിയുടെയും മകനാണ്. ഭാര്യ: പ്രജിഷ. മക്കൾ: വിനയപ്രിയ (എഞ്ചിനീയറിങ് വിദ്യാർത്ഥിനി), വിശ്വപ്രിയ (പന്തക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനി).

ഇടുക്കി കാളിയാറിൽ വഴിത്തർക്കത്തിനിടെ റോഡിൽ വീണുപോയ സുരേന്ദ്രൻ മരിച്ചതും സൂര്യാഘാതം മൂലമാണെന്നു പോസ്റ്റ്മോർട്ടത്തിൽ തെളിഞ്ഞു. ഈ മാസം 10-ന് ആയിരുന്നു സംഭവം. റോഡിൽ രണ്ട് മണിക്കൂറിലേറെ വീണുകിടന്ന സുരേന്ദ്രനെ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷപ്പെടുത്താനായില്ല.

## കേരളത്തിൽ 71.90 ശതമാനം പോളിംഗ്

(3-ാം പേജിൽനിന്നും)

രാവിലെ മുതൽ വോട്ടർമാരുടെ നീണ്ടനിരയാണ് കേരളത്തിലെ 20 മണ്ഡലങ്ങളിലെയും പോളിംഗ് ബൂത്തുകളിൽ കാണാനായത്. രാവിലെ ഏഴിന് വോട്ടെടുപ്പ് ആരംഭിച്ച് രണ്ട് മണിക്കൂർ പിന്നിട്ടപ്പോൾ 12.26 ശതമാനം പോളിങ്ങാന് രേഖപ്പെടുത്തിയത്. ഉച്ചയ്ക്ക് ഒന്നോടെ 40 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. ഉച്ചകഴിഞ്ഞ് മൂന്നിന് വോട്ടിംഗ് ശതമാനം 50 പിന്നിട്ടു.

കേരളത്തിലെന്നപോലെ മറ്റു സംസ്ഥാനങ്ങളിലും പോളിങ്ങിൽ ഇടിവ് രേഖപ്പെടുത്തി. ദേശീയതലത്തിൽ ആദ്യഘട്ട വോട്ടെടുപ്പിൽ 4.4 ശതമാനമായിരുന്നു ഇടിവെങ്കിൽ രണ്ടാം ഘട്ടത്തിൽ ഏകദേശം 6 ശതമാനം ഇടിവുണ്ടെന്നാണ് ആദ്യകണക്കുകൾ സൂചിപ്പിക്കുന്നത്. ആദ്യഘട്ട പോളിങ്ങിലെ ഇടിവിനെത്തുടർന്നുള്ള പരിഭ്രാന്തിയിലാണ് ബിജെപി വിദ്വേഷപ്രസംഗങ്ങളിലേക്കു തിരിഞ്ഞതെന്നു വിലയിരുത്തലുണ്ടായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്നു കടുത്ത പ്രസംഗങ്ങൾ നടത്തിയ രാജസ്ഥാനിൽ എന്നിട്ടും 2019-നെ അപേക്ഷിച്ച് 4 ശതമാനം കുറഞ്ഞു. ആദ്യഘട്ടത്തിൽ 6.26 ശതമാനമായിരുന്നു ഇടിവ്. മധ്യപ്രദേശിൽ 9.4, ബംഗാളിൽ 8.82, യുപിയിൽ 7.33, ബിഹാറിൽ 5.19, അസമിൽ 4.14, മഹാരാഷ്ട്രയിൽ 3.18 ശതമാനം എന്നിങ്ങനെയാണ് ഇടിവ്. ഇവയിൽ ബംഗാൾ ഒഴികെയെല്ലാം 2019-ൽ ബിജെപി മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനങ്ങളാണ്. കർണാടക, ഛത്തീസ്ഗഢ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലാണ് 2019-ലെ അപേക്ഷിച്ച് ഇക്കുറി പോളിങ്ങിൽ കാര്യമായ കുറവില്ലാത്തത്.

# WHY CHRISTIANS SHOULD BE WARY OF VOTING FOR BJP

**(from page 22)**

After the landslide win in May 2019, the Modi government forced Sister Enedina, an 86-year-old Spanish nun and member of the Daughters of Charity, to leave the country after her visa renewal application was rejected in August 2019. Sister Enedina, a medical doctor, arrived in 1959 and served in Odisha for nearly 50 years. She was given ten days to depart and subsequently left the country. Her final wish was to die and be buried in a country that she served for five decades. However, the Modi government, which, without shame, demanded more H-1 visas from Washington for Indian workers as it is their privilege, didn't even have the basic decency to honor her humble request.

Modi, as PM in 2014, declared December 25 as Good Governance Day, coinciding with the birthday of former PM Vajpayee. This move, potentially replacing Christmas as a holiday, was led by the Ministry of HRD, organizing activities like essay writing and seminars in schools and colleges. Following protests, the observance persists on December 25, with participation now being voluntary. Most likely, inspired by Modi, the Manipur Government recently declared the same, making Good Friday a working day in a state where 41 percent of the people are Christians, though it was withdrawn later, probably due to the upcoming elections. It is ironic that in America, where Indians constitute only less than two percent of the population, Diwali is a public holiday in New York. The Diaspora that is very vocal on minority rights and religious freedom in the U.S. is quiet on what happens to minorities in India.

It is no secret anymore that American Christian leaders are being deported directly from India's airports just because they are Christians. Several months ago, nine leaders from the New York Council of churches headed by Rev. Peter Cook, who traveled to India with valid visas, were denied entry at the Chennai airport in a shocking display of bad faith. And after subjugating them to a grueling 12-hour questioning, they were deported back to the United States. According to one of the team members, the chief of immigration at the airport went as far as to say, "We don't want Christians to come here"!

It is widely believed that there are standing instructions with Indian embassies to deny religious visas and even to deny tourist visas to folks directly associated with any Christian Organization. It is just unfair, to say the least, that while many of the Hindutva leaders who have blood on their hands travel to the United States or Europe freely while the Christendom in India that has a 2000-year-old history of peaceful coexistence is forbidden to receive fellow Christians from around the World. It is not only unfortunate but a grave injustice to a minority community that has contributed so much to the enlightenment of the country through Education and the upliftment of the poor and the downtrodden via Social Services.

The Ministry of Home Affairs revoked the OCI card of an Indian American doctor, citing his involvement in "evangelical and subversive activities "while providing free medical services to the underprivileged in Bihar. The doctor challenged this decision in the Delhi High Court, where Justice Vibhu Bakhru strongly criticized the Ministry of Home Affairs for revoking the OCI card. To undercut the court's ruling, the Modi government changed the OCI rules, forbidding OCIs from engaging in missionary or journalistic activities.

The United Christian Forum (UCF), an organization documenting atrocities against Christians in India, has noted a significant increase in violent attacks since Modi came to power in 2014. According to its report, in the first eight months of 2023, there were 525 targeted incidents, with BJP-ruled Uttar Pradesh leading with 155 incidents. Additionally, 520 Christians have been arrested and accused of forced conversions, including a couple detained during their wedding ceremony. In light of these increased atrocities, the United States Commission for Religious Freedom has requested to make India a 'country of particular concern.'

I have just highlighted above to give a glimpse of what is taking place around us under Modi's watch. If a state like Manipur, with a substantial Christian population, could be ethnically cleansed from its capital, Imphal, even Christians in Kerala ought to be worried and should pay attention to the calamity that would envelop them if the BJP takes root in their state.

For every Christian, it is a sobering moment to introspect and make critical decisions as to how they would vote their conscience. To the folks among Christians who may play into the hands of those who are hurting them; "Father, forgive them, for they do not know what they are doing!"

# SEEKING BRIDEGROOM

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available. Contact- **Plavilakandan@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and

# SEEKING BRIDE

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com, +44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India) 5867419373 (USA)**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

# നിര്യാതരായി

## സി.കെ. ഉതുപ്പ്

**ചെന്നൈ:** എംആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ കോട്ടയം വലിയ കിഴക്കേക്കര ചക്കുപുരക്കൽ സി.കെ. ഉതുപ്പ് (കുട്ടി-86) അന്തരിച്ചു. ഭാര്യ പരേതയായ വാഴൂർ കോയിക്കൽ ചേച്ചമ്മ. മക്കൾ: കുര്യൻ (യുഎസ്), കോശി (ചെന്നൈ). മരുമക്കൾ: സൂസൻ ഇട്ടി കോഴിമണ്ണിൽ (മേപ്രാൽ), ഷെറിൻ ജോസഫ് കോത്തല പുള്ളോലിക്കൽ (കോട്ടയം).

## സിജു മാളിയേക്കൽ



**വാഷിങ്ടൺ:** തൃശൂർ കൊരട്ടി മാളിയേക്കൽ പരേതനായ എം.ഡി. പാപ്പച്ചൻ-മേരി പാപ്പച്ചൻ ദമ്പതികളുടെ മകൻ സിജു മാളിയേക്കൽ (45) സിയാറ്റിൽ അന്തരിച്ചു. ഭാര്യ ജാൻസി ജോസഫ്. മക്കൾ: ഏരെൺ റാഫേൽ മാളിയേക്കൽ, ബെഞ്ചമിൻ ജോസഫ് മാളിയേക്കൽ. സഹോദരങ്ങൾ: ലിയോ പാപ്പച്ചൻ മാളിയേക്കൽ (കാനഡ), ലിജു പാപ്പച്ചൻ മാളിയേക്കൽ (കേരളം).

## ഡെയ്സി ആന്റണി

**കൈപ്പുഴ:** മാന്തുരുത്തിൽ ഡെയ്സി ആന്റണി (80) അന്തരിച്ചു. ചിങ്ങവനം കൈതാരത്ത് കുടുംബാംഗമാണ്. ഭർത്താവ് എം.സി. ആന്റണി (റിട്ട. പ്രധാനാധ്യാപകൻ, സെ. മാത്യൂസ് എൽപിഎസ് കൈപ്പുഴ). മക്കൾ: ജസീന സാബു (ടീച്ചർ സെ. മേരീസ് എച്ച്എസ് കിടങ്ങൂർ), പരേതയായ സെമീന സജി, ബൈജുമോൻ ആന്റണി (യുകെ). മരുമക്കൾ: പരേതനായ സാബു ജോൺ പ്ലാത്തോട്ടത്തിൽ (കിടങ്ങൂർ), സജി ജെയിംസ് മറ്റത്തിൽ പുന്നത്തുറ (ഫ്ളോറിഡ), റീനമോൾ തോമസ് കട്ടപ്പുറത്ത് ചാമക്കാല (യുകെ).

## ജോസ് തരിയൻ

**കല്ലൂർ:** കീഴാഞ്ഞിലിയിൽ ജോസ് തരിയൻ (കെ.ടി. ജോസഫ്-88) അന്തരിച്ചു. ഫാക്ടിലും സൗദി അരാംകോയിലും എൻജിനീയറായിരുന്നു. ഭാര്യ അതിരമ്പുഴ പണ്ടാരക്കളം ഡോ. ഏലിയാമ്മ ജോസ്. മക്കൾ: തരിയൻ ജോസ് (യുഎസ്), ഡോ. പോൾ ജോസ് (യുകെ). മരുമക്കൾ: അനു, ഡോ. നേഹ.

**നെടുമ്പ്രം:** പൊടിയാടി എൽപിഎസ് റിട്ട. പ്രധാനാധ്യാപിക പുളിക്കിത്തറയിൽ പി.എസ്. കമലാക്ഷി (104) അന്തരിച്ചു.

**മണിമല:** പ്ലാക്കാട്ട് (വെള്ളമേൽ) ഗ്രേസ് ഈപ്പൻ (94) അന്തരിച്ചു.

## അഡ്വ. മോറിസ് വിൻസന്റ്

**ആലപ്പുഴ:** ആലപ്പുഴ ബാറിലെ മുതിർന്ന അഭിഭാഷകനും ജില്ലാ കോൺ. കമ്മിറ്റിയംഗവും പാതിരപ്പള്ളി തെക്കേപാലക്കൽ അഡ്വ. മോറിസ് വിൻസന്റ് (73) അന്തരിച്ചു. ഭാര്യ പരേതയായ ജിജി ഗ്രേയ്സ് (റിട്ട. പ്രഫ. സെ. മൈക്കിൾസ് കോളജ് ചേർത്തല). മക്കൾ: വിജിത് മോറിസ് (യുഎസ്), അനൂജ് മോറിസ് (ബെംഗ്ളൂരു). മരുമക്കൾ: ഡോ. മോനിക്ക എഡിസൻ, ഡോ. ട്രിഷ്യ മേരി ജോർജ്.

**കറ്റാനം:** ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ റിട്ട. ഓഫീസർ കാര്യാടിൽ പുത്തൻപറമ്പിൽ ജേക്കബ് കെ. ചെറിയാൻ (അനിയൻകുഞ്ഞ്-88) അന്തരിച്ചു.

## അജയ് ചാക്കോ

**വാഴൂർ:** തെക്കേമുറിയിൽ യോഹന്നാൻ ചാക്കോയുടെയും മറിയാമ്മയുടെയും മകൻ അജയ് ചാക്കോ (40) യുഎസിൽ അന്തരിച്ചു.

## മേരിക്കുട്ടി ചാക്കോ

**വെളിയനാട്:** കുന്നംകേരിൽ തേമനത്ത് മേരിക്കുട്ടി (72) അന്തരിച്ചു. വെള്ളുത്തുരുത്തി കാക്കാംപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ചാക്കോ മാത്യു. മക്കൾ: ലിസാ മാത്യു, ജീസാ മാത്യു (യുഎസ്). മരുമക്കൾ: ബിനു ജോസ് കാക്കാംപറമ്പിൽ (വെള്ളുത്തുരുത്തി), അബു തോമസ് മേലയിൽ കല്ലിശേരി (യുഎസ്).

**മണിമല:** ജില്ലാ ട്രഷറി റിട്ട. ഓഫീസർ ഏറത്തേടത്ത് അന്നമ്മ ചെറിയാൻ (90) അന്തരിച്ചു.

## എൻ.എം. ഫിലിപ്പ്

**റാന്നി:** ഇടമുറി നീറംപ്ലാക്കൽ എൻ.എം.ഫിലിപ്പ് (തങ്കച്ചൻ-87) അന്തരിച്ചു. ഭാര്യ കോന്നി കല്ലേലിൽ മലയിൽ കുഞ്ഞൂഞ്ഞമ്മ. മക്കൾ: ബീന ജോൺ (പൂനെ), ബിജു ഫിലിപ്പ് (യുഎസ്), ബിനു മാത്യു. മരുമക്കൾ: ലെനി ജോൺ (പൂണെ), മിനി ഫിലിപ്പ് (യുഎസ്), ഷിബു മാത്യു (കൊച്ചി).

## ദീനാമ്മ ജോർജ്

**വീയപുരം:** കന്യോക്കോണിൽ ദീനാമ്മ ജോർജ് (93) അന്തരിച്ചു. പുത്തൻകാവ് അങ്ങാടിക്കൽ അപ്പിലിപുരയിടത്തിൽ തലവടങ്ങ് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജി. ജോർജ്. മക്കൾ: ജോർജ് മാത്യു, മേരിക്കുട്ടി സോമൻ, ലില്ലി കുര്യൻ (യുഎസ്), പരേതനായ ജോർജ് ഗീവർഗീസ്. മരുമക്കൾ: പാറമ്പുഴ നെടുംപറമ്പിൽ വത്സമ്മ (യുഎസ്), പുല്ലാട് പുത്തൻപുരയ്ക്കൽ മോളി (തിരുവനന്തപുരം), മേപ്രാൽ പനച്ചയിൽ സോമൻ പോത്തൻ, ഞാലിയാകുഴി പോളച്ചിറക്കൽ ശാലേമിൽ കുര്യൻ മാത്യു (യുഎസ്).

**മണർകാട്:** തൊട്ടിയിൽ സോമിനി സാജൻ (48) അന്തരിച്ചു.


## എലിസബത്ത് ചാക്കോ

**മന്ദമരുതി:** ചേന്നാട്ട് കുഴിപതാലിൽ എലിസബത്ത് ചാക്കോ (78) അന്തരിച്ചു.അയിരൂർ ചെറുകര കോളാകോട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എസ്. ചാക്കോ. മക്കൾ: റെജി ചാക്കോ (യുകെ), റെനി (യുഎസ്), റീന (ഭിലായ്). മരുമക്കൾ: ചാത്തങ്കേരി വേടംപറമ്പിൽ ബിന്ദു, അയിരൂർ കൈപ്പള്ളിൽ കോളാകോട്ട് റോയി, കായംകുളം പാറയിൽ സുനിൽ.

## ആലീസ് തോമസ്

**ആലപ്പുഴ:** തത്തംപള്ളി കാപ്പിൽമുക്ക് ആനന്ദശേരി സിൽവർ സ്പ്രിങ്ങിൽ ആലീസ് തോമസ് (91) അന്തരിച്ചു. ഭർത്താവ് പരേതനായ ടി.ജെ. തോമസ്. മക്കൾ: ഡോ. സുജ (യുഎസ്), സുഭാഷ്, ഡോ. സുമ.

## വർക്കി ജോസഫ്



**കോതമംഗലം:** പൈങ്ങോട്ടൂർ വെച്ചൂർ വർക്കി ജോസഫ് (81) അന്തരിച്ചു. ഭാര്യ വാകക്കാട് പുന്നത്താനിയിൽ മേരി. മക്കൾ: ഷേർളി, ഷെറിൻ, ബിനോയ്, ഷെർമിള (യുഎസ്.) മരുമക്കൾ: മാത്യു പെരുംതോട്ടത്തിൽ വെങ്ങല്ലൂർ, ജെയിംസ് പടിഞ്ഞാറേക്കര കോടിക്കുളം, ബൈജു വർഗീസ് (യുഎസ്), പരേതയായ ആൻസി കുഴിക്കാട്ടുമ്യാലിൽ വെൺമണി.

## എ.ഐ. ഇട്ടി

**കുറ്റൂർ:** ഇടവിള്ളാത്ര എ.ഐ. ഇട്ടി (82) അന്തരിച്ചു. ഭാര്യ വെളിയനാട് മന്നാറൻചിറയിൽ ചിന്നമ്മ. മക്കൾ: ഡെൻസൻ, ഡിൻസി, ഡിനോ (യുഎസ്). മരുമക്കൾ: റാന്നി പാണംപറമ്പിൽ രാജു (ഖത്തർ), ജൂബി, ജീന.

**അമയന്നൂർ:** എംആർഎഫ് മുൻ ഉദ്യോഗസ്ഥൻ പാടത്തുമാപ്പിള കുടുംബാംഗം പൂവക്കുളത്ത് പി.എ. കുര്യാക്കോസ് (കുഞ്ഞൂഞ്ഞ്-93) അന്തരിച്ചു.

## സരള ദേവി

**കൊടുങ്ങൂർ:** ശാസ്താംകാവ് കൊല്ലത്ത് സരള ദേവി (63) അന്തരിച്ചു. ഭർത്താവ് പരേതനായ വിജയകുമാർ. മക്കൾ: ദീപു വിജയൻ (അബുദാബി), ഗീതു വിജയൻ (യുഎസ്). മരുമക്കൾ: ദേവി കൃഷ്ണ (അബുദാബി), അരുൺ (യുഎസ്).

**കാഞ്ഞിരപ്പാറ:** റിട്ട. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ വാലാങ്കര വി.ടി. യോഹന്നാൻ (കുഞ്ഞൂട്ടി-74) അന്തരിച്ചു.

## ഡോ. എ.എം. വാസുദേവൻപിള്ള

**തിരുവനന്തപുരം:** എഴുത്തുകാരനും ഗവേഷകനും അദ്ധ്യാപകനുമായ വഞ്ചിയൂർ ഋഷിമംഗലം സൗഭാഗ്യയിൽ ഡോ. എ.എം. വാസുദേവൻപിള്ള (80) അന്തരിച്ചു. എഡ്ഗാർ അലൻപോയെയും മലയാളത്തിലെ ആധുനിക കവികളെയും ബന്ധപ്പെടുത്തി അമേരിക്കയിലെ ബർലിങ്ടൺ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തി. ഭാര്യ ജെ. സുശീല. മക്കൾ: ജെ.എസ്. സംഗീത കൃഷ്ണകുമാർ, ജെ.എസ് നിരഞ്ജന രമേശ് (യുഎസ്). മരുമക്കൾ: പി. കൃഷ്ണകുമാർ (ഏജീസ് ഓഫീസ്), പരേതനായ രമേശ്.

## ഏലിയാമ്മ ലൂക്കാ

**കല്ലറ:** പറവൻതുരുത്ത് പുതുപ്പറമ്പിൽ (കിഴക്കേവീട്ടിൽ) ഏലിയാമ്മ ലൂക്കാ (95) അന്തരിച്ചു. ഇരവിമംഗലം കുഴുപ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തൊമ്മൻ ലൂക്കാ. മക്കൾ: ചിന്നമ്മ, സിസ്റ്റർ മേരി ലൂക്ക് (ഭുവനേശ്വർ), പി.എൽ. തോമസ്, മേരിക്കുട്ടി മാർട്ടിൻ, ആൻസി സുനിൽ (ഇരുവരും യുഎസ്), മോളി. മരുമക്കൾ: പരേതനായ ഫിലിപ്പ് കുറ്റിപറിച്ചകാലായിൽ (കോതനല്ലൂർ), സീന തോമസ്, സുനിൽ കുരുവിള (ഇരുവരും കളിക്കൽ, കരിങ്കുന്നം), മാർട്ടിൻ ഞരളക്കാട്ടുകുന്നേൽ മോനിപ്പള്ളി (മൂവരും യുഎസ്).

## വി.എം. ശേഖരൻ

**പനമറ്റം:** മേതിപ്പുരത്തൊട്ടിയിൽ വി.എം. ശേഖരൻ (86) അന്തരിച്ചു. ഭാര്യ മാവടിയിൽ പുതുപ്പറമ്പിൽ താഴത്ത് അമ്മിണി ശേഖരൻ. മക്കൾ: ശ്യാം ശേഖരൻ (കോയമ്പത്തൂർ), ആശാ ശേഖരൻ (ഡൽഹി), ഷാജു ശേഖരൻ (യുഎസ്). മരുമക്കൾ: സിന്ധു ശ്യാം, ഹരിഹരൻ.

**മണർകാട്:** വേങ്കടത്ത് ചിറക്കൽ ഓർഡിനൻസ് ഫാക്ടറി (ഡിജിക്യൂഎ) റിട്ട. സയന്റിഫിക് ഓഫീസർ സി.കെ. മാത്യുവിന്റെ ഭാര്യ അമയന്നൂർ സെ. തോമസ് എൽപിഎസ് റിട്ട. പ്രധാനാധ്യാപിക അച്ചാമ്മ വർക്കി (അമ്മുക്കുട്ടി-85) അന്തരിച്ചു.

## ഉലഹന്നാൻ വർക്കി

**അറുനൂറ്റിമംഗലം:** മുകളേൽ ഉലഹന്നാൻ വർക്കി (86) അന്തരിച്ചു. മക്കൾ: ജെസ്സി ജോർജ്, മേഴ്സി ജോർജ് (ഇരുവരും യുഎസ്), സണ്ണി. മരുമക്കൾ: പരേതനായ ജോർജ് വർഗീസ് ആശാപറമ്പിൽ (എടത്വ), ജോൺ വട്ടംകണ്ടത്തിൽ (കാക്കൂർ), റാണി മാങ്കൂട്ടത്തിൽ (കണ്ടനാട്).


**ചങ്ങനാശേരി:** എസ്ബി കോളജ് റിട്ട. പ്രഫ. തുരുത്തി തോട്ടുകടവിൽ ടി. ജേക്കബ് മാത്യു (82) അന്തരിച്ചു

**പെരുമ്പള്ളിച്ചിറ:** വള്ളിക്കാട്ട് മത്തായി പൈലി (98) അന്തരിച്ചു.

## കെ.ഐ. ലൂക്കോസ്

**ഒളശ:** കരിമ്പുംകാലയിൽ കെ.ഐ. ലൂക്കോസ് (84) അന്തരിച്ചു. ഭാര്യ കൈപ്പുഴ കാവിൽ പരേതയായ മേഴ്സി. മക്കൾ: മിനി, അനി (മസ്കറ്റ്), അനൂപ് (യുഎസ്), അരുൺ (യുകെ). മരുമക്കൾ: ജോയി ഓണശേരിൽ മാന്നാനം, മൈക്കിൾ തോട്ടപ്പള്ളിൽ നീണ്ടൂർ, സജിനി പൂതത്തിൽ നീണ്ടൂർ (യുഎസ്), ജോസ്മി പാറ്റ്യാൽ കുറുമുള്ളൂർ (യുകെ).

## ആന്റണി ജേക്കബ്



**കാവാലം:** കൊണ്ടയിൽ ആന്റണി ജേക്കബ് (കുഞ്ഞുഞ്ഞപ്പൻ-93) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി ചെറിയതുണ്ടം പരേതയായ ത്രേസ്യാമ്മ. മക്കൾ: ജേക്കബ് (മധ്യപ്രദേശ്),ജോസഫ്കുഞ്ഞ് (ദുബായ്), ഷൈനി (യുഎസ്). മരുമക്കൾ: ജെസി വലിയപറമ്പിൽ, റീന ചീരംവേലിൽ.

**കുന്നോന്നി:** കേരള കോൺ (എം) പൂഞ്ഞാർ തെക്കേക്കര മണ്ഡലം വൈസ് പ്രസിഡണ്ട് കോക്കാട്ട് ജോസ് കുരുവിള (ജോസുകുട്ടി-60) അന്തരിച്ചു.

## തങ്കമ്മ ചാക്കോ

**കാനം:** പായിക്കാട്ട് പുതുപ്പറമ്പിൽ തങ്കമ്മ ചാക്കോ (84) അന്തരിച്ചു. ഭർത്താവ് ജോർജ് ചാക്കോ. മക്കൾ: ആൻസി ജേക്കബ് (കേരള ബാങ്ക്), ബിൻസി ജേക്കബ് (യുഎസ്), മോൻസി ജേക്കബ്. മരുമക്കൾ: പൊങ്ങന്താനം പാറയ്ക്കൽ പരേതനായ ജോർജ് സ്കറിയ, കുമരകം വാലയിൽ ഷോബു തോമസ് (യുഎസ്).

## ലീലാമ്മ മാണി

**തിരുവനന്തപുരം:** കുടപ്പനക്കുന്ന് എബനേസർ ഗാർഡൻസ് മങ്ങാട്ട് ശാലേമിൽ ലീലാമ്മ മാണി (85) അന്തരിച്ചു. ഈരപരപ്പുത്ര കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.ജെ. മാണി (റിട്ട.എയർഫോഴ്സ്). മക്കൾ: സിൻസി, ഡോ. സിംപ്സൺ (ഇരുവരും യുഎസ്), സിൽവി (ഡൽഹി). മരുമക്കൾ: സാബു, സാബു സഖറിയ, ബിന്ദു.

**വാഴക്കുളം:** അവിഭക്ത കേരള കോൺഗ്രസ് വിദ്യാർത്ഥിപ്രസ്ഥാനമായ കെ.എസ്.സിയുടെ ആദ്യ സംസ്ഥാന ജനറൽ സെക്രട്ടറി ചിറമാട്ടേൽ ബേബി സെബാസ്റ്റ്യൻ (79) അന്തരിച്ചു.

**നാലുകോടി:** വെട്ടികാട് കുഴിയടിയിൽ ജോർജ് തോമസ് (76) അന്തരിച്ചു.

## ഡോ. ടി.എം.കെ. മാരാർ

**ബെംഗ്ളൂരു:** ഐഎസ്ആർഒ ടെക്നിക്കൽ ഫിസിക്സ് വിഭാഗം മുൻമേധാവി യെലഹങ്ക പൂർവ വെനീഷ്യയിൽ പാലക്കാട് തിരുമിറ്റക്കോട് മാരാത്ത് ഡോ. ടി.എം.കെ. മാരാർ (ഉണ്ണി-84) അന്തരിച്ചു. ഭാര്യ തൃശൂർ വടക്കേമഠത്ത് (മുരളി വിഹാറിൽ) പത്മജ മാരാർ. മക്കൾ: ഡോ. സുനിൽ കൃഷ്ണൻ (പ്രഫ. റേഡിയേഷൻ ഓങ്കോളജി, ടെക്സസ് യൂണി.), ഡോ. സുമ കൃഷ്ണൻ. മരുമക്കൾ: ദീപ (യുഎസ്), ഡോ. ഹരി മേനോൻ (പ്രഫ. സെ. ജോൺസ് മെഡിക്കൽ കോളജ് ബെംഗ്ളൂരു).

**ഏറ്റുമാനൂർ:** കുത്തുപറമ്പ് നിർമ്മലഗിരി കോളജ് മലയാള വിഭാഗം മുൻ മേധാവി വെട്ടിമുകൾ തുണ്ടികരോട്ട് ടി.എ. തോമസുകുട്ടി (71) അന്തരിച്ചു.

## ഡോ. ജെ.പി. മാത്യു

**ഉഴവൂർ:** വട്ടാടിക്കുന്നേൽ ജോസഫ് മാത്യുവിന്റെയും മേരിക്കുട്ടി മാത്യുവിന്റെയും മകൻ ഡോ. ജെഫ് മാത്യു (45) യുഎസിൽ അന്തരിച്ചു. ഭാര്യ ലോറെൻ മാത്യു. മകൾ: ഒലീവ് മാത്യു.

## മേബിൾ ജെയിംസ്

**തൃക്കാക്കര:** കുട്ടിൽ മേബിൾ ജെയിംസ് (87) അന്തരിച്ചു. ഭർത്താവ് പരേതനായ മാത്യു ജെയിംസ്. മക്കൾ: റെജി, റോയ് (ചെന്നൈ), ആലി സാമുവൽ (യുഎസ്). മരുമക്കൾ: രമ, ജൂണോ (ചെന്നൈ), മോഹൻ (യുഎസ്).

**കടനാട്:** വാരണാസി രൂപത മുൻ വികാരി ജനറലും കോർപറേറ്റ് സ്കൂൾ മാനേജരുമായിരുന്ന ഫാ. സിറിയക് കുരുവിള (85) അന്തരിച്ചു.

## പി.ജെ. ഏബ്രഹാം

**ഉഴവൂർ:** പുതുപ്പറമ്പിൽ (മാനാമൂട്ടിൽ)പി.ജെ. ഏബ്രഹാം (82) യുഎസിൽ അന്തരിച്ചു. ഭാര്യ ഉഴവൂർ മറ്റത്തിൽ പെണ്ണമ്മ. മക്കൾ: സ്റ്റീജോ, ജെയിംസ്, ജോസഫ്, മരിയ (എല്ലാവരും യുഎസ്). മരുമക്കൾ: ഹണി, ഫിൽറ്റാമ്മ, ഡിൻസി, റോബിൻഡ്.

**കുന്നന്താനം:** ഗവ. സ്കൂൾ റിട്ട. അദ്ധ്യാപകൻ പൊയ്യാക്കൽ പി.കെ. വാസുദേവൻ പിള്ള (84) അന്തരിച്ചു.

**തലശേരി:** ഇരിട്ടി നെല്ലിക്കാപൊയ്കയിൽ സിഎംസി സന്യാസിനി സമൂഹാംഗം സിസ്റ്റർ മേരി തെരേസ് (74) അന്തരിച്ചു.

**മീനടം:** റിട്ട. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ശങ്കരപുരി തെക്കേടത്ത് വാഴേപറമ്പിൽ കുറിയന്നൂർ വി.എ. മാത്യു (ബേബി-88) അന്തരിച്ചു.

**മാങ്ങാനം:** ചെമ്മരപ്പള്ളി പാലമറ്റം കിഴക്കേ ചെമ്മരപ്പള്ളിൽ ജോണിക്കുട്ടി പി. ജോസഫ് (73) അന്തരിച്ചു.

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## *Favors Received*



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

# NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

**Visit Our Website:** **www.keralaexpress.com for Classified Advt.**

### കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽ നിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവർ അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയയും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. കിഷോറും സോഫിയയും തമ്മിലുള്ള പ്രണയം പരിഭവങ്ങളും പ്രതീക്ഷകളുമൊക്കെയായി തുടരുന്നു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. ആ വിവരം പുറത്തായ അന്ന് ഇടുക്കിയിൽനിന്നു രണ്ടുവണ്ടി പോലീസ് അല്ലിമയുടെ വീട്ടിലെത്തുന്നു...**

# കാണാത്ത തീരങ്ങൾ

ജോയ്സി

**94**

കിഷോർ രാജഗോപാലിന്റെ വീട്ടിൽ ചെന്നപ്പോൾ മുരിക്കാശ്ശേരി സിഐ സാബു വർഗീസ് രാജഗോപാലിനെ ചോദ്യം ചെയ്യുകയായിരുന്നു. ചില വിവരങ്ങൾ ചോദിച്ചറിയാൻ എന്ന മട്ടിലാണ് ആഗമനോദ്ദേശ്യം വെളിപ്പെടുത്തിയത്. എങ്കിലും ചോദ്യങ്ങളെല്ലാം കുറ്റവാളികളോടു ചോദിക്കുന്നപോലെ നിശിതമായിരുന്നു.

മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ ഒരു തവണ വന്നിരുന്നില്ലേ എന്നു സിഐ ചോദിച്ചപ്പോൾ രാജഗോപാൽ അതു തിരുത്തി.

"പോലീസ് സ്റ്റേഷനിൽ വന്നില്ല. പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലേക്കു കൊണ്ടുപോയി." തുടർന്നു മുരിക്കാശ്ശേരി പോലീസ് കസ്റ്റഡിയിലെടുക്കാനുണ്ടായ കാരണവും പറഞ്ഞു.

"നിങ്ങൾക്ക് പെരിയാർവാലി പള്ളിക്കുടി ഭാഗത്ത് താമസിക്കുന്ന ശേഖരൻകുട്ടിയുമായി എന്താണു ബന്ധം?"

"എനിക്ക് ഒരു ബന്ധവുമില്ല."

"പിന്നെ എന്തിനു നിങ്ങൾ അവിടെ പോയി?"

"വെറുതെ പോയതാ... എന്നെ കൂട്ടിക്കൊണ്ടുപോയ സന്ദീപിന് ശേഖരൻകുട്ടിയെ കാണണമായിരുന്നു."

"സന്ദീപും ശേഖരൻകുട്ടിയുമായി എന്തു ബന്ധം?"

"എന്റെ അറിവിൽ ഒരു ബന്ധവുമില്ല. സന്ദീപ് ജോലിചെയ്യുന്ന പത്രസ്ഥാപനത്തിനുവേണ്ടി ഒരു അന്വേഷണ പരമ്പര തയാറാക്കുന്നുണ്ടായിരുന്നു. അതിന്റെ ചില വിവരങ്ങൾ കളക്ട്ചെയ്യാൻ വേണ്ടി പോയതാ." രാജഗോപാൽ പറഞ്ഞു.

കിഷോർ വാതിൽക്കൽ നിൽക്കുന്നതു കണ്ട് രാജഗോപാൽ അകത്തേക്കു വരാൻ കയ്യാട്ടി.

കിഷോർ അകത്തേക്കു ചെന്നു.

"ഇതാരാണ്?" സിഐ ചോദിച്ചു.

"നെയ്ബറാണ്. ഇദ്ദേഹവും എന്റെകൂടെ പെരിയാർവാലിക്കു വന്നിട്ടുണ്ടായിരുന്നു. സന്ദീപിന്റെ കസിനും കൂടിയാണ്."

"ഇയാള് പുറത്തോട്ടു നിൽക്ക്. ആവശ്യം വരുമ്പോൾ വിളിക്കാം." സാബു വർഗീസ് കിഷോറിനോടു കയർത്തു.

കിഷോർ ഒന്നു സംശയിച്ചു.

"കിച്ചു... നീ അങ്ങോട്ടിരിക്ക്..." രാജഗോപാൽ സോഫ ചൂണ്ടിക്കാട്ടി. "ലക്ഷ്മീ... കിഷോറിനു ചായ."

"അയാളോടു പുറത്തു നിൽക്കാനാ ഞാൻ പറഞ്ഞത്." സിഐ സ്വരം കടുപ്പിച്ചു.

"സാറേ എന്റെ ഗസ്റ്റാ. അത് ഞാൻ നോക്കിക്കോളാം. സാറിന്റെ കസ്റ്റഡീലല്ലല്ലോ ഞാൻ. ഇതു ചോദ്യം ചെയ്യലുമല്ല. ചില വിവരങ്ങൾ അറിയാൻവേണ്ടി എന്നല്ലേ പറഞ്ഞത്." രാജഗോപാൽ ശാന്തനായി പ്രതികരിച്ചു.

"ഞാൻ പുറത്തു നിന്നോളാം അങ്കിളേ. സന്ദുവേട്ടൻ പറഞ്ഞിട്ടാ വന്നത്." കിഷോർ പിന്തിരിയാൻ ഭാവിച്ചു.

"അപ്പോ നീ ഇവിടെ നിക്കണം." രാജഗോപാൽ നിർദേശിച്ചു.

കിഷോർ സോഫയ്ക്കു പിന്നിലായി വന്നു നിന്നു.

"ഇരുപത്തിരണ്ടു വർഷം മുൻപ് കണിയാംപറമ്പിൽ ശേഖരൻകുട്ടി എന്നയാൾ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ ഒരു കംപ്ലൈന്റ് കൊടുത്തിരുന്നതായി ഇന്നത്തെ പത്രത്തിലടിച്ചുവന്ന ലേഖനത്തിൽ പറയുന്നുണ്ട്. സ്റ്റേഷനിൽ അങ്ങനെയൊരു പരാതി കിട്ടിയതായി രേഖയൊന്നുമില്ല. ഞങ്ങൾ ശേഖരൻകുട്ടിയോടു തിരക്കിയപ്പോൾ ആ പരാതിയുടെ ഫോട്ടോകോപ്പി ഇവിടെ ഉണ്ടായിരിക്കുമെന്നു പറഞ്ഞു. ശരിയാണോ?" സിഐ ചോദിച്ചു.

"എനിക്ക് അതേപ്പറ്റി വ്യക്തമായിട്ട് അറിയില്ല." രാജഗോപാൽ പ്രതിവചിച്ചു.

"അത് ഇവിടുണ്ട് സാർ." കിഷോർ പറഞ്ഞു.

"ശേഖരൻകുട്ടിച്ചേട്ടൻ മാളവികയുടെ ചില ബിലോങ്ങിങ്സ് അല്ലിമയെ ഏൽപിച്ചിരുന്നു. അക്കൂട്ടത്തിലുണ്ടാകും."

"നിങ്ങൾക്ക് എങ്ങനെ അറിയാം?"

"അല്ലിമ സന്ദുവേട്ടനോടു പറഞ്ഞിട്ടുണ്ടാരുന്നു."

"എന്നിട്ടും നിങ്ങൾക്കറിയില്ലേ?" സിഐ രാജഗോപാലിനോടു നീരസപ്പെട്ടു.

"സോറി... ഞാനതൊന്നും തിരക്കിയില്ല."

"ആ ഫോട്ടോകോപ്പി എനിക്കൊന്നു കാണണം." സിഐ ആവശ്യപ്പെട്ടു.

"അതു മാത്രമല്ല, നിങ്ങൾ അഡോപ്റ്റ് ചെയ്ത അല്ലിമ എന്ന സ്ത്രീയെയും കാണണം."

രാജഗോപാൽ അല്ലിമയെ വിളിക്കാൻവേണ്ടി മുറിയിലേക്കു പോയപ്പോൾ സാബു വർഗീസ് കിഷോറിനോടു ചോദിച്ചു:

"താൻ ശേഖരൻകുട്ടീടെ വീട്ടിൽ പോയിട്ടുണ്ടോ?"

"അന്നു ഞങ്ങളെല്ലാം ഒന്നിച്ചാ പോയത്."

"താനാണോ ആ പത്രക്കാരന്റെ കൂടെ പോണ്ടിച്ചേരിക്കു പോയ ആൾ?"

"ഞാൻതന്നെ സാറേ..."

"ഓഹോ... അപ്പോ തനിക്ക് കുറേ വിവരങ്ങളറിയാം?"

"അതുകൊണ്ടല്ലേ സാറേ ഞാനിങ്ങോട്ടു വന്നത്."

അല്ലിമയെയും കൂട്ടി രാജഗോപാൽ ഹാളിലേക്ക് എത്തി.

"ഇതാണെന്റെ മോൾ അല്ലിമ."

രാജഗോപാൽ പരിചയപ്പെടുത്തി.

അല്ലിമ സിഐയുടെ നേർക്കു കൈകൂപ്പി.

സിഐ അവളെ അടിമുടി നോക്കി.

"നിങ്ങളുടെ മോളല്ലെന്നല്ലേ ന്യൂസ് പേപ്പറിൽ."

"സാറേ... എനിക്കിത് എന്റെ മൂത്ത മോളാ..."

"ശരി, പരാതിയുടെ കോപ്പി കാണട്ടെ."

അല്ലിമ പരാതിയുടെ ഫോട്ടോകോപ്പി സിഐയുടെ നേർക്കു നീട്ടി.

"ഇത് പുതിയ കോപ്പിയാണല്ലോ."

"അതെ. പഴയ ഫോട്ടോകോപ്പീടെ പുതിയ പ്രിന്റെടുത്തതാ."

"ഞാൻ ചോദിച്ചത് പഴയ കോപ്പിയാണ്."

"അത് സൂക്ഷിച്ചു വെച്ചിരിക്കുവാ... കോടതീൽ ഹാജരാക്കേണ്ടി വന്നാൽ കൊടുക്കാൻ വേണ്ടി."

"കോർട്ടിൽ ഹാജരാക്കണമെങ്കിൽ പോലീസ് ചെയ്തോളും."

"സോറി സാർ... പോലീസ് ഇരുപത്തിരണ്ടു വർഷമായിട്ട് ഒന്നും ചെയ്തിട്ടില്ല. ഇനി ചെയ്യുമോന്ന് സംശയം ഉണ്ട്." അല്ലിമ പറഞ്ഞു.

"ഈ കോപ്പി വേണമെങ്കിൽ സാറിനു തരാം." അല്ലിമയെ രൂക്ഷമായി നോക്കിയിട്ട് തട്ടിപ്പറിക്കുമ്പോലെ ആ പരാതിപ്പകർപ്പ് അയാൾ പിടിച്ചെടുത്തു. അതിലൂടെ ഒന്നു കണ്ണോടിച്ചു.

"ഇരുപത്തിരണ്ടു വർഷം മുൻപ് കാണാതായ മാളവികയുടെ മകളാണ് നീയെന്ന് ഉറപ്പുണ്ടോ നിനക്ക്. എന്തെങ്കിലും തെളിവൊണ്ടോ?"

"ഉറപ്പ്.... എന്റെ മനസ്സിലുള്ള കാര്യമല്ലേ. തെളിവൊന്നും ഇല്ല."

"പ്രസവസമയത്തിനും മാസങ്ങൾക്കു മുൻപേ മാളവിക കൊല്ലപ്പെട്ടിരിക്കാം എന്നാണ് പോലീസിനു കിട്ടിയ വിവരം. പ്രസവിക്കാതെ മരിച്ച മാളവികയ്ക്ക് എങ്ങനെ മകളുണ്ടാകും?"

"അതേപ്പറ്റി എനിക്ക് നല്ല നിശ്ചയമില്ല." അല്ലിമ ഒഴിഞ്ഞുമാറി.

"നിങ്ങൾക്ക് പോണ്ടിച്ചേരിയിൽ വെച്ചു കിട്ടിയ അനാഥക്കുഞ്ഞാണ് അല്ലിമ എന്നല്ലേ പറഞ്ഞത്?"

"അതെ." രാജഗോപാൽ മറുപടി നൽകി.

"ഈ സ്ത്രീയെ പ്രസവിച്ചതു മാളവിക എന്നൊരു സ്ത്രീയാണെന്നതിന് എന്തെങ്കിലും തെളിവുണ്ടോ നിങ്ങളുടെ കൈവശം?"

"ഒരു തെളിവും ഇല്ല. ഒരു പുലർച്ചയ്ക്ക് വീട്ടുവരാന്തയിൽനിന്നു കണ്ടുകിട്ടിയതാണ്."

"നിങ്ങൾ പോണ്ടിച്ചേരി പോലീസിനെ ഏൽപിക്കണമായിരുന്നു. അതാ ചെയ്യേണ്ടിയിരുന്നത്. പകരം അനർഹമായി കൈവശം വെച്ചു. പോണ്ടിച്ചേരിയിൽനിന്നു കടത്തിക്കൊണ്ടു പോന്നു. ആരെയും അറിയിക്കാതെ രഹസ്യമായിവെച്ച് വളർത്തി. ഇതെല്ലാം ക്രിമിനൽ ഒഫൻസാണ്."

"സാഹചര്യങ്ങളെല്ലാം ഞാൻ സാറിനോടു പറഞ്ഞുകഴിഞ്ഞു. പോണ്ടിച്ചേരിയിൽ ചുഴലിക്കാറ്റും വെള്ളപ്പൊക്കവുമായിരുന്നു. പോലീസിൽ അറിയിച്ചു. അവർ മൈൻഡ്ചെയ്തില്ല. കുഞ്ഞിനെ സംരക്ഷിക്കാൻ ഞങ്ങളല്ലാതെ വേറാരുമില്ലാരുന്നു."

"കേരളത്തിലെത്തിയപ്പോൾ നിങ്ങൾ കേരള പോലീസിനെ അറിയിക്കേണ്ടതായിരുന്നു."

"ഞങ്ങൾ കേരളത്തിലേക്കല്ല, കോയമ്പത്തൂരേക്കാണു വന്നത്."

"അവിടത്തെ പോലീസിൽ അറിയിച്ചോ?"

"കോയമ്പത്തൂർ പോലീസിന് എന്തുകാര്യം പോണ്ടിച്ചേരിയിൽനിന്നു ഞങ്ങൾ കൊണ്ടുവന്ന കുഞ്ഞിന്റെ വിഷയത്തിൽ?"

രാജഗോപാൽ ചോദിച്ചു.

"തെരുവിൽനിന്നു കിട്ടിയ ഒരു കുഞ്ഞിനെ സ്വന്തം നിലയ്ക്കു ദത്തെടുക്കുകയും പോലീസിനെയോ ശിശുക്ഷേമ വകുപ്പിനെയോ അതേപ്പറ്റി അറിയിക്കാതിരിക്കുകയും ആ കുഞ്ഞിൽനിന്നും മറ്റ് ബന്ധുമിത്രാദികളിൽനിന്നും സത്യം മറച്ചുവെക്കുകയും ചെയ്തത് കുറ്റകൃത്യം തന്നെയാണ്."

സിഐ സാബു വർഗീസ് താക്കീതിന്റെ സ്വരത്തിൽ പറഞ്ഞു.

"ആയ്ക്കോട്ടെ. അതിന്റെ പേരിൽ എന്തു നിയമ നടപടിയുണ്ടായാലും അതു നേരിടാൻ ഞാൻ തയാറാണ്. സാറിനാണ് അധികാരമെങ്കിൽ സാർ കേസെടുക്കണം."

# നോവൽ

"അത് എന്റെ ഡ്യൂട്ടിയല്ല. ഞാൻ വന്നത്, മാളവികയുടെ മിസ്സിങ് കേസ് അന്വേഷിക്കാനാണ്. അതുമായി നിങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടെന്ന് വിവരം കിട്ടിയതുകൊണ്ടാണ്."

"ഞങ്ങൾക്ക് അതുമായി എന്തു ബന്ധം?"

"മാളവികയുമായി എന്തെങ്കിലും ബന്ധമുള്ളതുകൊണ്ടാണല്ലോ നിങ്ങൾ കണിയാംപറമ്പിൽ ശേഖരൻകുട്ടിയെ കാണാൻ പെരിയാർവാലിക്കു പോയത്. അവിടെനിന്ന് ഒരു സ്യൂട്ട്കെയ്സ് നിങ്ങൾ എടുത്തുകൊണ്ടു പോന്നു എന്നും പോലീസിനു വിവരം കിട്ടി."

"എടുത്തോണ്ടുപോന്നതല്ല സാർ. അവർ എനിക്കു തന്നതാണ്." അല്ലിമ പറഞ്ഞു.

"അത് മാളവിക സൂക്ഷിച്ചിരുന്നതായിരുന്നു എന്നാണ് ശേഖരൻകുട്ടി പറഞ്ഞത്. പോലീസിനെ സംബന്ധിച്ച് അതു തൊണ്ടി സാധനമാണ്."

"ഞങ്ങളത് കട്ടോണ്ടു പോന്നതല്ല." അല്ലിമ ആവർത്തിച്ചു.

"മാളവികയ്ക്ക് എന്തു സംഭവിച്ചു എന്ന് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് അവളുടെ അച്ഛനും സഹോദരനും മുരിക്കാശ്ശേരി പോലീസിൽ പരാതി തന്നിട്ടുണ്ട്. അതിന്റെകൂടെ എസ്പി ഓഫീസിൽനിന്നുള്ള ഉത്തരവും ഉണ്ട്. കേസ് അന്വേഷിക്കുന്ന പോലീസിനെ സംബന്ധിച്ചിട



ത്തോളം അതു തൊണ്ടിമുതലാണ്. ഇവിടെ അതു സൂക്ഷിച്ചിട്ടുണ്ടെങ്കിൽ വിട്ടുതന്നേ പറ്റൂ."

അല്ലിമ അച്ഛനെ നോക്കി.

രാജഗോപാൽ രണ്ടുനിമിഷം സംശയിച്ചു.

അരുതെന്നു കിഷോർ കണ്ണുകാണിച്ചു.

"കേസിലെ തൊണ്ടിമുതൽ കൈവശം വെച്ചോണ്ടിരിക്കാൻ നിങ്ങൾക്കു റൈറ്റില്ല." സാബു വർഗീസ് മുന്നറിയിപ്പ് നൽകി.

"മോളേ... അതെടുത്തോണ്ടു വാ." രാജഗോപാൽ നിർദേശിച്ചു.

അല്ലിമ മുറിയിലേക്കു പോയി.

"അതിൽ പല സാധനങ്ങളുണ്ട്. ഞങ്ങളൊരു ലിസ്റ്റ് തയ്യാറാക്കീട്ടേ വിട്ടുതരൂ. സാറ് കൈപ്പറ്റി രസീത് ഒപ്പിട്ട് തരികേം വേണം." രാജഗോപാൽ പറഞ്ഞു.

അല്ലിമ സ്യൂട്ട്കെയ്സ് കൊണ്ടുവന്നു ടീപ്പോയിൽ വെച്ചു. അതു തുറന്ന് സാബു വർഗീസിനെ കാണിച്ചു.

"മോളേ... അതിലുള്ള സാധനങ്ങളുടെ ഒരു ലിസ്റ്റ് എഴുത്." രാജഗോപാൽ നിർദേശിച്ചു.

"അതിലൊന്നും കൈകൊണ്ടു തൊടാൻ പാടില്ല. മാളവികയുടെ ഫിംഗർപ്രിന്റ് മിസ്സാകാൻ സാധ്യതയുണ്ട്." സിഐ തടഞ്ഞ് പറഞ്ഞു.

"ഞാനിത് ഒരഞ്ഞൂറു തവണ എടുത്ത് തിരിച്ചും മറിച്ചും നോക്കിക്കഴിഞ്ഞു. ഇതിലിപ്പോ എന്റെ ഫിംഗർപ്രിന്റല്ലാതെ വേറൊന്നും കാണില്ല സാർ." അല്ലിമ പറഞ്ഞു.

അവൾ ഓരോ സാധനവുമെടുത്ത് സോഫയിലേക്കു വെച്ചു. രാജഗോപാൽ പേനയും കടലാസും എടുത്തു കൊടുത്തു. അവൾ ലിസ്റ്റ് കുറിക്കാൻ തുടങ്ങി. കിഷോർ മൊബൈൽ ക്യാമറയിൽ പകർത്താൻ ശ്രമിച്ചപ്പോൾ സിഐ തടഞ്ഞു.

"ആരോടു ചോദിച്ചിട്ടാ നിങ്ങൾ തൊണ്ടി സാധനങ്ങളുടെ പടമെടുക്കുന്നെ? അതിനു പോലീസിന്റെ ഫോട്ടോഗ്രാഫർമാരുണ്ട്."

അതോടെ കിഷോർ ക്യാമറ പിൻവലിച്ചു.

ലിസ്റ്റ് പൂർത്തിയാക്കിയശേഷം അല്ലിമ സാധനങ്ങളെല്ലാം സ്യൂട്ട്കേയ്സിൽത്തന്നെ വെച്ചു.

"സാർ ഇതെല്ലാം കൈപ്പറ്റിയതായിട്ട് രസീത് തരണം. ഈ ലിസ്റ്റിൽ സൈൻചെയ്തു തരികേം വേണം."

രാജഗോപാൽ ലിസ്റ്റ് വാങ്ങി സാബു വർഗീസിന്റെ നേരെ നീട്ടി.

"സീൽ ചെയ്യണ്ടേ. രസീത് വേണെങ്കിൽ മുരിക്കാശ്ശേരി സ്റ്റേഷനിൽ വന്നാ മതി."

സാബു വർഗീസ് സ്യൂട്ട്കെയ്സ് കയ്യിലെടുത്തു.

"ഇത് മര്യാദയല്ല സാർ..." രാജഗോപാൽ ഓർമിപ്പിച്ചു.

"താനെന്നെ മര്യാദയൊന്നും പഠിപ്പിക്കണ്ട." പുറത്ത് വീട്ടുവളപ്പിൽ ഏതോ വാഹനം വന്നുനിന്നതിന്റെ ശബ്ദം കേട്ടു. ഡോർ തുറക്കുന്നു അടയ്ക്കുന്നു.

കിഷോർ വാതിൽക്കലേക്കു നീങ്ങി.

"സ്റ്റേഷനിൽ വന്നാ രസീത് തരും."

അത്രയും പറഞ്ഞിട്ട് സാബു വർഗീസ് പിന്തിരിഞ്ഞു. സിറ്റൗട്ടിൽ ഷൂസിന്റെ ചലനശബ്ദം കേൾക്കായി.

"അങ്കിളേ പോലീസ്." കിഷോർ പറഞ്ഞു.

കുന്നത്തുനാട് സിഐ പ്രകാശ് പോളും രണ്ടു പോലീസുകാരും വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു.

"ഇവിടെന്താ ഇടുക്കി പോലീസിന്റെ വണ്ടിയൊക്കെ?" പ്രകാശ് പോൾ വാതിലിനപ്പുറം നിന്ന് ചോദിച്ചു.

"മുരിക്കാശ്ശേരി സ്റ്റേഷനീന്ന് തൊണ്ടിസാധനം എടുക്കാനും ചോദ്യം ചെയ്യാനും വന്നതാ." രാജഗോപാൽ അറിയിച്ചു.

"എന്ത് തൊണ്ടി സാധനം? എന്തു ചോദ്യംചെയ്യൽ? എന്താ പ്രശ്നം?"

"സാർ അകത്തേക്കു വരണം. നേരിട്ട് ചോദിക്കാമല്ലോ." രാജഗോപാൽ ക്ഷണിച്ചു.

പ്രകാശ് പോൾ അകത്തേക്കു കടന്നുവന്നു സാബു വർഗീസിനെ പരിചയപ്പെട്ടു. വിവരങ്ങൾ തിരക്കുന്നതിനിടയിൽ പരിഭവം പ്രകടിപ്പിക്കുകയും ചെയ്തു.

"ഇടുക്കീലെ പോലീസ് കുന്നത്തുനാട്ടിൽ കേസന്വേഷിക്കാനും തൊണ്ടിമുതലെടുക്കാനും വരുമ്പോ അറ്റ്ലീസ്റ്റ് കുന്നത്തുനാട് സ്റ്റേഷനിൽ ഒന്ന് ഇൻഫോം ചെയ്യണ്ടേ സാറെ."

"ബുദ്ധിമുട്ടിക്കണ്ടല്ലോന്നു വിചാരിച്ചാണ്." സാബു വർഗീസ് പറഞ്ഞു.

"തൊണ്ടിസാധനങ്ങൾ ഒരു വീട്ടിൽനിന്ന് എടുത്തോണ്ടു പോകുമ്പോ രസീത് തരണ്ടേ. അത് തന്നില്ല. സാധനങ്ങളുടെ ലിസ്റ്റ് തയാറാക്കീട്ടുണ്ടാരുന്നു. അതിൽ സൈൻ ചെയ്തുമില്ല."

രാജഗോപാൽ ആവലാതിപ്പെട്ടു.

"സാറെ... രസീതായിട്ട് ഒന്നും വേണ്ട. ആ ലിസ്റ്റിലൊള്ള സാധനങ്ങൾ കൈപ്പറ്റിയതായിട്ട് സൈൻ ചെയ്താ മതി." പ്രകാശ് പോൾ പറഞ്ഞു. "സാറത് ടീപ്പോയിലോട്ട് വെച്ചാട്ടെ."

സാബു വർഗീസ് അനിഷ്ടം മുറ്റിയ ഒരു നോട്ടംകൊണ്ടു പ്രകാശ് പോളിനെതിരെ രണ്ടു നിമിഷം ചെറുത്തുനിന്നെങ്കിലും വഴങ്ങുകയല്ലാതെ നിവൃത്തിയില്ലായിരുന്നു.

"ഓരോ സാധനവും എടുത്ത് അതെന്താണെന്നു പറഞ്ഞോണ്ട് ടീപ്പോയിലോട്ട് വെക്കണം ആരെങ്കിലും." പ്രകാശ് പോൾ നിർദേശിച്ചു.

അല്ലിമതന്നെ ആ ചുമതല ഏറ്റെടുത്തു.

"ഒരു വീഡിയോകൂടി എടുത്തോ..."

പ്രകാശ് പോൾ പറഞ്ഞു. കിഷോർ ഉടൻതന്നെ മൊബൈൽ വീഡിയോ ക്യാമറ ഓൺ ചെയ്തു.

അല്ലിമ ഓരോ സാധനവും എടുത്തു ക്യാമറയ്ക്കു നേരെ വിശദമായി കാട്ടി ഒരു ലഘുവിവരണം നൽകി. മാളവികയുടെ ഡയറിയും മറ്റും കാണിക്കുമ്പോൾ അതിലെ പേജുകളൊന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും എഴുത്തുകൾ മാഞ്ഞുപോയിട്ടില്ലെന്നുംകൂടി അവൾ പറഞ്ഞു. ഒടുവിൽ എല്ലാം തിരികെ സ്യൂട്ട്കെയ്സിൽത്തന്നെ അടുക്കി അത് സാബു വർഗീസിനു കൈമാറി. അല്ലിമ തയാറാക്കിയ ലിസ്റ്റ് കണ്ടു ബോധ്യപ്പെട്ട് കൈപ്പറ്റിയതായി സമ്മതിച്ച് സിഐ അതിൽ ഒപ്പിടുകയും ചെയ്തതോടെ കിഷോർ മൊബൈൽ വീഡിയോ ക്യാമറ ഓഫാക്കി.

"എന്തെങ്കിലും ആവശ്യം വന്നാൽ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലേക്കു വിളിപ്പിക്കും. അപ്പോ വരണം."

ക്ഷീണം മറയ്ക്കാനെന്നോണം സാബു വർഗീസ് അല്ലിമയോടും രാജഗോപാലിനോടുമായി പറഞ്ഞു.

"ഞങ്ങളെത്തിക്കോളാം സാർ... ഒരു മടിയുമില്ല." രാജഗോപാൽ സമ്മതിച്ചു.

"ഇറങ്ങട്ടെ മിസ്റ്റർ പ്രകാശ്- ചെയ്ത ഉപകാരം മറക്കില്ല."

"മറക്കരുത്. പിന്നെ, ഈ കേസ് അട്ടിമറിക്കാൻ കൂട്ടുനിൽക്കുകേം ചെയ്യരുത്. തനിക്കതു പ്രോബ്ലമാകുമെന്നു മാത്രമല്ല, ഡിപ്പാർട്മെന്റിനും ക്ഷീണം ചെയ്യും."

"ഓകെ. താങ്ക്യൂ."

സാബു വർഗീസ് യാത്രപറഞ്ഞ് പോലീസ് വണ്ടിയിൽ കയറിപ്പോയി.

"ഞാനിവിടെ വന്നത് എസ്പി സാർ പറഞ്ഞിട്ടാ. നിങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നൊണ്ടോ എന്ന് അന്വേഷിക്കാൻ പറഞ്ഞു. ആരുടെയെങ്കിലും അനാവശ്യ ഇടപെടലോ ഫോണിൽകൂടിയുള്ള ഭീഷണിയോ എന്തെങ്കിലും ഉണ്ടെങ്കിൽ അറിയിക്കണം. നിങ്ങളുടെ മകൾ ഒറ്റയ്ക്കു പുറത്തുപോകാൻ പാടില്ല. പുറത്തുപോകുമ്പോൾ പോലീസിനെ അറിയിക്കണം. പിന്നെ ഈ ഹൗസിങ് കോളനിയിൽ രണ്ടു ബീറ്റ് പോലീസുകാരെയും വെച്ചിട്ടുണ്ട്. എല്ലാം എസ്പി സാറിന്റെ ഓർഡറാ."

പ്രകാശ് പോൾ പറഞ്ഞു.

"താങ്ക്യൂ സാർ." രാജഗോപാൽ നന്ദി അറിയിച്ചു.

"പറഞ്ഞതെല്ലാം ഓർമയുണ്ടല്ലോ. ഞാൻ വന്ന സമയം എന്തായാലും നന്നായി. അപ്പോ നിങ്ങൾ ഒരു ഡിമാൻഡ് എഴുതിത്തരണം മിസ് അല്ലിമ. പെട്ടെന്നുണ്ടായ ചില പ്രത്യേക സാഹചര്യങ്ങൾ കാരണം പോലീസ് പ്രൊട്ടക്ഷൻ വേണമെന്ന്. അതിനാണ് വിക്രമൻ സാർ എന്നെ ഇങ്ങോട്ടയച്ചിരിക്കുന്നത്."

"മോളെ, ഇദ്ദേഹം പറയുന്നപോലെ നീയത് ഡ്രാഫ്റ്റ് ചെയ്തു കൊടുക്ക്." രാജഗോപാൽ നിർദേശിച്ചു.

അല്ലിമ സമ്മതിച്ചു തലയാട്ടി.

***   ***   ***

അന്വേഷണ പരമ്പരയുടെ അവസാന ലേഖനവും പുറത്തു വന്നതോടെ കല്ലാറ്റുപടിക്കലും മാങ്ങോട്ടുശ്ശേരിയിലും ഫോൺ കോളുകളുടെ പ്രവാഹമായിരുന്നു. രണ്ടു തറവാടുകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന അടുത്ത ബന്ധുക്കൾ മുതൽ നാനാദേശങ്ങളിലേക്കു പടർന്നു പന്തലിച്ചു പോയ അകന്ന ബന്ധുജനങ്ങൾ വരെ.

മല്ലിക സംശയങ്ങൾ നിറഞ്ഞ ചോദ്യങ്ങളിൽ ഭർത്താവിനെയും മകനെയും ശ്വാസം മുട്ടിച്ചപ്പോൾ അവർ രണ്ടുപേരും കല്ലാറ്റുപടിക്കലെത്തി. ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും അങ്കലാപ്പിലായിരുന്നു.

കല്ലാറ്റുപടിക്കൽ, അവരെക്കാൾ അസ്വസ്ഥരായിരുന്നു ബാലകൃഷ്ണമേനോനും ഹേമചന്ദ്രനും. വലിയ തിരിച്ചടി വരാൻ പോവുകയാണെന്ന് ജഗന്നാഥക്കുറുപ്പ് ഭയപ്പെട്ടു. ഹേമചന്ദ്രന്റെ മുഖത്തിനേറ്റ പരുക്ക് ഭേദമായി വരുന്നതേയുള്ളൂ.

"ഈ ഫോൺകോളുകളും അന്വേഷണോം ഒക്കെ രണ്ടു ദിവസത്തേക്കേ കാണൂ. അതു കഴിയുമ്പോ ആളുകളിതൊക്കെ മറക്കും. അവർക്കു പുതിയ വിഷയം കിട്ടും."

ഹേമചന്ദ്രൻ എല്ലാവരേയും ഒന്നു തണുപ്പിക്കാൻവേണ്ടി പറഞ്ഞു.

"പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങിയല്ലോ. മുരിക്കാശ്ശേരി പോലീസിന് എസ്പി ഓഫിസീന്ന് പ്രഷറൊണ്ട്. പീരുമേട് പോലീസിനും പെരുവന്താനം പോലീസിനും വെറുതെയിരിക്കാൻ പറ്റ്വോ?" ഹരീന്ദ്രൻ ചോദിച്ചു.

"അവരന്വേഷിക്കട്ടെ. നമുക്ക് ഒന്നും അറിയില്ല. ചന്ദ്രബാബുവിനെ നമ്മുടെ കയ്യിൽ ആരെങ്കിലും ഏൽപിച്ചിട്ടുണ്ടായിരുന്നോ? മാളുവിനെക്കുറിച്ചും നമുക്ക് ഒന്നും അറിയില്ല."

"നമ്മൾ ഇവിടിരുന്നു പറയുന്നപോലെയാണോ പോലീസിന്റെ അന്വേഷണം വരുമ്പോ?" ജഗന്നാഥക്കുറുപ്പ് ആശങ്ക പൂണ്ടു.

"തെളിവെന്തെങ്കിലുമൊണ്ടോ, ഇരുപത്തിരണ്ടു വർഷം മുമ്പത്തെ കാര്യങ്ങൾക്ക്? ഹേമചന്ദ്രൻ ചോദിച്ചു."

(ശേഷം 30-ാം പേജിൽ)

# സിദ്ധാർത്ഥന്റെ മരണം: പ്രാഥമിക കുറ്റപത്രം സമർപ്പിച്ചു



കൊച്ചി: വയനാട് പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥൻ മരിച്ച കേസിൽ സിബിഐ പ്രാഥമിക കുറ്റപത്രം സമർപ്പിച്ചു.

പോലീസ് രജിസ്റ്റർ ചെയ്ത എഫ്ഐആറിലുള്ള 20 പ്രതികളെ നിലനിർത്തിയാണ് അന്വേഷണസംഘം എറണാകുളം സിജെഎം കോടതിയിൽ പ്രാഥമിക കുറ്റപത്രം സമർപ്പിച്ചത്. കേസിലെ ഒരു പ്രതിക്കെതിരെ അന്വേഷണം തുടരുന്നുണ്ട്. കഴിഞ്ഞ ആറിനാണ് സിബിഐ അന്വേഷണം ഏറ്റെടുത്തത്.

റിമാൻഡിലുള്ള പ്രതികൾക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നത് തടയാനാണ് സിബിഐ പ്രാഥമിക കുറ്റപത്രം സമർപ്പിച്ചത്. എസ്പി എം. സുന്ദർവേലാണ് അന്വേഷണോദ്യോഗസ്ഥൻ. ഗൂഢാലോചനാ കേസിൽ അന്വേഷണം തുടരും.

സംഭവത്തിൽ കൊലക്കുറ്റം ഇതുവരെ തെളിയാത്ത സാഹചര്യത്തിൽ കുറ്റപത്രം വൈകിയാൽ 60 ദിവസം പിന്നിടുമ്പോൾ റിമാൻഡിലുള്ള മുഴുവൻ പ്രതികൾക്കും ജാമ്യം ലഭിക്കും. ഏഴു പ്രതികളുടെ ജാമ്യാപേക്ഷ കോടതിയുടെ പരിഗണനയിലാണ്.

ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രതികൾ ജാമ്യത്തിലിറങ്ങിയാൽ തെളിവുകൾ നശിപ്പിക്കാൻ സാധ്യതയുണ്ട്.

തുടരന്വേഷണത്തിൽ കൊലക്കുറ്റം തെളിഞ്ഞാൽ കുറ്റപത്രം പുതുക്കി സമർപ്പിക്കാനാണ് സംഘത്തിനു ലഭിച്ച നിയമോപദേശം. അന്വേഷണത്തിൽ കൂടുതൽ പേർക്കെതിരെ തെളിവു ലഭിച്ചാൽ പ്രതിപ്പട്ടികയും പുതുക്കും.

## നോവൽ

(29-ാം പേജിൽ നിന്നും)

"തെളിവൊണ്ടല്ലോ. ഒന്നാന്തരം തെളിവല്ലേ മാളുവിന്റെ മകളാണെന്നു പറയുന്ന ആ പെണ്ണ്." ഹരീന്ദ്രൻ തർക്കിച്ചു.

"വെറുതേ പറഞ്ഞാ മതിയോ മാളുവിന്റെ മകളാണെന്ന്. എവിഡൻസ് വേണം. അവരെങ്ങനെ തെളിയിക്കും?"

"ഹേമചന്ദ്രാ.... മാളുവിനെ നമ്മൾ പോണ്ടിച്ചേയിൽ കൊണ്ടുപോയെന്നും അവൾ അവിടെവച്ച് പ്രസവിച്ചെന്നുമൊക്കെ അവർ കണ്ടുപിടിച്ചല്ലോ."

"മാളു പോണ്ടിച്ചേരീൽവച്ച് പ്രസവിക്കുകോ കുഞ്ഞിനെ കളയുകയോ ചെയ്തിട്ടുണ്ടെങ്കി നമ്മളാരും അതിനുത്തരവാദികളല്ല. ചന്ദ്രബാബുവിന്റെ തന്തോം തള്ളേം അനിയനും അതിനുത്തരം പറഞ്ഞോളും." ഹേമചന്ദ്രൻ നിസ്സാരമട്ടിൽ പറഞ്ഞു. "നമ്മളങ്ങോട്ടുകേറി അതൊന്നുംഏറ്റെടുക്കണ്ട. പോലീസ് ചോദിച്ചാ നമുക്ക് ഒന്നും അറിയില്ല. അത്രതന്നെ." ഹേമചന്ദ്രന്റെ ഫോൺ റിങ് ചെയ്യുന്നുണ്ടായിരുന്നു.

"വൺ മിനിറ്റ്." അയാൾ ഫോണെടുത്തുകൊണ്ട് അൽപം നടന്നു നീങ്ങി.

"ഹലോ.... സാബു...."

"സാറെ ഞാൻ എറണാകുളത്തുന്ന് തിരിച്ചു പോകുന്ന വഴിയാ."

"പോയിട്ടെന്തായെടോ?"

"അവർ കൊണ്ടുപോയ സ്യൂട്ട്കെയ്സ് കിട്ടി. പക്ഷേ, അതിനകത്തുള്ള വസ്തുവകകളെല്ലാം റെക്കോർഡിക്കലാക്കീട്ടാ അവർ തന്നത്." തുടർന്നുള്ള വിവരണങ്ങൾ ഹേമചന്ദ്രൻ മൂളിമൂളി കേട്ടു.

"അപ്പോ ആലുവാ റൂറൽ എസ്പി അവർക്ക് സ്ട്രോങ് സപ്പോർട്ടാണ്, അല്ലേ?"

"അതെ സാർ. ആ പെൺകുട്ടി അതിന്റെ അമ്മയെ വിട്ടുകിട്ടണമെന്നു പറഞ്ഞു കോടതിയെ സമീപിച്ചാൽ നമുക്കെന്തു ചെയ്യാൻ പറ്റും?"

"അങ്ങനത്തെ കേസൊന്നും നിലനിൽക്കില്ലെടോ. അവൾടെ അമ്മ ശ്രീലക്ഷ്മി എന്ന സ്ത്രീയാണെന്നാ അവളെ സംബന്ധിച്ച എല്ലാ രേഖകളിലും ഉള്ളത്. മറിച്ച് തെളിയിക്കാൻ സോളിഡ് എവിടൻസ് വേണം. കോടതീൽ പോയാ അവരു തോറ്റ് തുന്നം പാടും."

"സാറേ.... ഡിഎൻഎ ടെസ്റ്റ്?"

"നടത്തട്ടെ. മാളുവിന്റെ മകളാണെന്നു തെളിയിക്കട്ടെ. അപ്പഴും നിങ്ങൾക്കെന്താ പ്രശ്നം?"

"എനിക്ക് മുകളീന്ന് കർശനമായ ഉത്തരവ് കിട്ടീട്ടുണ്ട്. എല്ലാം കിറുകൃത്യമായിട്ട് അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കണമെന്ന്."

"എസ്പിക്കല്ലേ? താൻ കൊടുത്തോ. അതിന്റെ അവസാനം ഒരു വരി എഴുതി ഇട്ടേക്കണം. മാളുവിനെ അവളുടെ അച്ഛനും സഹോദരനും മറ്റ് ചിലരും കൂടി ഇരുപത്തിരണ്ടു വർഷം മുൻപ് പെരിയാർവാലിയിലെ വീട്ടിൽനിന്നു കൂട്ടിക്കൊണ്ടു പോയതായി കണിയാംപറമ്പിൽ ശേഖരൻകുട്ടിയും ഭാര്യയും മകനും പറയുന്നുണ്ടെങ്കിലും അതു സത്യമാണെന്നു വിശ്വസിക്കാൻ പറ്റിയ തെളിവുകളൊന്നും കിട്ടിയിട്ടില്ലെന്ന്."

"ഓക്കെ. അങ്ങനെചെയ്യാം സാർ."

"തന്റെ ട്രാൻസ്ഫർ വിഷയം എന്റെ മനസ്സിലൊണ്ട്."

"താങ്ക്യൂ സാർ."

"ശരിയെടോ. എനിക്കു വേറൊരു കോൾ വരുന്നുണ്ട്. കട്ട് ചെയ്തേക്ക്."

ഹേമചന്ദ്രൻ അടുത്ത കോൾ എടുത്തു.

"ഹലോ പറഞ്ഞോളൂ...."

"സാർ.... സ്റ്റേഷനീന്നാ. ജെയിംസ് കുര്യൻ."

"മനസ്സിലായി, പറഞ്ഞോ."

"ആ പത്രക്കാരൻ സന്ദീപും ജാമ്യത്തിലിറങ്ങിയ അനിബാബുവും മണിമല ടൗണിലും പരിസരങ്ങളിലും കറങ്ങുന്നുണ്ട്. ഞാനെന്തെങ്കിലും ചെയ്യണോ?"

"അവർ എവിടെയൊക്കെ പോകുന്നുണ്ടെന്ന് തിരക്കിയാ മതി. നേരിട്ട് ഇടപെടണ്ട, അവനു മുകളീന്ന് പോലീസ് സപ്പോർട്ടുണ്ട്."

"അവർ രണ്ടുപേരുംകൂടെ കിഴക്കേപ്പാറ റോഡിൽ വാട്ടർ ടാങ്കിനടുത്തുള്ള കണിയാംപറമ്പു ജംങ്ക്ഷനിൽ പോയിട്ടുണ്ടായിരുന്നു. അത് ശേഖരൻകുട്ടീടെ വീടിരുന്ന സ്ഥലമാ...."

"അനിബാബുവിന് അവിടെ ചില ആളുകളെയൊക്കെ അറിയാം. അവരുമായി സംസാരിച്ചിട്ട് ടൗണിലേക്കു തിരിച്ചു വന്നു പത്ര ഏജന്റിന്റെ കടയിൽ കയറി. പിന്നെ പഴയപാലം കടന്ന് അക്കരയ്ക്കു പോയി."

"ഇപ്പോ അവരെവിടൊണ്ട്?"

"പള്ളിപ്പടി പാലത്തിനക്കരെ പുറമ്പോക്കിൽ താമസിക്കുന്ന പൊന്നൻ എന്നൊരു തെങ്ങുകയറ്റക്കാരന്റെ വീട്ടിലൊണ്ട്. മഫ്ത്തീലൊരു സിപിഒ ഒരു ബൈക്കിൽ അവരെ ഫോളോ ചെയ്യുന്നുണ്ടായിരുന്നു."

"പൊന്നൻ.... അയാളെ ഞങ്ങൾക്കറിയാം.... ഈ പ്രദേശത്തൊക്കെ തെങ്ങുകയറിക്കൊണ്ടിരുന്ന ആളാ.... ഇവിടേം സ്ഥിരമായിട്ട് അയാളാ തേങ്ങയിട്ടോണ്ടിരുന്നത്..... ഇപ്പോ അയാള് വയ്യാതെ പണിക്കു പോകാറില്ലല്ലോ...."

"ഇത്രേ അറിയൂ. കൂടുതലൊന്നും അറിയില്ല സാറെ."

"എന്തായാലും അവരെ വാച്ച് ചെയ്തോ. ഞാൻ പിന്നെ വിളിക്കാം."

ഹേമചന്ദ്രൻ കോൾ കട്ട് ചെയ്ത് നെറ്റി ചുളിച്ച് ചിന്തയിലാണ്ടു. 'പൊന്നൻ' എന്ന് ഒരു തവണ പിറുപിറുക്കുകയും ചെയ്തു.

*** *** ***

പൊന്നൻ ഒരുവിധം ഫിറ്റായിക്കഴിഞ്ഞു.

കഥ പറയുന്നതിനിടയ്ക്ക് അനിബാബു മുപ്പതു-നാൽപതു മില്ലി വീതം ഗ്ലാസിലൊഴിച്ച് വെള്ളം ചേർത്തു കൊടുക്കുന്നുണ്ട്.

"സാറേ.... ഇത്രേക്കയേ ഒള്ളു കല്ലാറ്റുപടിക്കലെ ചരിത്രം. ഞാ എന്റെ ചെർപ്പം മൊതല് കാണണതല്ലേ. പയങ്കര പത്രാസും കാശും അല്ലാരുന്നോ. എന്നതാരുന്ന് ഒരു കാലത്ത്. പണ്ട് ആനയൊണ്ടാരുന്ന്. കാലം മാറിയപ്പം ബെസും കാറും ലോറീം. അന്നുകാലത്ത് കല്ലാറ്റ്പടിക്കാര് കഴിഞ്ഞോ മണിമലേ പണക്കാരൊള്ള്, ഈ എഴുപത്താറ് വയസ്സിനെടക്ക് അവിടെത്തറ പേര് ജനിച്ച്, എത്തറ പേര് മരിച്ച്.... എത്തറ കല്ലാണങ്ങള് നടന്ന്. സാറേ, അവടെ എന്തിന് പന്തലിട്ടാലും പൊന്നനും കെട്ടിയോക്കും ഊണൊണ്ട്. മക്കക്ക് പൊതീം കെട്ടിക്കൊണ്ടാ തിര്യെ പോരണത്. എന്റച്ഛന്റെ കാലംതൊട്ടേ ഞാള് കല്ലാറ്റ്പടിക്കലെ തെങ്ങുകയറ്റക്കാരാ."

പൊന്നൻ ഉഗ്രൻ ഫോമിലായി.

"പൊന്നൻചേട്ടൻ ഒന്നൂടെ ആലോചിച്ചു നോക്കിക്കേ.... കുപ്പി ഒരെണ്ണം കാറേലിരിപ്പൊണ്ട്. അതുംകൂടെ തന്നിട്ടേ ഞങ്ങള് പോകത്തൊള്ളൂ." അനിബാബു പറഞ്ഞു.

പൊന്നന്റെ കണ്ണിൽ മിന്നാമിനുങ്ങിന്റെ വെട്ടം തെളിഞ്ഞു.

"ഇനി എന്നാ പറയാനാ.... എനിക്കോർമ്മയൊള്ളതൊക്കെ പറഞ്ഞല്ലോ."

മൂന്നു മണിക്കൂറോളമായി സംസാരം തുടങ്ങീട്ട്. അനിബാബുവും സന്ദീപുംകൂടി നിർബന്ധിച്ചപ്പോ പൊന്നൻ വീണ്ടും ഓർമകളുടെ പെരുങ്കയത്തിൽ ഒന്നുകൂടി മുങ്ങിത്തപ്പി.

"ഞ്ഞിയൊരു സമ്പവംന്നു വച്ചാ കല്ലാറ്റ് പടിക്കലെ ഒരു പോത്ത് കുരുങ്ങി ച്ചത്തതാ. അതക്ക എന്നാ പറയാനാ."

"പോത്തെങ്ങനെ ചത്തു?" സന്ദീപ് ചോദിച്ചു.

"ഇടിവെട്ടിച്ചത്തെന്നാ കേട്ടത്. മണ്ണുന്തീടെ എത്രോം കൊണ്ടുവന്ന് കുഴിയെടുത്തിട്ടാ വെട്ടിമൂടീത്."

"അത് എത്ര വർഷം മുൻപാ?"

"പത്തിരുപതു കൊല്ലമായിക്കാണും. ആറ്റെറമ്പിലാ കുഴിച്ചിട്ടെ. അയിന്റ മേലെ ഒരു തൈ വെച്ചേക്കാംപറഞ്ഞ് എന്റടുത്ത്. ഞായെരു പതിനെട്ടാംമാത്തി വച്ചു." സന്ദീപ് വർഷത്തിന്റെ കണക്ക് ഒന്നുകൂടി ചോദിച്ചപ്പോൾ പൊന്നൻ മനക്കണക്ക് കൂട്ടി.

"ഇരുപത്തിരണ്ട് കൊല്ലം കഴിഞ്ഞു സാറേ. അയിന്റെ രണ്ടീസം മുന്നേയാ എന്റെ എളേമോള് കണ്ണപ്പനെ പെറ്റത്. പൊന്നൻ കണ്ണപ്പന്റെ പ്രായം ഓർത്ത് ഉറപ്പിച്ചു."

ഇരുപത്തിരണ്ടു വർഷം.

(തുടരും)

## ഷൈനിങ് സ്റ്റാർ ബഹുമതി

(19-ാം പേജിൽനിന്നും)

ലത്തീൻ കത്തോലിക്കാ കമ്യൂണിറ്റിയിൽ പ്രവർത്തിക്കുമ്പോഴും ജോണി ഔവർ ലേഡി ഓഫ് ദി സ്നോസ് സ്കൂൾ കൗൺസിലിലും പള്ളിയുടെ 75-ാം വാർഷിക കമ്മിറ്റിയിലും പ്രവർത്തിച്ചിരുന്നു. എല്ലാവർഷവും ഏകദേശം എണ്ണൂറോളം മലയാളികളെ ആകർഷിക്കുന്ന സെയിന്റ് അൽഫോൻസാ ആഘോഷ കമ്മിറ്റിയിലും ജോണി നേതൃസ്വഭാവത്തോടെ പ്രവർത്തിച്ചുവരുന്നു. ആരോടും എളിമയോടും വിനീതമായും പുഞ്ചിരിയോടും മാത്രം സമീപിക്കുന്ന ജോണി തന്നാൽ കഴിയുന്ന സഹായം ആർക്കും ചെയ്യാനുള്ള മനോഭാവക്കാരനാണ്.

ഒരു കംപ്യൂട്ടർ അനലിസ്റ്റായ ജോണി കുര്യൻ നോർത്ത് വെൽ ഹെൽത്ത് സിസ്റ്റത്തിൽ നേഴ്സ് പ്രാക്ടീഷണർ ലീലയോടൊപ്പം ന്യൂ ഹൈഡ് പാർക്കിൽ താമസിക്കുന്നു. മക്കൾ: ജേസൺ കുര്യൻ സോഫ്റ്റ്‌വെയർ എൻജിനീയറും ആൻഡ്രൂ കോളജിൽ രണ്ടാം വർഷ വിദ്യാർത്ഥിയുമാണ്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
USA WEEKLY NEWS
KAIRALI THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**